# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 07 - 2016

വാല്യം - 12 | ലക്കം: 7 | ജൂലൈ 2016 | Price Rs. 10/- | Annual Subscription RS. 100/-


# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ പ്രതിക്ഷേധം ശക്തമാകുന്നു

**◆ ജൂൺ 14-ന് നടക്കേണ്ടിയിരുന്ന പ്രിഫ്രൻസ് തടയപ്പെട്ടു ◆ സീയോൻ കുന്നിൽ പോലീസ് സന്നാഹം ◆ ഏഷ്യൻ സൂപ്രണ്ട് കെൻ ആൻഡേഴ്സനെ കൗൺസിലിൽ ഇരിക്കുന്നതിൽ നിന്ന് പോലീസ് തടഞ്ഞു ◆സംരക്ഷിക്കേണ്ടവർ തന്നെ പരാതി കൊടുത്തു ◆ ശുശ്രൂഷകൻമാരുടെ അവകാശം ലംഘിക്കപ്പെട്ടു**

**മുളക്കുഴ:** 2016 ജൂൺ 14-ാം തീയതി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ പ്രിഫ്രൻസ് ബാലറ്റ് നടത്തുന്നതിൽ തടസ്സം സൃഷ്ടിച്ചവർക്കെതിരെയാണ് പ്രതിഷേധം ശക്തമാകുന്നത്. 2016 ജൂൺ 14 ന് പ്രിഫ്രൻസ് ബാലറ്റ് നടക്കത്തക്കനിലയിൽ സൂപ്രണ്ട് സഭാ ഓഫീസിൽ വിവരം അറിയിച്ചു എങ്കിലും വളരെ താമസിച്ചാണ് പാസ്റ്റേഴ്സിനെ വിവരം അറിയിച്ചത്. പ്രിഫ്രൻസ് നടത്തുവാൻ ചുമതല ഏല്പിക്കപ്പെട്ട പാസ്റ്റർ പ്രിഫ്രൻസ് നടക്കുവാൻ അല്പം മണിക്കൂർ മാത്രം ശേഷിച്ചിരിക്കെ തൽസ്ഥാനം രാജി വെച്ചു. അതിൽ ദുരൂഹത ഉണ്ടെന്ന് ശുശ്രൂഷകന്മാർ വിലയിരുത്തുന്നു. വിശ്വാസികളുടെ വോട്ടവകാശം സംബന്ധിച്ച് സ്റ്റേറ്റ് കൗൺസിൽ ഗവേണിംഗ് ബോഡിയിൽ നല്കിയ ശുപാർശ ചർച്ച ചെയ്യുന്നതിന് മുൻപ് കോടതിയിൽ കേസ് കൊടുക്കുകയും പ്രീഫ്രൻസ് തടയുവാൻ സ്റ്റേറ്റ് ഹെഡ്കോർട്ടേഴ്സിൽ പോലീസ് സംഘത്തെ വരുത്തിയതും പോലീസ്, വിദേശ മിഷനറിയെ സീയോൻകുന്നിൽ നിന്നും പറഞ്ഞുവിട്ടതും, ദൗത്യ നിർവഹണം നടത്തുവാൻ കഴിയാതെ സൂപ്രണ്ട് കണ്ണനീരോടെ സീയോൻ കുന്ന് വിട്ട് പോയതുമായ സംഭവമാണ് പ്രതിഷേധത്തിന് ഇടയാക്കിയത്. സഭാ നേതൃത്വത്തിന്റെ അറിവോടും, സമ്മതത്തോടും കൂടിയാണ് ചില സഹോദരന്മാർ പോലീസ് സംഘത്തെ സഭാ കോമ്പൗണ്ടിൽ കൂട്ടിക്കൊണ്ട് വന്നതെന്നും സഭാ ഓഫീസിൽ നിന്നാണ് അതിന്റെ ചെലവ് വഹിച്ചതെന്നും വിശ്വസനീയമായ നിലയിൽ പൊതുവേ സംസാരമുണ്ട്. നേതൃത്വം അനുവദിക്കാതെ പോലീസ് സംഘം സഭാ ഓഫീസിൽ കയറുകയില്ല. കൗൺസിൽ മുറിയിൽ കൗൺസിൽ അംഗങ്ങളുമായി സംസാരിക്കുവാൻ സൂപ്രണ്ട് ഇരിക്കുമ്പോൾ നേതൃത്വത്തിന്റെ അനുവാദം ഇല്ലാതെ കൗൺസിൽ മുറിയിലും ഓഫീസിനകത്തും പോലീസ് കയറുകയില്ല എന്ന് പോലീസ് ഓഫീസർ അന്വേഷണം നടത്തിയവരോട് പറഞ്ഞു.


അടുത്ത സ്റ്റേറ്റ് ഓവർസീയറെ തെരഞ്ഞെടുക്കുവാനുള്ള പാസ്റ്റേഴ്സിന്റെ അവകാശമാണ് കഴിഞ്ഞ രണ്ടു വർഷം മുൻപും ഇപ്പോഴും സഭാ നേതൃത്വം നഷ്ടപ്പെടുത്തിയത്. സ്റ്റേറ്റ് ഓവർസീയറെ തെരഞ്ഞെടുക്കുന്ന പ്രിഫ്രൻസ് ബാലറ്റ് പാസ്റ്റേഴ്സിൽ നിന്നോ അല്ലെങ്കിൽ സ്റ്റേറ്റ് കൗൺസിൽ നിന്നോ ആകാം. അതനുസരിച്ച് സ്റ്റേറ്റ് കൗൺസിൽ പ്രിഫ്രൻസ് അവരവരുടെ ഇ-മെയിൽ ഐഡിയിൽ നിന്ന് അയ്ക്കുവാനാണ് ഉത്തരവാദിത്വപ്പെട്ട സ്ഥാനത്ത് നിന്ന് അറിയിച്ചിരിക്കുന്നത്. സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ ശുശ്രൂഷകന്മാരുടെ പ്രതിനിധികൾ ആകയാൽ ഭൂരിപക്ഷം കൗൺസിൽ അംഗങ്ങൾ രഹസ്യബാലറ്റിൽ കൂടി വോട്ടു ചെയ്താൽ മതിയാകും. പ്രിഫ്രൻസ് നടക്കാതെ പോയത് സൂപ്രണ്ടിന്റെയോ വേൾഡ്മിഷന്റെയോ കുഴപ്പമല്ല. ഇവിടെയുള്ളവർ മനപൂർവ്വം കരുതികൂട്ടി അലമ്പിയതാണ്. അതിന് വേൾഡ് മിഷനെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ഇനി വേൾഡ് മിഷൻ പുതിയതായി ആരെ നിയമിക്കുന്നുവോ ആ ദൈവദാസനെ ഓവർസിയർ ആയി ഞങ്ങൾ സ്വീകരിക്കും എന്നാണ് ഭൂരിപക്ഷം ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും പക്ഷം. തെറ്റായ നടപടികൾ ദൈവകൃപ വിട്ടു ചെയ്തിട്ട് വീണ്ടും പ്രിഫ്രൻസ് നടത്തണമെന്നും ഞങ്ങൾക്ക് തെറ്റിപ്പോയി ക്ഷമിക്കണമെന്നും സൂപ്രണ്ടിനെ അറിയിച്ചവർ ചെയ്ത തെറ്റിന് അധികം വില കൊടുക്കേണ്ടി വരും എന്നാണ് ശുശ്രൂഷകന്മാരുടെ അഭിപ്രായം. വേൾഡ് മിഷൻ ഡയറക്ടർ അറിയച്ചതനുസരിച്ച് ഡിസ്ട്രിക്ട് പാസ്റ്റേഴ്സിന്റെ ഒപ്പ് ശേഖരണം വെള്ളപേപ്പറിൽ സ്വീകരിച്ച് എന്താണ് എഴുതി ചേർക്കുന്നത് എന്നതിൽ സംശയിക്കേണ്ടിയിരിക്കുന്നു. ഒപ്പിട്ടവർ വളരെ ആശങ്കയിലാണ് എന്നറിയുന്നു. സൂപ്രണ്ടിനെ മറികടന്ന് വേൾഡ് മിഷൻ ഡയറക്ടർ ഒന്നിനും തയ്യാറാകുകയില്ല എന്ന സത്യം അറിയാവുന്നവർ ഒപ്പിട്ടിട്ടില്ല എന്നും പരക്കെ സംസാരമുണ്ട്. എഴുതിയിരിക്കുന്ന മാറ്റർ വായിക്കാതെ ഒപ്പിട്ടവർ അബദ്ധത്തിലാണ് എന്നാണ് സീനിയർ പാസ്റ്റേഴ്സ് പറയുന്നത്. ഇവിടെ പ്രിഫ്രൻസ് ബാലറ്റ് തടഞ്ഞത് പാസ്റ്റേഴ്സ് അല്ല. ചെറിയകൂട്ടം വിശ്വാസികളാണ്. അവർ തന്നെ അതിന് പരിഹാരം വരുത്തണം. കെട്ടിയവർ തന്നെ കെട്ടഴിക്കണം. വിശ്വാസികളിൽ ചിലർ കെട്ട് കെട്ടിയിട്ട് പാസ്റ്റേഴ്സ് കെട്ടഴിക്കുവാൻ ഒപ്പിടണം എന്ന് പറയുന്നതിന്റെ ന്യായം ഞങ്ങൾക്ക് മനസ്സിലാകുന്നില്ല എന്നാണ് പാസ്റ്റേഴ്സിന്റെ അഭിപ്രായം. സ്റ്റേറ്റ് കൗൺസിലിന്റെ ഭൂരിപക്ഷം മാത്രമേ വേൾഡ് മിഷൻ അംഗീകരിക്കുകയുള്ളൂ എന്ന് സീനിയർ പാസ്റ്റേഴ്സിന് അറിയാം.


പ്രിഫ്രൻസ് സ്റ്റേ ചെയ്യുക എന്ന ഉദ്ദേശം നടക്കാതെയും സഭയുടെ തെരഞ്ഞെടുപ്പിന് കോടതി ഇടപെടുകയില്ല എന്നും വന്നപ്പോൾ

(ശേഷം പേജ് 5)

## ചർച്ച് ഓഫ് ഗോഡ് ദേശീയസമ്മേളനം ഒരുക്കങ്ങൾ പൂർത്തിയായി


ഡോ. സാംകുട്ടി വർഗീസ്


പാസ്റ്റർ സന്തോഷ് പൊടിമല


സാം മാത്യു


ജോഷ്വാ ജോസഫ്


പാസ്റ്റർ സിസിൽ മാത്യു


**റ്റൊറന്റോ:** നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് 21-ാമതു ദേശീയ സമ്മേളനം ജൂലൈ 14-17 വരെ റ്റൊറന്റോ ഇന്റർനാഷണൽ എയർപോർട്ടിനു സമീപമുള്ള ഹോളിഡേ ഇന്നിൽ നടക്കും. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ബന്ധപ്പെട്ടവർ അറിയിച്ചു.

മുതിർന്നവർ, യുവാക്കൾ, കുട്ടികൾ എന്നിവർക്കു പ്രത്യേകം മീറ്റിങ്ങുകൾ ഉണ്ട്. സഹോദരിമാരുടെ സമ്മേളനം, എഴുത്തുകാരുടെ കൂട്ടായ്മ, സ്പോർട്സ് എന്നിവയും സമ്മേളനത്തിന്റെ പ്രത്യേകതയാണ്. മലയാളത്തിലും ഇംഗ്ലീഷിലുമായി പ്രസംഗകരുടെ വലിയ നി

(ശേഷം പേജ് 3)

## പിസിനാക്ക് 2016 : പ്രൗഢഗംഭീരമായ തുടക്കം






**34-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് റവ. ഷാജി കെ. ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്നു. കോൺഫ്രൻസിൽ ചർച്ച് ഓഫ് ഗോഡ് കർണാടക റീജിയൻ അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ എം. കുഞ്ഞപ്പി പ്രസംഗിക്കുന്നു.**

**ഡാളസ് :** 34-ാമത് പിസിനാക്ക് ഉദ്ഘാടന സമ്മേളനം റവ. ജോർജ് കെ. സ്റ്റീഫൻസന്റെ അദ്ധ്യക്ഷതയിൽ നടന്നു. പിസിനാക്ക് കൺവീനർ റവ. ഷാജി കെ. ഡാനിയേൽ ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. പാസ്റ്റർമാരായ ഡോ. ബി വർഗീസ്, പി.സി. ചെറിയാൻ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. റവ. കോശി ചെറിയാൻ, റവ. മാത്തുക്കുട്ടി സാമുവേൽ, റവ. ജോർജ് സി. വർഗീസ് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു. വെസ്ലി മാത്യു സ്വാഗതം ആശംസിച്ചു. അമേരിക്കയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നും ഇന്ത്യയിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നും ധാരാളം ദൈവമക്കൾ ഈ സമ്മേളനത്തിൽ സംബന്ധിക്കുന്നു. (വിശദമായ വാർത്ത അടുത്ത ലക്കത്തിൽ)

## ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസ്


റവ. ഡോ. ജോ കുര്യൻ


റവ. ഷാജി ഡാനിയേൽ യു.എസ്.എ.


റവ. മോസസ് യേശുപാദം യു.കെ.


ബ്രദർ ജോസ് ജോർജ്ജ്

**ജോസ്മോൻ പൗലോസ്**

**ലണ്ടൻ:** ചർച്ച് ഓഫ് ഗോഡ് യു.കെ. & അയർലന്റ് മലയാളം സെക്ഷൻ 9-ാമത് നാഷണൽ കോൺഫറൻസ് ജൂലൈ 30-ാം തീയതി ശനിയാഴ്ച ടോൾവർത്ത് ഇമ്മാനുവേൽ ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വത്തിൽ ടോൾവർത്ത് റിക്രിയേഷൻ സെന്ററിൽ വച്ചു നടക്കുന്നതാണ്. രാവിലെ 9.30 ന് ആരംഭിക്കുന്ന കോൺഫറൻസ് ചർച്ച് ഓഫ് ഗോഡ് ഓവർസിയർ റവ. ഡോ. ജോ കുര്യൻ ഉദ്ഘാടനം ചെയ്യും. റവ. ഷാജി ഡാനിയേൽ യു.എസ്.എ., റവ. മോസസ് യേശുപാദം യു.കെ. എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

ശനിയാഴ്ച രാവിലെ 9.30 നും ഉച്ചയ്ക്ക് 2 മണിക്കും, വൈകിട്ട് 5.30 നും പൊതുയോഗങ്ങൾ നടക്കുന്നതാണ്. വിവിധ സെക്ഷനുകളിലായി യുവജനസമ്മേളനം, സഹോദരീസമ്മേളനം, 2015 സണ്ടേസ്കൂൾ പരീക്ഷയിൽ വിജയികളായവർക്ക് അവാർഡ് ദാനവും നടക്കും. ചർച്ച് ഓഫ് ഗോഡ് നാഷണൽ ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകും. കൂടാതെ ബ്രദർ ജോസ് ജോർജ്ജ് (ഹോളി ബീറ്റ്സ്) ഈ കോൺഫറൻസിൽ പാടുന്നതും ആയിരിക്കും. യു.കെ.യ്ക്ക് പുറമെ അയർലന്റിൽ നിന്നും മറ്റു പല രാജ്യങ്ങളിൽ നിന്നും ദൈവജനം ഈ കോൺഫറൻസിൽ പങ്കെടുക്കുന്നതാണ്. കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി നാഷണൽ സെക്രട്ടറി പാസ്റ്റർ വർഗീസ് തോമസിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി രൂപീകരിച്ചു. പാസ്റ്റർ തോമസ് ജോർജ് (കോൺഫറൻസ് കൺവീനർ), ഇവാ. ഡോണി തോമസ് (കോൺഫറൻസ് സെക്രട്ടറി), ബ്രദർ മാമ്മൻ ജോർജ്ജ് (ട്രഷറാർ), ഇവാ. ജോസ്മോൻ പൗലോസ് (പബ്ലിസിറ്റി കൺവീനർ), ബ്രദർ സിസിൽ ചെറിയാൻ (യൂത്ത് കോർഡിനേറ്റർ), പാസ്റ്റർ സന്തോഷ്കുമാർ & പാസ്റ്റർ വിത്സൻ മാത്യു (പ്രെയർ

(ശേഷം പേജ് 7)

**ഡോ. ഏഴംകുളം സാംകുട്ടിക്ക് പാസ്റ്റർ ഷിബു കെ മാത്യു എഴുതുന്ന തുറന്ന കത്ത് പേജ് 4 ൽ വായിക്കുക**

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha:** Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Philip Abraham
**England**: Rohit Joseph
**Canada**: Wilson Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma**: Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

**പത്രാധിപലേഖനം**

# ദൈവം ഉയർത്തട്ടെ



പാസ്റ്റർ ഷിബു കെ. മാത്യു


**ഇ**ന്ന് മനുഷ്യൻ ഉയർച്ചയുടെ പുറകെയുള്ള ഓട്ടത്തിലാണ്. എനിക്ക് എങ്ങനെ ഉയരാൻ കഴിയും. എന്റെ പേര് എങ്ങനെ പ്രസിദ്ധമാകും എന്നുള്ള ചിന്തയാണ് എല്ലാവരേയും അലട്ടുന്നത്. ഉയർച്ചയ്ക്കു വേണ്ടി ഏത് ഹീന മാർഗ്ഗവും ദുഷ്ടതയും അവലംബിക്കാൻ മനുഷ്യർ ഇന്ന് തയ്യാറെടുക്കുകയാണ്. അതിനു വേണ്ടി വ്യാജങ്ങൾ പരത്തുവാനും, മറ്റുള്ളവരുടെ കുതികാൽ വെട്ടുവാനും ഇന്ന് മനുഷ്യന് മടിയില്ല. ആത്മീകലോകത്തിലാണ് ഈ പ്രവണത ഏറ്റവും ശക്തമായി കാണുന്നത്. തന്മൂലം ദൈവകൃപ നഷ്ടപ്പെട്ടവരുടെ കൂട്ടമായി ആത്മീക ലോകം അധഃപതിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വയപ്രസിദ്ധിക്കു വേണ്ടി ഫ്ളക്സുകളിൽ സ്വന്തം ഫോട്ടോ പതിച്ച് പട്ടണങ്ങൾ തോറും സ്ഥാപിക്കുന്നവരുണ്ട്, പ്രസിദ്ധിക്കു വേണ്ടി കൺവൻഷനുകൾ സ്പോൺസർ ചെയ്യുന്നവരുണ്ട്. (അടുത്ത സമയത്ത് ഒരു വ്യക്തി സ്വന്തം സാമ്പത്തിക ഭദ്രത മറന്നു കൊണ്ട് കൺവൻഷന് ഭക്ഷണത്തിനു വേണ്ടുന്ന അരി ആരൊക്കെയോ പൊക്കിപ്പറഞ്ഞപ്പോൾ സ്പോൺസർ ചെയ്ത് പാപ്പരായ സംഭവം പറഞ്ഞു കേട്ടു). പ്രസിദ്ധിക്കും പുകഴ്ചയ്ക്കും വേണ്ടി എന്തിനും തയ്യാറാകുന്നവരെക്കൊണ്ട് ആത്മീക ലോകം നിറയുകയാണ്. മറ്റൊരു വ്യക്തി, താൻ സ്റ്റേജിലിരിക്കുമ്പോൾ ആര് സംസാരിക്കാൻ എഴുന്നറ്റാലും, 'എന്തോ വലിയ കാര്യം ഓർപ്പിക്കുവാൻ' എന്ന വ്യാജേന അവരെ അടുത്തേക്ക് വിളിച്ച് 'അച്ചായന്റെ പേരു കൂടെ ഒന്ന് എടുത്തു പറഞ്ഞേക്കണേ' എന്നു പറയും. ശവമടക്കുകൾക്കോ, കല്യാണങ്ങൾക്കോ പോകുവാൻ കഴിയാത്തപ്പോൾ ഒരാളോടല്ല, പോകുന്ന പലരേയും വിളിച്ച് അച്ചായന്റെ അനുശോചനം/ആശംസ കൂടെ പറയണേ എന്നറിയിക്കും, അപ്പോൾ ഒന്നിലധികം പേര് തന്റെ പേര് അവിടെ പറയുമല്ലോ എന്ന് സായൂജ്യം അടയുന്ന പൊങ്ങൻ. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ നമ്മുടെ ചുറ്റും നടക്കുന്നു.

പ്രീയമുള്ളവരേ ഇതിലും ഭീകരമാണ് കൂട്ടുസഹോദരന്റെ മാന്യത തകർക്കുവാൻ വ്യാജങ്ങൾ പറഞ്ഞു പരത്തുന്ന രീതി. അതിനു വേണ്ടി ഏതറ്റം വരെ പോകുവാനും 'ആത്മീകർ' തയ്യാറെടുക്കുന്നു. അതിനു വേണ്ടി ഊമക്കത്തകൾ എഴുതുവാനും, വ്യാജങ്ങൾ പരത്തുവാനും ഹീനമാർഗ്ഗങ്ങൾ അവലംബിക്കുന്ന 'ആത്മീക'രായ ജഡീകരെ കൊണ്ട് ഇന്ന് ആത്മീകലോകം നിറഞ്ഞിരിക്കുകയാണ്. ഊമക്കത്തുകൾ എഴുതിയും എഴുതിച്ചും, വിതരണം ചെയ്തും നേടുന്ന സ്ഥാനങ്ങളും മാന്യതകളും നിലനിൽക്കുകയില്ലാ എന്നും, അങ്ങനെ അവിഹിതമാർഗ്ഗങ്ങളിൽ കൂടി സ്ഥാനങ്ങൾ നേടിയെടുത്താൽ ആ സ്ഥാനത്തിരിക്കുമ്പോൾ ഒരു ദിവസം പോലും സ്വസ്ഥമായി ഇരിക്കുവാൻ കഴിയുകയില്ല എന്നും സ്ഥാനത്തിരുന്നപ്പോൾ എന്തൊക്കെ ചെയ്തു എന്ന് തിരിഞ്ഞു നോക്കിയാൽ ഒരു ശൂന്യത മാത്രമേ ഉള്ളൂ എന്നും കാലം തെളിയിക്കുമ്പോൾ ചെയ്തു കൂട്ടിയ അപരാധങ്ങൾ ഒരു കുന്നായിരിക്കും. കാരണം, ഈ സ്ഥാനങ്ങൾ ഒന്നും ദൈവം തന്നതല്ല, സ്വയം നേടിയതായിരുന്നു.

പണ്ടൊരു വ്യക്തി അതിരാവിലെ പള്ളിയിലെത്തി പള്ളിയും പരിസരവും എല്ലാം വൃത്തിയാക്കി. ഇതു ശ്രദ്ധിച്ച അച്ചൻ വിചാരിച്ചു; ഇതൊന്നും ചെയ്യേണ്ട ആവശ്യമില്ലാത്ത ഇദ്ദേഹം പള്ളിയെയും ദൈവത്തെയും എന്തുമാത്രം സ്നേഹിക്കുന്നതു കൊണ്ടാ ഇങ്ങനെ ഒക്കെ ചെയ്യുന്നത്. എന്നാൽ വൃത്തിയാക്കൽ കഴിഞ്ഞ് എല്ലാവരും വരുന്നതിനു മുമ്പ് കുളിച്ച് അണിഞ്ഞൊരുങ്ങി വന്ന വ്യക്തി വരുന്നവർക്കെല്ലാം കൈകൊടുത്തു കൊണ്ട് 'കണ്ടോ, ഞാൻ രാവിലെ വന്ന് പള്ളിയും പരിസരവും വൃത്തിയാക്കിയതാ, എങ്ങനെയുണ്ട്?' താൻ ദൈവനാമത്തിനും, സഭയ്ക്കും വേണ്ടി ചെയ്തു എന്ന വ്യാജേന സ്വയം പ്രശംസയും പുകഴ്ചയും നടത്തുന്ന വ്യക്തി. ഇങ്ങനെയല്ലേ, ഇന്ന് പല 'ആത്മീകരും' തങ്ങളുടെ പേര് ഉയർന്നു നിൽക്കുവാൻ സഭയ്ക്ക് ആത്യന്തികമായി പ്രയോജനമില്ലാതെ ഞൊടുക്കു വിദ്യകൾ ചെയ്തു കൂട്ടുന്നവർ. ഇതൊക്കയല്ലേ നമ്മുടെ ചുറ്റും നടക്കുന്ന സംഭവങ്ങൾ.

എന്നാൽ ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഇതൊന്നുമല്ല ഉയർച്ചയുടെ വഴി. ബേത്‌ലഹേമിലെ യിശായിയുടെ വീട്ടിൽ നിന്നും യിസ്രായേലിന് ഒരു രാജാവിനെ തെരഞ്ഞെടുക്കുവാൻ നിയോഗം ലഭിച്ച് എത്തിച്ച ശമുവേൽ പ്രവാചകൻ യിശായിയുടെ മൂത്തമകന്റെ സൗന്ദര്യവും, ആരോഗ്യവും പൊക്കവും വണ്ണവും കണ്ട് ആകൃഷ്ടനായി അഭിഷേകം ചെയ്യുവാൻ തുനിഞ്ഞപ്പോൾ നീ പൊക്കവും വണ്ണവും നോക്കരുത് എന്ന് യഹോവ പ്രവാചകനെ തർജനം ചെയ്തു. കാരണം ജീവിതത്തിൽ എന്നെങ്കിലും എനിക്ക് ജ്യേഷ്ഠന്മാരെപ്പോലെ ഒന്ന് ജീവിക്കുവാൻ കഴിയുമോ? നല്ല ആഹാരം, വസ്ത്രം, ജോലി ഒക്കെ സ്വപ്നം കാണുമ്പോൾ തന്നെ, അപ്പൻ ഏൽപ്പിച്ച സാധാരണ പ്രവൃത്തി ചെയ്തു കൊണ്ടിരുന്ന ദാവീദിനെ സിംഹാസനത്തിലേക്ക് കണ്ടവനായിരുന്നു യഹോവ. അതെ, പ്രീയമുള്ളവരേ, ഈ ലോകത്തിൽ ആര് ഉയർത്തിയാലും ദാവീദ് ഇത്രയും ഉയരുകയില്ല. അതിന് കഴിവുള്ളവൻ ജീവനുള്ള ദൈവം മാത്രമാണ്. അതുകൊണ്ട് അവൻ നിങ്ങളെ തക്ക സമയത്ത് ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കരത്തിന് കീഴിൽ താണിരിപ്പിൻ.



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ

**ലാ**ബാനും മക്കളും യാക്കോബിനെ വിട്ടുകളയുവാൻ ആഗ്രഹിച്ചിരുന്നില്ല. കാരണം യാക്കോബിന്റെ നിമിത്തം യഹോവയായ ദൈവം ലാബാനെ ധാരളാമായി അനുഗ്രഹിച്ചിരുന്നു. അതുകൊണ്ട് ലാബാനും കൂട്ടരും ഓടിപ്പോയ യാക്കോബിനെ പിടിയ്ക്കുവാൻ ശ്രമിക്കുമ്പോൾ യഹോവയായ ദൈവം ലാബാനോട് സ്വപ്നത്തിൽ ദൈവം അവനോട് അരുളിച്ചെയ്തു നീ യാക്കോബിനെ ഉപദ്രവിക്കരുതെന്ന്. അതനുസരിച്ച ലാബാൻ യാക്കോബുമായി ഉടമ്പടിയിൽ ഏർപ്പെട്ട് സ്വദേശത്തേക്ക് മടങ്ങി. എന്നാൽ ലാബാൻ പോകുമ്പോൾ യാക്കോബിന്റെ സഹോദരനായ ഏശാവ് വസിക്കുന്ന സേയിർ പർവ്വതത്തിലേക്ക് ലാബാന്റെ മകനായ ബിയോറിനെ അയച്ച് യാക്കോബ് മടങ്ങി പോകുന്നതിനെക്കുറിച്ച് വിവരം നല്കി. ഏതെങ്കിലും തരത്തിൽ യാക്കോബിനെ ഇല്ലാതാക്കുക എന്നതായിരുന്നു ലാബാന്റെ ലക്ഷ്യം. കാരണം ഇരുപത് വർങ്ങൾക്ക് മുമ്പ് ഏശാവ് തന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു എന്ന് മനസ്സിലാക്കിയാണ് യാക്കോബ് സ്വന്ത വീട് വിട്ടത്. ഇപ്പോൾ സ്വദേശത്തേയ്ക്ക് മടങ്ങുമ്പോൾ ഏശാവിന് പഴയ വൈരാഗ്യം യാക്കോബിനോട് കാണും എന്ന് ലാബാൻ കരുതി.

യാക്കോബ് ഈ വിവരം അറിഞ്ഞു തന്നെ എതിരേല്പ്പാൻ തന്റെ സഹോദരനായ ഏശാവ് 400 ആളുകളുമായി വരുന്നു എന്ന വിവരം യാക്കോബിനെ വളരെ അധികം നിരാശപ്പെടുത്തി. ഈ വിവരം അറിഞ്ഞ യാക്കോബ് തന്റെ കഴിഞ്ഞ കാലചെയ്തികൾ പൊറുക്കണമെന്ന് അപേക്ഷിച്ചു. അപ്പോൾ തന്നെ താൻ തന്റെ കൂട്ടത്തെ നാലായി വിഭാഗിച്ചു. ഒരു കൂട്ടത്തിന്റെ കൂടെ താൻ തന്നെ നിന്നു. യാക്കോബ് ഒരിക്കലും ഓർത്തില്ല തന്റെ സഹോദരൻ തന്നോട് സൗഹാർദ്ധമായി പെരുമാറുമെന്ന്. അതുകൊണ്ട് സഹോദരന്റെ മുഖ പ്രസാദം ലഭിക്കേണ്ടതിന് ആടുമാടുകളേയും ദാസിദാസന്മാരേയും അയച്ചു. കൂട്ടത്തെ ഏശാവിന്റെ അടുക്കലേക്ക് അയച്ച് കഴിഞ്ഞ് യാക്കോബ് യാബോക്ക് കടവിന്റെ തീരത്ത് ഇരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. ഒരു രാത്രി മുഴുവൻ ദൈവത്തോട് കരഞ്ഞ് അപേക്ഷിച്ചു ദൈവം അവനെ അനുഗ്രഹിച്ചത്. രാവിലെ ഏശാവ് വന്നപ്പോൾ കൊടുത്ത സമ്മാനം ഒന്നും തന്നെ സ്വീകരിക്കതെ യാക്കോബിനെ കെട്ടിപ്പിടിച്ച് ചുംബിച്ച് കരഞ്ഞ് അവനെ യാത്രയാക്കി. കൊടുത്തയക്കപ്പെട്ട സമ്മാനങ്ങൾ സ്വീകരിക്കുവാൻ ഏശാവ് വിസമ്മതിച്ചെങ്കിലും യാക്കോബിന്റെ നിർബന്ധത്തിന് വഴങ്ങി ലഭിക്കപ്പെട്ട സമ്മാനവുമായി ഏശാവ് സേയിരിലേക്ക് മടങ്ങി. സമാധാനത്തോടെ യാക്കോബ് വീണ്ടും യാത്ര തുടരുകയും. ഏശാവിനെ ഭയപ്പെട്ട് താൻ പോകുമ്പോൾ ദൈവം തന്നെ പ്രത്യക്ഷനായ ബഥേലിൽ മടങ്ങി എത്തി ഒരു യാഗപീഠം പണിത് യഹോവയെ ആരാധിച്ചു.

**റാഹേലിന്റെ മരണം**

ബഥേലിൽ നിന്നും ബേത്തലഹേമിലേക്കുള്ള യാത്രയിൽ ബേത്തലഹേമിലെ എഫ്രാത്തയിൽ എത്തുവാൻ അല്പദൂരം മാത്രം ഉള്ളപ്പോൾ ബെന്യാമിന് ജന്മം നല്കിയ ശേഷം റാഹേൽ മരിച്ചു. യാക്കോബിന് റാഹേലിനെ മക്കപേലാ ഗുഹയിൽ അടക്കണം എന്ന് യാക്കോബ് ആഗ്രഹിച്ചു എങ്കിലും ദൈവം യാക്കോബിനോട് അവളെ എഫ്രാത്തയിലേക്കുള്ള വഴിയരികിൽ അടക്കം ചെയ്യുവാൻ ആവശ്യപ്പെട്ടു. അങ്ങനെ യാക്കോബ് ചെയ്യുകയും ചെയ്തു. ദൈവം ചെയ്യുന്നതിനെ ആർക്കും എതിർക്കുവാൻ കഴിയില്ല. കാലങ്ങൾ കഴിഞ്ഞപ്പോൾ യഹൂദന്മാരെ ബാബിലോന്യ പ്രവാസത്തിലേക്ക് കൊണ്ടുപോകുമ്പോൾ റാഹേലിന്റെ കല്ലറയുടെ അരികിലൂടെയാണ് പ്രവാസികൾ നടന്നു പോയത്.

**ദീനായും ശേഖേമ്യരും**

യാക്കോബിന്റെ ബഥേലിലേക്കുള്ള യാത്രയിൽ സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നാണ് ദീനായുടെ. യാക്കോബിന്റെ ഏകമകളായ ദീനാ ദേശം കാണുവാൻ പോയി. ദേശത്തിന്റെ പ്രഭുവായ ശേഖേമിന്റെ മകൻ ഹാമോർ അവളിൽ ആകൃഷ്ടയായി അവളെ നശിപ്പിച്ചു. അതിന്റെ പ്രതികാരത്തിനായി ലേവിയും ശിമയോനും എഴുന്നേറ്റ് ദേശത്തിലെ ആണുങ്ങളെ കൊന്നു കളഞ്ഞ് ആ ദേശത്തെ കൊള്ളയിട്ടു. അതു നിമിത്തം യാക്കോബ് ഏറ്റവും ഭയപ്പെടുകയും തന്റെ മക്കളുടെ പ്രവൃത്തിയെ ശാസിച്ചു. യാക്കോബ് ആ ദേശത്ത് നിന്നും ദൈവം പറഞ്ഞത് അനുസരിച്ച് യാത്രയായി.

**യോസഫിനെ സ്നേഹിക്കുന്ന യാക്കോബ്**

തന്റെ മക്കളെയെല്ലാം യാക്കോബ് ജീവനു തുല്യമാണ് സ്നേഹിച്ചിരുന്നതെങ്കിലും, റാഹേലിലുണ്ടായ ജോസഫിനോടായിരുന്നു യാക്കോബിന് കൂടുതൽ സ്നേഹം.

ജോസഫാണെങ്കിൽ മറ്റുള്ളവരെ അപേക്ഷിച്ച് സുന്ദരനും, ശാന്തശീലനും, ബുദ്ധിമാനും, സൽസ്വഭാവിയും അതിലുപരി തികഞ്ഞ ദൈവഭകതനുമായിരുന്നു. ജോസഫിനെ തങ്ങളുടെ പിതാവ് തങ്ങളേക്കാളുപരി സ്നേഹിക്കുന്നതും, കരുതുന്നതും മറ്റ് മക്കൾക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. ഒരിക്കൽ, അതായത് ജോസഫിന് പതിനേഴ് വയസ്സുള്ളപ്പോൾ യാക്കോബ് നീല നിറത്തിലുള്ള അതിമനോഹരമായൊരു വസ്ത്രം അവന് തയ്പ്പിച്ചു കൊടുത്തു. ആ വസ്ത്രമണിഞ്ഞ് ജോസഫ് തുള്ളിച്ചാടി നടക്കുന്നത് അവന്റെ സഹോദരന്മാർക്ക് ഒട്ടും രസിച്ചില്ല. അവർക്ക് ജോസഫിനോടുള്ള ദേഷ്യവും, വെറുപ്പും കൂടി കൂടി വന്നു.

പാരമ്പര്യമായി ആട്ടിടയന്മാരായിരുന്ന യാക്കോബിനും കുടുംബത്തിനും ആയിരക്കണക്കിന് ആടുമാടുകളുമുണ്ടായിരുന്നു. മക്കൾ വളർന്നതോടു കൂടി അവർക്കായിരുന്നു ആടുകളെ മേയ്ക്കേണ്ട ചുമതല. ചിലപ്പോൾ ആടുകളെ മേയ്ക്കുവാൻ വീട്ടിൽ നിന്നും വളരെ ദൂരെയുള്ള മേച്ചിൽപ്പുറങ്ങൾ തേടിയായിരിക്കും അവർ പോവുക. ഈ സമയങ്ങളിൽ ദിവസങ്ങൾ കഴിഞ്ഞായിരിക്കും അവർ വീട്ടിൽ മടങ്ങിയെത്തുന്നത്..ദൂരെ ആടുകളെ മേയ്ക്കുവാൻ പോകുന്ന സഹോദരന്മാർക്ക് ഭക്ഷണവും, വെള്ളവും എത്തിച്ചു കൊടുക്കുകയും അവരുടെ സുഖവിവരങ്ങൾ അപ്പനായ യാക്കോബിനെ അറിയിക്കുകയും ചെയ്യുകയെന്നതായിരുന്നു യോസഫിന്റെ പ്രധാന ജോലി. യാക്കോബ് തന്റെ പിതാവായ യിസഹാക്ക് താമസിച്ചിരുന്ന കനാൻ ദേശത്ത് തന്റെ കുടുംബത്തോടൊപ്പം വന്ന് താമസിച്ചു. തന്റെ ആൺമക്കളിൽ പതിനൊന്നാമനായ യോസഫിനോട് മറ്റ് മക്കളെക്കാൾ സ്നേഹം യാക്കൊബിനു ഉണ്ടായിരുന്നു. ഇത് മറ്റുള്ള മക്കൾക്ക് ഇഷ്ടപ്പെട്ടില്ല.

# യുഗാന്ത്യ സന്ദേശം

YUGANTHYA SANDESHAM

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05-07-2016

വാല്യം - 12 ലക്കം: 7 ജൂലൈ 2016 Annual Subscription RS. 100/-

## സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ സഭ തളരരുത്: പാസ്റ്റർ ജേക്കബ് ജോൺ




കുമ്പനാട് (തിരുവല്ല): പ്രതികൂലങ്ങൾ വർദ്ധിക്കുമ്പോഴും സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ സഭ തളരരുതെന്ന് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ രാജ്യാന്തര പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു.ഐ.പി.സി കേരളാ സ്റ്റേറ്റ് (2016-2019) വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സഭാ ആസ്ഥാനമായ ഹെബ്രോൻപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ ആത്മാവിനാൽ നിയന്ത്രിതമാണ് സഭ. പാതാള ഗോപുരങ്ങൾക്കും സാത്താന്യ ശക്തികൾക്കും അതിനെ തകർക്കാൻ കഴിയില്ലെന്നും പരിശുദ്ധാത്മാവിനാൽ സഭാജനങ്ങൾ നിറയപ്പെട്ട് കഴിയണമെന്നും പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു.സഭാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ, മുൻ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ എം.വി. വർഗീസ് എന്നിവർ വചനപ്രഭാഷണവും സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ. കെ. ചെറിയാൻ അനുഗ്രഹപ്രഭാഷണവും നടത്തി.

സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ നയപ്രഖ്യാപനവും ട്രഷറർ ജോയി താനവേലിൽ സാമ്പത്തികരേഖയും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ സി.സി. ഏബ്രഹാം, മോനി കരിക്കം, സീനിയർ മിനിസ്റ്റർമാരായ ബെഞ്ചമിൻ വർഗീസ്, റ്റി.എ. ചെറിയാൻ, ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ്, സിസ്റ്റർ ഏലിയാമ്മ തോമസ്, കുര്യൻ ജോസഫ്, സുധി ഏബ്രഹാം, പാസ്റ്റർ ബി. മോനച്ചൻ, സജി പോൾ, രാജു ഏബ്രഹാം എം.എൽ.എ, കെ.പി. ഉദയഭാനു, പഞ്ചായത്ത് പ്രസിഡന്റ് മോൻസി കിഴക്കേടത്ത് എന്നിവർ പ്രസംഗിച്ചു. പുതിയ സഭാ കൗൺസിലിലെ അംഗങ്ങൾക്ക് പാസ്റ്റർ കെ.സി. തോമസ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

സഭയുടെ ജനറൽ കൗൺസിലിലേക്ക് കേരളത്തിൽ നിന്നും 12 പാസ്റ്റർമാരെയും 11 വിശ്വാസികളെയും തിരഞ്ഞെടുത്തു.

പാസ്റ്റർമാരായ കെ.സി.ജോൺ, ബി. മോനച്ചൻ, തോമസ് ഫിലിപ്പ് വെൺമണി, ഫിലിപ്പ് പി. തോമസ്, സണ്ണി അലക്സാണ്ടർ, റോയി പൂവക്കാല, ജോൺ പി. ചെല്ലപ്പൻ, ബേബി കടമ്പനാട്, വർഗീസ് മാത്യു, ജോർജ് ഡാനിയേൽ, വി.ജി. തോമസുകുട്ടി, ജോസഫ് ഏബ്രഹാം. വിശ്വാസികളായ കുര്യൻ ജോസഫ്, സജി പോൾ. ഈപ്പൻ തോമസ് കപ്പമാംമൂട്ടിൽ, എം. വി. ഫിലിപ്പ്, എബി പെരുമ്പട്ടി, ഡോ. ജോൺ ജോസഫ്, കെ. പി. തോമസ്, ബാബു കുമ്പനാട്, അഡ്വ. ജോൺസൺ കെ. സാമുവേൽ, സാം കുഴിക്കാല, സജി വെൺമണി എന്നിവരെയാണ് തിരഞ്ഞെടുത്തത്.

### ഉന്നതവിജയം



കഴിഞ്ഞ CBSE പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 നേടി ഉന്നത വിജയം കരസ്ഥമാക്കിയ ശേബാ സാം ബഞ്ചമിൻ. ചർച്ച് ഓഫ് ഗോഡ് അബുദാബി സഭാ ശുശ്രൂഷകനായ പാസ്റ്റർ സാം ബഞ്ചമിന്റെ മകളാണ്.

## അജിഫ്ന കോൺഫ്രൻസ് ജൂലൈ 14 മുതൽ



റവ. മാത്യു റ്റി. സാം



റവ. സാജൻ ജോർജ്ജ്



റോയ് തോമസ്



മാത്യു പി. ചാക്കോ



സന്തോഷ് ഏബ്രഹാം



ജറമിയ ജോർജ്



തോമസ് യോഹന്നാൻ

ഡിട്രോയിറ്റ്: അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ (അജിഫ്ന) 20-ാം മത് കോൺഫ്രൻസ് ജൂലൈ 14 - 17 വരെ നടക്കും. മിഷിഗൺ സ്റ്റെയിറ്റിലെ നോവി പട്ടണത്തിൽ ഷെറാട്ടൺ ഹോട്ടലാണ് സമ്മേളന വേദി. നോർത്ത് അമേരിക്കയിലേയും കാനഡയിലെയും അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ സംയുക്ത സമ്മേളനാമാണിത്.

റവ. ഡേവിസ് സ്റ്റുവർട്ട്, റവ. ജോഷ്വാ ജോൺസ്, ബോബ് ഡുഡ്കോ, റവ. ഡഗ്ലസ് കെ. തുടങ്ങിയരാണ് അമേരിക്കയിൽ നിന്നുള്ള പ്രസംഗകർ. ഇന്ത്യയിൽ നിന്നും പ്രശസ്ത ടെലിവിഷൻ പ്രഭാഷകൻ പാസ്റ്റർ ടിനു ജോർജ്. എ.ജി. മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് ടി.ജെ.സാമുവൽ, സിസ്റ്റർ അഞ്ജലി പോൾ എന്നിവർ മുഖ്യ പ്രസംഗകരാണ്. ലോഡ്സൺ ആന്റണി വർഷിപ്പ് ലീഡ് ചെയ്യും.

കോൺഫ്രൻസിന്റെ ചരിത്രത്തിൽ ആദ്യമായി തമിഴ് ഭാഷയിൽ ഒരു സെഷൻ നടത്തും. കൂടാതെ വിശ്വാസം, ആരാധന സുവിശേഷീകരണം എന്നീ വിഷയങ്ങളിൽ പ്രത്യേക വർക്ക്ഷോപ്പുകൾ നടക്കും.

റവ. മാത്യു ടി. സാം (കൺവീനർ), റവ. സാജൻ ജോർജ്ജ് (ജോ. കൺവീനർ), റോയ്സ് തോമസ് (സെക്രട്ടറി), മാത്യു പി. ചാക്കോ (ജോ. സെക്രട്ടറി), സന്തോഷ് ഏബ്രഹാം (ട്രഷറാർ), ജറമിയ ജോർജ്ജ് (യൂത്ത് കോർഡിനേറ്റർ) എന്നിവർ കോൺഫ്രൻസ് എക്സിക്യൂട്ടീവ് കമ്മറ്റിക്ക് നേതൃത്വം നൽകുന്നു. സൂസൻ മാത്യുവാണ് ലേഡീസ് കോർഡിനേറ്റർ

ലോക്കൽ കമ്മറ്റി ചെയർമാനായി റവ. തോമസ് യോഹന്നാൻ, ബിനു മാത്യു (ജനറൽ കോർഡിനേറ്റർ), ജെയിംസ് ജോർജ് (പ്രോഗ്രാം മാനേജർ), മോൻസി ചാക്കോ (സെക്രട്ടറി), ദാസ് ജേക്കബ് (ട്രഷറാർ) എന്നിവരും പ്രവർത്തിക്കുന്നു.

അമേരിക്കയിലും കാനഡയിലും 20-ാം കോൺഫ്രൻസിനുവേണ്ടി വിപുലമായ പ്രൊമോഷണൽ പ്രോഗ്രാമുകൾ നടന്നു.

## പാസ്റ്റർ തോമസ് ജോർജ് പ്രസിഡണ്ട്







**മെൽബൺ:** മെൽബണിൽ വച്ചു നടന്ന ഐ പി സി ഓസ്ട്രേലിയ റീജിയന്റെ ജനറൽബോഡി യോഗത്തിൽ വച്ചു 2016-19 ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

പാസ്റ്റർ തോമസ് ജോർജ് അദ്ധ്യക്ഷനായിരുന്നു. നാഷണൽ കമ്മിറ്റിയിലേക്ക്, പാസ്റ്റർ തോമസ് ജോർജ് (പ്രസിഡണ്ട്, ഓവർസീസ് മിഷൻ & ജനറൽ കൌൺസിൽ മെമ്പർ), പാസ്റ്റർ മാത്യു തര്യൻ (വൈസ് പ്രസിഡണ്ട്), പാസ്റ്റർ പ്രകാശ് ജേക്കബ് (സെക്രട്ടറി), പാസ്റ്റർ വർഗീസ് ഉണ്ണൂണ്ണി, ബ്രദർ ബിന്നി മാത്യു (ജോ.സെക്രട്ടറിമാർ), ബ്രദർ ബോണി ജോർജ് (ട്രഷറർ), പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ഷിബു വർഗീസ്, ബ്രദർ അജി ലൂക്ക് (കമ്മിറ്റി മെമ്പേഴ്സ്) എന്നിവരെയും, ഇവെന്റ് കൺവീനെർ ആയി ബ്രദർ ടോമി ഉണ്ണൂണ്ണി , പ്രയർ കോർഡിനേറ്റർ ആയി പാസ്റ്റർ സജി മോൻ സക്കറിയ, ചടണ കോർഡിനേറ്റർ ആയി പാസ്റ്റർ എബ്രഹാം ജോർജ് എന്നിവരെയും തെരഞ്ഞെടുത്തു.

### ചർച്ച് ഓഫ് ഗോഡ് ദേശീയസമ്മേളനം

(പേജ് 1-ൽ നിന്നും)

രയാണുള്ളത്.

പാസ്റ്റർമാരായ പി.ജെ.ജെയിംസ്, ബൻസൻ മത്തായി, ജോ കുര്യൻ, ലിൻസൻ ഡാനിയേൽ, റവ. ജാക്സ് ഹൗൾ, അന്നമ്മ നൈനാൻ എന്നിവർ പ്രസംഗിക്കും. ഡോ. സാംകുട്ടി വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ സന്തോഷ് പൊടിമല (വൈസ് പ്രസിഡന്റ്) സാം മാത്യു (സെക്രട്ടറി), ജോഷ്വാ ജോസഫ് (ട്രഷറർ), റവ. സിസിൽ മാത്യു (യൂത്ത് കോർഡിനേറ്റർ), അന്നമ്മ സഖറിയ (ലേഡീസ് പ്രസിഡന്റ്) എന്നിവരും നാഷണൽ ലോക്കൽ കമ്മറ്റിയും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

## പാസ്റ്റർ വി.പി.തോമസ് പ്രെയർസെൽ ഡയറക്ടർ



പാസ്റ്റർ വി.പി. തോമസ്



പാസ്റ്റർ ഇ. എസ്.ജോൺ



പാസ്റ്റർ അനീഷ് ഏലപ്പാറ

**മുളക്കുഴ .** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായി പാസ്റ്റർ വി.പി.തോമസ് നിയമിതനായി. പാസ്റ്റർമാരായ ഇ. എസ്.ജോണിനെ ജോയിന്റ് ഡയറക്ടറായും അനീഷ് ഏലപ്പാറയെ സെക്രട്ടറിയായും നിയമിച്ചു. പത്തനാപുരം ഡിസ്ട്രിക്ട് പാസ്റ്ററും പത്തനാപുരം ടൗൺ സഭാ ശുശ്രൂഷകനുമാണു പാസ്റ്റർ വി.പി.തോമസ്. പാസ്റ്റർ അനീഷ് ഏലപ്പാറ പീരുമേട് ഡിസ്ട്രിക്ട് പാസ്റ്ററും പാമ്പനാർ സഭാ ശുശ്രൂഷകനുമാണ്.

തലവടി ദൈവസഭാ ശുശ്രൂഷകനാണു പാസ്റ്റർ ഇ.എസ്.ജോൺ. പ്രെയർ സെല്ലിന്റെ ആഭിമുഖ്യത്തിൽ ചൊവ്വാഴ്ചകളിൽ രാവിലെ 10.30 മുതൽ 12.30 വരെ മുളക്കുഴ ഓഫീസ് കോംപ്ലക്സിൽ പ്രാർത്ഥന നടക്കും.

ദൈവസഭയുടെ എല്ലാ ഡിസ്ട്രിക്റ്റുകളെയും ഉൾപ്പെടുത്തി ഉപവാസ പ്രാർത്ഥനകൾ, ഉണർവു യോഗങ്ങൾ, മുഴുരാത്രി പ്രാർത്ഥനകൾ, ശുശ്രൂഷക സമ്മേളനങ്ങൾ തുടങ്ങിയവ ക്രമീകരിക്കും.

## പാസ്റ്റർ ജെയ്സ് പാണ്ടനാട് അമേരിക്കയിൽ



പ്രഭാഷകനും വേദാദ്ധ്യാപകനും കോളമിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ജൂൺ 21ന് അമേരിക്കയിൽ എത്തുന്നു. ഇദ്ദേഹത്തിന്റെ ആധികാരിക വചന വിശകലനങ്ങൾ, പ്രഭാഷണങ്ങൾ, ആശയസംപുഷ്ടമായ ബൈബിൾ ക്ലാസുകൾ, വിശ്വാസ സംവാദങ്ങൾ, ദുരുപദേശഖണ്ഡന സെമിനാറുകൾ, സാമൂഹികവീക്ഷണമുള്ള ലേഖനങ്ങൾ എല്ലാം ദൈവജനത്തിന് അനുഗ്രഹമായി തീർന്നിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ. 9152011874

## അമേരിക്കയിൽ സന്ദർശനം നടത്തുന്നു



**ഡാളസ്സ്:** പ്രഭാഷകനും, വേദാദ്ധ്യപകനും, ക്രൈസ്തവ എഴുത്തുകാരനുമായ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ അമേരിക്കയിൽ സന്ദർശനം നടത്തുന്നു. ഇദ്ദേഹം ആദ്യമായാണ് വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നത്. യേശുക്രിസ്തുവിന്റെ വരവ് സംബന്ധമായും, ലോകസംഭവങ്ങൾ ബൈബിൾ വീക്ഷണത്തിൽ തുടങ്ങിയ ഇദ്ദേഹത്തിന്റെ ക്ലാസ്സുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകളും പ്രസിദ്ധമാണ്. ഇദ്ദേഹത്തിന്റെ ശുശ്രൂഷ ആഗ്രഹിക്കുവർ ബന്ധപ്പെടുക. pastorshaijuthomas@gmai.com ഫോ: +15168001394

# ഡോക്ടർ ഏഴംകുളം സാംകുട്ടിച്ചായന് ഷിബു കെ മാത്യുവിന്റെ തുറന്ന കത്ത്

**അങ്ങ് എനിക്കെതിരെ പരസ്യം ചെയ്ത ഈമെയിലിന് മറുപടിയായി അങ്ങയുടെ പേരിൽ തീർത്തും രഹസ്യമായി ഞാൻ അയച്ച കത്തിലെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് എന്നെ തുടരെ തുടരെ വേട്ടയാടുന്നതിൽ മനോദുഃഖം ഉണ്ടായതിനാൽ സത്യാവസ്ഥ മാന്യമിത്രങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അല്ലായെങ്കിൽ അങ്ങയുടെ ഭാഗം മാത്രമാണ് ശരി എന്ന് വരുമല്ലോ. മാത്രമല്ല മറുപടി കത്ത് പ്രസിദ്ധീകരിക്കണമെന്ന് അങ്ങയെ പിൻതാങ്ങുന്നു എന്ന് കരുതുന്ന ദൈവദാസന്മാർ അനേകർ എന്നോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.**

**യുഗാന്ത്യസന്ദേശം പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 12 വർഷം കഴിയുന്നു. ഇതുപോലെ ഒരു കത്ത് ആദ്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. വായനക്കാർ ക്ഷമിക്കുക. ഒഴിവാക്കുവാൻ പരമാവധി ശ്രമിച്ചതാണ്. ദുരുപദേശങ്ങൾക്കെതിരെ ശക്തമായി പോരടിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു കത്ത് പത്രത്തിൽ വേണ്ട എന്ന് ചിന്തിച്ചു. എന്നാൽ വീണ്ടും, വീണ്ടും അപമാനിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണ് എന്താണ് നടന്നത് എന്ന സത്യം എല്ലാവരേയും അറിയിക്കുന്നത്. സത്യങ്ങൾ പൊതുജനത്തെ അറിയിക്കുവാൻ ഏവർക്കും സ്വാതന്ത്ര്യം ഉണ്ടല്ലോ.**

**2016** മെയ് മാസം 28-ാം തീയതി എന്റെ ഗ്രാഡുവേഷൻ ക്ലീവ്ലൻഡിലുള്ള സെമിനാരിയിൽ നടന്നു. ഞാൻ സർട്ടിഫിക്കറ്റ് വാങ്ങുന്ന ഫോട്ടോ ഫെയ്സ്ബുക്കിൽ കണ്ട അങ്ങ് എന്നെ അനുമോദിച്ച് കുറിപ്പെഴുതി. അങ്ങ് എഴുതിയ നല്ല വാക്കുകൾക്ക് നന്ദി പറയുവാൻ 2016 ജൂൺ മാസം 4-ാം തീയതി രാവിലെ ഞാൻ അങ്ങയെ വിളിച്ചു. നന്ദി പറഞ്ഞ് പൂർത്തികരിക്കുന്നതിന് മുമ്പു തന്നെ അങ്ങ് തെറ്റിദ്ധരിച്ച് ആരോപണ വിധേയനാക്കിയ പാസ്റ്ററെക്കുറിച്ചുള്ള അങ്ങയുടെ വാദഗതികൾ ഏറെ നേരം ഞാൻ ശാന്തമായി കേട്ടു. കൂടെ കൂടെ അങ്ങ് പറയുന്നുണ്ടായിരുന്നു "ഫോൺ വെയ്ക്കരുത് വെയ്ക്കരുത്" "ഫോൺ കട്ടായാൽ ഞാൻ തിരിച്ചു വിളിക്കും എടുക്കണം". അന്ന് രാവിലെ 11.22ന് ആരംഭിച്ച സംസാരം 1 മണിക്കൂർ 2 മിനിറ്റ് 19 സെക്കന്റ് നീണ്ടു നിന്നു.

2016 ജൂൺ 4-ാം തീയതി രാവിലെ യാതൊരുവിധ ദുരുദ്ദേശവുമില്ലാതെ ഞാൻ സ്നേഹിക്കുന്ന ആരെയെങ്കിലും അങ്ങ് വെറുക്കുന്നു എന്ന അറിവോ പറഞ്ഞു കേൾവിയോ എനിക്കില്ലായിരുന്ന സാഹചര്യത്തിൽ എന്നെ അഭിനന്ദിച്ച് ഫെയ്സ്ബുക്കിൽ കുറിച്ച വാചകത്തിന് അങ്ങയുടെ മകന്റെ പ്രായമുള്ള ഞാൻ മാത്രമല്ല അങ്ങയെ ബഹുമാനത്തോടെ സ്നേഹിക്കുന്ന ഏഴംകുളം സ്വദേശിയായ എന്റെ മാതാവിനോടുള്ള ബന്ധത്തിലും വളരെ സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് അങ്ങയെ ഞാൻ വിളിച്ച് സംസാരം ആരംഭിച്ചത്. എന്റെ നന്ദി വാക്കുകൾ ശ്രദ്ധിക്കുവാൻ പോലും തുനിയാതെ ഒരു ദൈവദാസനോടുള്ള അങ്ങയുടെ പകയും, വിദ്വേഷവും, സഭ്യമല്ലാത്ത വാക്കുകളും ഉപയോഗിച്ച് വിശദീകരിച്ച് മിനിട്ടുകൾ നീണ്ടപ്പോൾ സ്വഭാവികമായി ആരും ചോദിക്കുന്ന ഒരു ചോദ്യം ഞാൻ അങ്ങയോടു ചോദിച്ചു. അച്ചായാ, അങ്ങ് പറയുന്ന ഈ ആരോപണങ്ങൾക്ക് എന്തെങ്കിലും തെളിവുണ്ടോ? അടിസ്ഥാനപരമായ തെളിവുണ്ടോ? എന്ന് കൂടെ കൂടെ ഞാൻ ചോദിക്കുമ്പോഴെല്ലാം അങ്ങ് ഉരുണ്ടുകളിക്കുകയായിരുന്നു. അങ്ങ് സുവിശേഷ ഗോളത്തിൽ അറിയപ്പെടുന്ന വ്യക്തിയായതുകൊണ്ടും, ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് ഉള്ളതുകൊണ്ടും അങ്ങ് പറയുന്നത് എല്ലാവരും വിശ്വസിക്കണം എന്ന് ശഠിക്കുന്നു എങ്കിൽ അത് എത്രമാത്രം ഭോഷത്വമാണ്. അങ്ങ് വെറുക്കുന്ന ആളിനെ മറ്റുള്ളവരും വെറുക്കണം, അങ്ങ് സ്നേഹിക്കുന്നവരെ മറ്റുള്ളവരും സ്നേഹിക്കണം, അങ്ങ് മറ്റുള്ളവരെക്കുറിച്ച് ആരോപിക്കുന്ന ആരോപണം മറ്റുള്ളവരും ഏറ്റുപാടി പ്രചരിപ്പിക്കണം, ഈ ചിന്താഗതികളൊക്കെ ബാലിശമാണെന്നും മൗഢ്യമാണെന്നും ഓർക്കുക. മറ്റുള്ളവരെ കുറ്റം വിധിക്കുവാൻ അങ്ങ് ഒരു പൂർണ്ണനാണോ? അന്യോന്യം വിഴുപ്പലക്കാൻ തയ്യാറായാൽ ഈ വാക്പോര് യുദ്ധം വളരെ വർഷങ്ങൾ നീട്ടിക്കൊണ്ട് പോകാം. എല്ലാവർക്കും കുറെയൊക്കെ പറയാനും എഴുതുവാനും കാണും, അതിന് ഒരാൾക്ക് മാത്രമേ അവകാശമുള്ളു. ഞാൻ എഴുതുന്നതിനെതിരെ ആരും എഴുതരുത്. തർക്കിക്കരുത്, ഞാൻ പറയുന്നത് മാത്രം സത്യമാണ് മറ്റുള്ളവർ പറയുന്നതും എഴുതുന്നതും തെറ്റാണ് ഇതൊക്കെയാണ് ചിന്താഗതിയെങ്കിൽ അങ്ങ് ഏതോ മൂഢസ്വർഗ്ഗത്തിൽ വസിക്കുന്ന ഒരു ജീവിയായിട്ട് മാത്രമേ ജനം വിലയിരുത്തുന്നുള്ളു. ഞാൻ ഒരു കുറ്റം കണ്ടെത്താത്തതും സഭ ഒരു കുറ്റവും ഇന്നുവരെ ചുമത്തിയിട്ടാല്ലതും അകത്തും പുറത്തും നല്ല സാക്ഷ്യം ഉണ്ടെന്ന് കഴിഞ്ഞ അഞ്ച് വർഷത്തെ എന്റെ പഠനചുറ്റുപാടിൽ നിന്നും സഭയിൽ നിന്നും നല്ല ബോധ്യമുള്ള ഒരു ദൈവദാസനെക്കുറിച്ച് എനിക്ക് വിശ്വസിക്കുവാൻ കഴിയാത്ത നീച ആരോപണം ശുദ്ധി ഇല്ലാത്ത ഭാഷാസാഹിത്യത്തിൽ ഒരു മണിക്കൂറിലധികം രോഷാകുലനായി ആരോപണവിധേയനാക്കി ഒരു ദൈവദാസനെ തീർത്തും താറടിച്ചപ്പോൾ അങ്ങയോടുള്ള ബഹുമാനത്തിലും, സ്നേഹത്തിലും ഒരു പിതാവിനോട് സംസാരിക്കുന്നതുപോലെ ഞാൻ പറഞ്ഞു. സാംകുട്ടിച്ചായാ ഇങ്ങനെയൊന്നും അച്ചായൻ പറയരുത്. ശരിയായ തെളിവും, അടിസ്ഥാനവും ഇല്ലാത്ത ഒരു കാര്യത്തിനും ഇറങ്ങിതിരിക്കരുത്. വ്യക്തമായ തെളിവില്ലാത്ത ആരോപണങ്ങൾ പറഞ്ഞ് പരത്തിയാൽ മാദ്ധ്യമങ്ങൾ അത് ഏറ്റെടുക്കും അച്ചായന്റെ മാന്യത അവർ ചോദ്യം ചെയ്യും. ഇത്രയും നാൾ അച്ചായൻ നേടിയെടുത്ത മാന്യത അവർ പരസ്യമായി വലിച്ചുകീറും. പിന്നെ നാം ദുഃഖിക്കേണ്ടിവരും എന്നിങ്ങനെ ഒട്ടും ക്ഷോഭിക്കാതെ, ബഹുമാനത്തോടെ ശാന്തമായി സൗമ്യതയുടെ ആത്മാവിൽ ഒരു മകൻ പിതാവിനെ ഉപദേശിക്കുന്നതുപോലെ അങ്ങയെ ഉപദേശിച്ചു.

അങ്ങ് വെറുക്കുന്ന ആളിനെ ഞാൻ വെറുക്കുന്നില്ല അങ്ങ് പറഞ്ഞതൊന്നും ഞാൻ വിശ്വസിക്കുന്നില്ല എന്ന് അങ്ങയ്ക്ക് ബോദ്ധ്യപ്പെട്ടപ്പോൾ അങ്ങ് പരസ്യം ചെയ്തു ഞാൻ "ത്രെട്ടൺ" ചെയ്തു എന്നും ഗുണ്ടാസംഘത്തിൽപ്പെട്ടു എന്നും, എന്നെ പരിചയപ്പെട്ടിട്ടുള്ള പാശ്ചാത്യ പൗരസ്ത്യരാജ്യങ്ങളിലെ എല്ലാ മലയാളികൾക്കും നന്നായി അറിയാം ഞാൻ അങ്ങനെയുള്ള സ്വഭാവക്കാരനല്ല എന്നത്. അച്ചായൻ പറയുന്നതിൽ ശരിയുണ്ട് അച്ചായൻ ധൈര്യത്തോടെ മുന്നോട്ടു പോകുക എന്ന് എന്റെ ശുദ്ധ മനസ്സാക്ഷിക്ക് കളങ്കം വരുത്തി ഞാൻ അങ്ങയ്ക്ക് ഒത്താശ പറഞ്ഞിരുന്നെങ്കിൽ എന്നെ വാനോളം പുകഴ്ത്തി ഒട്ടും സമയം ഇല്ലാത്ത എന്നെ ലൂസിയാനയ്ക്ക് അങ്ങയുടെ ചലവിൽ കൊണ്ടുപോയി ഒരാഴ്ച താമസിപ്പിച്ച് നല്ല ഒരു സംഭാവന ഒക്കെ തന്ന് "മോൻ ഇനിയും പഠിക്കണം, മിടുക്കനാകണം" എന്നൊക്കെ പറഞ്ഞ് അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ കൊണ്ട് ഫെയ്സ്ബുക്കിലെ വാചകങ്ങൾക്ക് ഒന്നുകൂടി സാഹിത്യം കലർത്തി എന്നെ ഉയർത്തുമായിരുന്നു. നിരപരാധിയായ ഒരു ദൈവദാസനെ നീചമായി ക്രൂശിക്കുന്നവരോടു ചേർന്ന് നിന്ന് അവരുടെ പ്രശംസയും, സ്നേഹവും പിടിച്ചുപറ്റി മാന്യത നേടുന്ന ഒരു വേദശാസ്ത്രമല്ല ഞാൻ പഠിപ്പിച്ചിട്ടുള്ളത്. അനേക ദൈവദാസന്മാർക്ക് അങ്ങ് കത്ത് അയച്ചല്ലോ. ദീർഘവർഷങ്ങളായി സുവിശേഷ ഗോളത്തിൽ മാതൃകയോടെ നില്ക്കുന്ന പ്രായം ഉള്ള ദൈവഭൃത്യനാണല്ലോ കാനം അച്ചൻ. അദ്ദേഹത്തിന്റെ പേര് വിട്ടുപോയതാണോ? അതോ വർഷങ്ങൾക്ക് മുൻപ് വാക്പയറ്റ് നടത്തി അങ്ങ് പരാജയം ഏറ്റുവാങ്ങിയകാലം അനേകർ എന്നെ ഓർമ്മിപ്പിച്ചു. ആ പക ഇന്നും ഉള്ളതുകൊണ്ടാണോ? അച്ചനിൽ നിന്ന് പണ്ടത്തെപ്പോലെ ചുട്ട മറുപടി കിട്ടും എന്ന് ഭയന്നിട്ടാണോ? അറിയപ്പെട്ട പലർക്കും കത്തയച്ചിട്ടും കാനം അച്ചനെ ഓർക്കാതെ പോയത്. അതൊന്നും ആരും അറിയണ്ട പോകട്ടെ.

ഞാനും എന്റെ പിതാവും മാതാവും എന്റെ അമ്മാച്ചന്മാരും വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഡോക്ടർ ഏഴംകുളം സാംകുട്ടിക്ക് സമൂഹമധ്യത്തിൽ ഒരു ദോഷവും വരരുത് എന്ന ആത്മാർത്ഥതയിൽ നിന്നാണ് ഞാൻ അങ്ങയോട് സംസാരിച്ചത്. എനിക്ക് അത്യാവശ്യമായിട്ട് മറ്റൊരു ഭവനത്തിലേക്ക് പോകണം എന്നതിനാൽ എന്നെ കൂട്ടികൊണ്ടു പോകുവാൻ ഒരു സഹോദരൻ പുറത്ത് വന്നു നില്ക്കുന്നു എന്ന കാര്യം ഓർപ്പിച്ച് ഞാൻ ഫോൺ വെയ്ക്കുവാൻ തയ്യാറായപ്പോൾ "ഷിബു ഫോൺ വെയ്ക്കല്ലെ" പുഷ്പയോട് "ഒരു ഹായ്" പറഞ്ഞിട്ടേ വെയ്ക്കാവു. ഇതും വളരെ സന്തോഷത്തോടെയാണ് അങ്ങ് എന്നോട് പറഞ്ഞത്. അച്ചായാ എന്നെ കൊണ്ടു പോകുവാൻ വന്ന ആൾ വളരെ നേരമായി കാത്തു നില്ക്കുന്നു നമുക്ക് തമ്മിൽ വൈകിട്ട് വീണ്ടും സംസാരിക്കാം, "എന്നാൽ ആകട്ടെ ഷിബു വൈകിട്ട് ഞാൻ വീണ്ടും വിളിക്കാം". എന്ന് പറഞ്ഞാണ് സംഭാഷണം അവസാനിപ്പിച്ചത്. ഞാൻ പറഞ്ഞ ഈ വസ്തുതകൾ ശരിയാണോ എന്നറിയുവാൻ ഈമെയിൽ ലേഖനത്തിൽ "സംഭാഷണം പോലിസ് ഡിപ്പാർട്ടുമെന്റിൽ അറിയിച്ച് റെയ്സ് ചെയ്യും" എന്നെഴുതിയിരുന്നല്ലോ. ഒരു മിഡിയേറ്ററെ വച്ച് 2016 ജൂൺ 4-ാം തീയതി രാവിലെ ഞാനും അങ്ങും തമ്മിൽ സംസാരിച്ച സംഭാഷണം നിശ്ചയമായും റെയ്സ് ചെയ്യുവാൻ ഞാൻ സ്നേഹത്തോടെ ആവശ്യപ്പെടുന്നു. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് ആ നിലയിൽ ലോകം അറിയട്ടെ. വൈകിട്ട് എപ്പോഴെങ്കിലും അങ്ങ് വിളിക്കും എന്ന് ഞാൻ പ്രതീക്ഷിച്ചു. എന്നാൽ സംഭവിച്ചത് അന്ന് രാത്രി 12 മണി കഴിഞ്ഞ സമയത്ത് എന്നെയും മറ്റു ചില സഹോദരന്മാരേയും കോർത്തിണക്കി ഒരു ലേഖനം ഈമെയിൽ കൂടി അങ്ങ് പരസ്യം ചെയ്യുകയായിരുന്നു. സാംകുട്ടിച്ചായൻ യാതൊരു കാരണവും കൂടാതെ എന്നെ പരസ്യമായി കുറ്റപ്പെടുത്തി പരസ്യം ചെയ്ത ഈമെയിൽ എന്നെ മാനസ്സികമായി വളരെ തളർത്തി. ഞാൻ ഇന്നു വരെ ഒരു കാര്യത്തിലും ആരെയെങ്കിലും വെല്ലുവിളിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഗുണ്ടായിസവും മറ്റും കാണിക്കുന്നവരോട് ഞാൻ സമദൂരം പാലിക്കുകയും, മാധ്യമങ്ങളിലും, പ്രസംഗങ്ങളിലും ഞാൻ ശക്തമായി ശകാരിക്കുകയും താക്കീത് ചെയ്ത് എഴുതുകയും ചെയ്യുന്ന ആളാണ്. എന്നെക്കുറിച്ച് കേരളാ സ്റ്റേറ്റിൽ അന്വേഷിച്ചാൽ അത് വ്യക്തമാകും. എന്റെ പിതാവിന്റെ സ്വഭാവവും അങ്ങനെ തന്നെയാണ്. അത് അങ്ങ് തന്നെ സമ്മതിച്ചിട്ടുണ്ടല്ലോ.

ബഹുമാനപ്പെട്ട ഇട്ടി സാറിന്റെ ബോഡി കുക്ക് സായ്പ്പിന്റെ ബംഗ്ലാവിന്റെ മുമ്പിൽ നിന്നും മാന്തിയെടുത്ത് പത്തനാപുരത്ത് കൊണ്ടുപോയി സ്ഥാപിക്കണം എന്ന് ഈമെയിൽ ചെയ്തല്ലോ. വാതല്ലൂർ കുടുംബത്തിന്റെയും കോന്നി ഗ്രൂപ്പിന്റെയും വലയത്തിൽ പാസ്റ്റർ എം. കുഞ്ഞപ്പി അകപ്പെട്ടാണ് ഇത് ചെയ്തത് എന്ന് അങ്ങ് എഴുതിയത് എന്ത് അടിസ്ഥാനത്തിലാണ്? ആരാണ് ഈ വ്യാജ സന്ദേശം അങ്ങേ അറിയിച്ചത്. ഇട്ടി സാർ മരിക്കുമ്പോൾ പാസ്റ്റർ എം.കുഞ്ഞപ്പി ഇൻഡ്യയിലില്ലായിരുന്നു എന്നറിയാമോ? അന്നത്തെ സ്റ്റേറ്റ് കൗൺസിലും, ഗവേണിംഗ് ബോഡി സെക്രട്ടറിയുമാണ് ഔദ്യോഗിക സ്ഥാനത്തിരിക്കുമ്പോൾ മരിച്ച വ്യക്തിയെ മുളക്കുഴയിൽ അടക്കണമെന്ന് തീരുമാനം എടുത്തത്. പാസ്റ്റർ എം. കുഞ്ഞപ്പി സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി എന്ന നിലയിൽ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുക മാത്രമാണ് ചെയ്തത്. വസ്തുനിഷ്ഠമായ അറിവുകളോ അന്വേഷണമോ ഇല്ലാതെ ആരോ വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഈ മെയിൽ അയക്കുകയല്ലേ ചെയ്തത്. ഇതു പോലെ അല്ലെ അങ്ങ് അങ്ങയുടെ ഭാവനയിലെ ABC ക്കെതിരെ ആക്ഷേപം ഉന്നയിച്ചത്. 14 വർഷം മുമ്പ് നടന്ന കാര്യം ഇപ്പോൾ വെറുതെ ഉന്നയിച്ച് നിത്യതയിൽ വിശ്രമിക്കുന്ന ബഹു. ഇട്ടിസാറിനെയും വാതല്ലൂർ കൂടുംബത്തെയും, കോന്നി കുടുംബങ്ങളേയും ആക്ഷേപിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശം എന്താണ്?

അങ്ങയെ ചട്ടുകമായി ഉപയോഗിക്കുന്ന ഒരു ലോബി ഉണ്ടെന്ന് മനസ്സിലാക്കുന്നു. അമേരിക്കയിൽ ചർച്ച് ഓഫ് ഗോഡിലെ അനേകം സീനിയർ പാസ്റ്റേഴ്സ് ഉണ്ട്. അവരൊക്കെ വിശുദ്ധിക്കുവേണ്ടി നില്ക്കുന്നവരല്ലേ. അമേരിക്കയിൽ വിശുദ്ധിക്കു വേണ്ടി വാദിക്കുന്നത് അങ്ങ് മാത്രമാണോ? മറ്റാർക്കും ഇല്ലാത്ത ആവേശം അങ്ങേയ്ക്കു മാത്രം ഉളവായതിന്റെ രഹസ്യം എന്താണ്? എന്നെയും പാസ്റ്റർ ജെ. ജോസഫിനേയും ചേർത്ത് അങ്ങ് എന്നോട് ഒരു ആരോപണം പറഞ്ഞല്ലോ? അത് സത്യവിരുദ്ധമാണെന്ന് ഞാൻ അങ്ങയെ ബോധ്യപ്പെടുത്തിയപ്പോൾ അങ്ങയുടെ മറുപടി, എന്നാൽ "അതു പോകട്ടെ ഷിബു ഇത് എന്നെ ഒരാൾ തെറ്റുധരിപ്പിച്ചതാ വിട്ടുകള" ഇതുപോലെ അല്ലെ അങ്ങ് കേട്ടതിന്റെയെല്ലാം പരമാർത്ഥത. ഇതു പോലെയല്ലെ മറ്റുള്ളവരെക്കുറിച്ചും മറ്റുള്ളവർക്കെതിരെയും അങ്ങ് ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്.

അങ്ങ് എന്നെക്കാളൊക്കെ എത്രയോ ഉന്നതനാണ്. അങ്ങയുടെ വായിൽ നിന്ന് വരുന്ന വാക്കുകൾ, വാചകങ്ങൾ എത്രയും ഉന്നതവും, ആത്മീയവും ആയിരിക്കണം. ആ മാന്യത വിട്ടല്ലെ ഒരു മണിക്കൂർ ഫോണിൽ സംസാരിച്ചത്. ഞാൻ പ്രകോപിതനായില്ല എന്നും വളരെ സൗമ്യമായും ശാന്തമായുമാണ് സംസാരിച്ചതെന്ന് തുടർന്ന് അങ്ങ് ഇറക്കിയ കത്തുകളിൽ വ്യക്തമാക്കിയല്ലോ. ആദ്യത്തെ കത്ത് ഏഴുതിയപ്പോൾ വായനക്കാർക്ക് മറ്റൊരു ഭാവവും ചിന്തയും എന്നെക്കുറിച്ച് ഉണ്ടാകുവാൻ മനഃപൂർവ്വം കരുതിക്കൂട്ടി ചില വാക്കുകൾ ഉപയോഗിച്ചതല്ലെ. എനിക്ക് ബോദ്ധ്യപ്പെടാത്ത ഒരു കാര്യത്തിന് ഞാൻ അങ്ങയുടെ ആരോപണങ്ങളെ പിൻതാങ്ങിയില്ല അതു കൊണ്ട് ഞാൻ മോശക്കാരനായി ഇതല്ലെ അങ്ങയുടെ ഭാഷ്യം. വായിക്കുന്നവർ അത്ര കഴുതകളാണോ? അവരും ചിന്തിക്കുകയില്ലെ. അങ്ങയ്ക്ക് ഞാൻ അയച്ച പേഴ്സണൽ കത്തിൽ മറുപടി പ്രതീക്ഷിച്ച് കുറെ ചോദ്യങ്ങൾ ചോദിച്ചിരുന്നു. ഒന്നിനെങ്കിലും അങ്ങ് മറുപടി നല്കിയോ? നല്കുവാൻ കഴിയുമോ? ലൂസിയാനയിൽ നിന്നുള്ള ഈമെയിൽ സന്ദേശങ്ങൾ അങ്ങ് മതിയാക്കുക. ഈ യുദ്ധം ഞങ്ങളുടെ സാംകുട്ടിച്ചായന് പറ്റിയതല്ല. ആനയ്ക്ക് മറഞ്ഞ് നിന്ന് കല്ല് എറിഞ്ഞിട്ട് വാഴയ്ക്ക് മറയുന്ന പഴഞ്ചൊല്ല് പോലെ കല്ലുകൾ എല്ലാ

വരുടെയും കയ്യിൽ ഉണ്ട്. തിരിച്ച് ഏറു കിട്ടാതെ നമ്മൾ സൂക്ഷിക്കുക. ശക്തമായ ഏറു നടത്തിയിട്ട് ഞങ്ങൾ കുടുംബമായി വലിയ 'ക്രൈസിസിൽ ആണേ! എല്ലാവരും പ്രാർത്ഥിക്കണമെ!' മറ്റുള്ളവർ പുച്ഛിക്കുകയല്ലാതെ ആരെങ്കിലും പ്രാർത്ഥിക്കുമെന്ന് അങ്ങ് കരുതുന്നോ? സുവിശേഷം നിമിത്തം "ക്രൈസിസിൽ" ആയാൽ പ്രാർത്ഥിക്കണമെന്നു പറയുന്നതിന് മാന്യത ഉണ്ട്. നിരപരാധിയായ ഒരു ദൈവദാസനെ "അടപടലോടെ" തകർക്കുവാൻ അനാവശ്യമായ അമ്പുകൾ എയ്ത് വിട്ടിട്ട് തിരിച്ചടി ഓർത്ത് വേവലാതിപ്പെട്ട് ഉറക്കവും സ്വസ്ഥതയും നഷ്ടപ്പെട്ട് സമനില തെറ്റി പ്രാർത്ഥനാഭ്യർത്ഥന നടത്തിയാൽ ആർക്കും സഹതാപം ഉണ്ടാകയില്ല എന്ന് വളരെ വിനയത്തോടും സ്നേഹത്തോടും അറിയിക്കുന്നു. അങ്ങ് ദൈവസഭയിൽ നിന്ന് രാജിവെച്ചു എന്ന് പലവട്ടം പ്രസിദ്ധീകരിച്ചല്ലോ. ഒരിക്കൽ പരസ്യപ്പെടുത്തിയാൽ പോരെ, കൂടെക്കൂടെ ഇംഗ്ലീഷ്ഭാഷയിൽ പ്രസിദ്ധീകരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. അതോടൊപ്പം കൂട്ടത്തോടെ അനേകർ രാജി വയ്ക്കും എന്ന് അങ്ങ് കരുതിയോ? അങ്ങയുടെ രാജിയെ ആരും തടഞ്ഞില്ലേ? കത്തുകൾ എഴുതുവാൻ അങ്ങയെ പ്രേരിപ്പിച്ചവരും ഒരു വാക്ക് പറഞ്ഞില്ലേ പോകല്ലേ എന്ന്. അവരെങ്കിലും അങ്ങയോടു കൂടി ദൈവസഭയിൽ നിന്ന് രാജി ചെയ്യും എന്ന് പ്രതീക്ഷിച്ചുവോ? സാംകുട്ടിച്ചായാ, അവരാരും മണ്ടന്മാരല്ല. അവരാരും ദൈവസഭ വിട്ടു പോകയില്ല. അങ്ങനെയൊക്കെ അച്ചായൻ പ്രതീക്ഷിച്ചു. പക്ഷേ ആരും അതൊന്നും കണക്കിലെടുത്തില്ല. അങ്ങ് രാജി വയ്ക്കേണ്ട ഒരു കാലഘട്ടം ഉണ്ടായിരുന്നു. 93,94,95 ദൈവസഭയുടെ കാലഘട്ടം അന്ന് അങ്ങ് എല്ലാറ്റിനും കൂട്ടുനിന്നു. ബന്ധവും സ്വന്തവും പറഞ്ഞ് കൂടെ നിന്നു. ഇന്ന് ഒരു പാവം ദൈവദാസന് അദ്ധ്യക്ഷസ്ഥാനത്ത് വരും എന്ന പ്രതീക്ഷ മാത്രമേ ഉള്ളൂ. വന്നില്ല. അപ്പോഴേക്കും രാജി സമർപ്പണം, കോലാഹലം, കത്തുകളുടെ പ്രവാഹം, ഊമക്കത്തുകളുടെ വ്യാപാരം, സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ സഹോദരന്റെ കണ്ണിലെ കരട് നീക്കുവാനും കുറ്റപ്പെടുത്തുവാനും എങ്ങനെ കഴിയും എന്ന യേശുനാഥന്റെ ചോദ്യം എത്ര അർത്ഥവത്താണ്. ദൈവസഭയുടെ മുൻ ഓവർസിയർമാർ മുടക്കിയ ഗുരുതര പാപം ചെയ്തവരെ പിൽക്കാലത്ത് വന്ന നേതൃത്വം തിരിച്ചെടുത്തു. ഉന്നതസ്ഥാനങ്ങൾ നൽകി ആദരിച്ചു. അങ്ങ് അറിഞ്ഞില്ലേ? അതിനെതിരെ ഒന്നും അങ്ങ് പ്രതികരിച്ചില്ലല്ലോ. വലിയ ആൾബലമോ ബന്ധങ്ങളുടെ വലിയ ഉന്നതികളോ പറയാനില്ലാത്ത ഒരു എളിയ ദൈവദാസനെ കിട്ടിയപ്പോൾ സിംഹം ആട്ടിൻകുട്ടിയെ വെച്ച് ഞെരിക്കുന്നതു പോലെ ഞെരിച്ച് ഇല്ലാതാക്കുന്ന ക്രൂരത. വളരെ സൗമ്യതയോടും ശാന്തമായും ദൈവഭയത്തോടും ഒരു ഗുണദോഷം തരുന്നതു പോലെ സംസാരിച്ച എന്നെ മറ്റൊരർത്ഥത്തിൽ ചിത്രീകരിച്ച് അപമാനിക്കുവാൻ ശ്രമിച്ച അങ്ങയോട് ദൈവം ക്ഷമിക്കട്ടെ.

അങ്ങയെ ഉപദേശിച്ച ഞാൻ അബദ്ധക്കാരനായി. അങ്ങയെ ഫോൺ ചെയ്തതിലും സംസാരിച്ചതിലും ഞാൻ എന്നെത്തന്നെ കുറ്റപ്പെടുത്തുന്നു. ഞാൻ അങ്ങയെ വിളിച്ചത് തെറ്റിപ്പോയി. അങ്ങ് ക്ഷമ ചോദിക്കേണ്ട. അങ്ങ് എത്രയോ വലിയവനാണ്. ഞാൻ എത്രയോ ചെറിയവനാണ്. ഞാൻ എളിമയോടെ അങ്ങയോട് ക്ഷമ ചോദിക്കുന്നു. ഞാൻ സ്നേഹത്തോടെ പറഞ്ഞ ഉപദേശവാക്കുകൾ ഞാൻ പിൻവലിച്ചിരിക്കുന്നു. സർവ്വേശ്വരൻ അങ്ങയേയും കുടുംബത്തേയും അനുഗ്രഹിക്കട്ടെ. (സങ്കീർത്തനം 19:12-14) വരെയുള്ള വാക്യം പ്രബോധനമായി ദൈവസ്നേഹത്തിൽ നൽകിക്കൊണ്ട് തല്ക്കാലം ഈ കത്ത് ചുരുക്കുന്നു. അങ്ങയോട് ഈ വാക്യങ്ങൾ പറയുവാൻ പോലും എനിക്ക് യോഗ്യതയില്ലായിരിക്കാം. എങ്കിലും ഇത് എന്റെ വചനങ്ങളല്ലല്ലോ. അതുകൊണ്ട് ഞാൻ പ്രാഗത്ഭ്യത്തോടെ അറിയിക്കുന്നു ഈ എഴുത്തുകുത്തുകൾ നമ്മൾ രണ്ടുപേരും ഇവിടം കൊണ്ട് അവസാനിപ്പിക്കുന്നതാണ് നല്ലത്. ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ.

എന്ന് കർത്താവിൽ എളിയ സഹോദരൻ

**ഷിബു കെ. മാത്യു, തിരുവല്ല.**

# ആരാധനാലയം സമർപ്പിച്ചു



**മാവേലിക്കര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് ദൈവസഭയ്ക്കായി പണികഴിപ്പിച്ച ആലയത്തിന്റെയും വിശ്വാസഭവനത്തിന്റെയും പ്രതിഷ്ഠ ശുശ്രൂഷ ജൂൺ 3ന് രാവിലെ 10 മണിക്ക് മാവേലിക്കര സെന്റർ പാസ്റ്റർ കെ. എം ചെറിയാന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ ജെയിംസ് നിർവ്വഹിച്ചു. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, മുൻ സെക്രട്ടറി പാസ്റ്റർ പി. സി. ചെറിയാൻ, കൗൺസിൽ അംഗം പാസ്റ്റർ സജി ജോർജ്ജ്, പാസ്റ്റർമാരായ പി. സി എബ്രഹാം, ജോസ് ബേബി, പി. ജെ തോമസ്, റെജി കെ. തോമസ്, മോൻസി എബ്രഹാം, കെ. എം. ജോയി, ജെ. രാജൻ, സണ്ണി. പി. സാമുവേൽ , കൂടാതെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സഭാ സെക്രട്ടറി ബ്രദർ പി. ജോസഫ് സ്വാഗതവും ബ്രദർ എം. റ്റി യേശുദാസ് നന്ദിയും അറിയിച്ചു. വൈ.പി.ഇ സ്റ്റേറ്റ് പ്രെസിഡന്റ് പാസ്റ്റർ സജി എബ്രഹാം ഇവിടെ ശുശ്രൂഷിക്കുന്നു.

# ഐ.പി.സി.കോൺഫറൻസ്: ഫ്ളോറിഡ ഒരുങ്ങുന്നു


റവ.കെ.ജെ. തോമസ്


റവ.രാജു മേത്ര


റവ.റോയ് മാർക്കര


റവ.ആൻഡ്രൂ ഗാർഡ്


റവ. ബേബി വർഗീസ്


റവ.സാം ജോർജ്


റവ.വത്സൻ എബ്രഹാം


റവ.ബ്ലിസ് വർഗീസ്

**ഫ്ളോറിഡ:** ജൂലൈ 28 മുതൽ 31 വരെ ഫോർട്ട് ലോർഡർഡേയ്ൽ മാരിയോട്ട് കോറൽ സ്പ്രിംഗ്സ് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന പതിനാലാമത് ഐ.പി.സി ഫാമിലി കോൺഫറൻസിന് അമേരിക്കയിൽ നിന്നുമുള്ള പ്രസംഗകരെ കൂടാതെ കേരളത്തിൽ നിന്നു അതിഥി പ്രസംഗകരെത്തുന്നു.

സുപ്രസിദ്ധ കൺവൻഷൻ പ്രാസംഗീകരായ പാസ്റ്റർമാർ കെ. ജെ. തോമസ് (കുമളി), രാജു മേത്ര (റാന്നി), റോയി മാർക്കര എന്നിവരെ കൂടാതെ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ വൈസ് പ്രസിഡണ്ട് റവ. ഡോ. ബേബി വർഗീസ്, ജനറൽ സെക്രട്ടറി റവ. സാം ജോർജ്ജ്, മുൻ ജനറൽ സെക്രട്ടറി റവ. ഡോ. വൽസൺ ഏബ്രഹാം, ബ്ലിസ്സ് വർഗീസ്, ആൻഡ്രു ഗാർഡ് എന്നിവരും വചനം ഘോഷിക്കുന്നതാണ്. സഹോദരീമാർക്കായി ക്രമീകരിച്ചിരിക്കുന്ന പ്രത്യേക സെഷനിൽ ഡോ. ജെസ്സി ജെയിസൺ മുഖ്യ പ്രാസംഗകയായിരിക്കും

കോൺഫറൻസിന് കടന്നുവരുന്നവരുടെ സൗകര്യാർത്ഥമുള്ള താമസ സൗകര്യവും, രുചികരമായ ഇന്ത്യൻ അഭിരുചിയുള്ള ഭക്ഷണ ക്രമീകരണങ്ങളും, അറിയപ്പെട്ട അനുഗ്രഹീത പ്രാസംഗീകരുടെ സാനിദ്ധ്യം കൊണ്ടും ഈ വർഷം മുൻ വർഷങ്ങളേക്കാളും വിശ്വാസികളും ശുശ്രൂഷകരും പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

മാരിയാട്ട് കോറൽ സ്പ്രിംഗ്സ് ഹോട്ടലിലെ മുഴുവൻ മുറികളും കോൺഫ്രൻസിനു വരുന്നവർക്കായി ബുക്കു ചെയ്തിരുന്നതിൽ 80 ശതമാനം മുറികളുടെ റെജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞു. സഫലമായ റെജിസ്ട്രേഷൻ നടക്കുന്നതോടൊപ്പം വിവിധ നിലകളിലുള്ള ക്രമീകരണങ്ങളും തകൃതിയായി നടക്കുന്നു.

പാസ്റ്റർ ജോൺ തോമസ് (നാഷണൽ കൺവീനർ), ബ്രദർ ജോസ് സാമുവേൽ (നാഷണൽ സെക്രട്ടറി), ബ്രദർ സാം വർഗീസ് (നാഷണൽ ട്രഷറാർ), ബ്രദർ സാം മാത്യു (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ഷേർളി ചാക്കോ (ലേഡീസ് കോർഡിനേറ്റർ) എന്നിവർ ഈ വർഷത്തെ സമ്മേളനത്തിന് സാരഥ്യമേകും.

കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ രജിസ്ട്രേഷനും: www.ipcfamilyconference.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ പ്രതിക്ഷേധം ശക്തമാകുന്നു

(1-ാം പേജ് തുടർച്ച)

പോലീസിനെക്കൊണ്ട് അത് തടയുക എന്ന തീരുമാനത്തിൽ എത്തി എന്നാണ് അറിയുന്നത്. പാസ്റ്റേഴ്സ് മുളക്കുഴയിൽ ജൂൺ 14ന് വരാതിരിക്കേണ്ടതിന് ഓഫീസിൽ നിന്നും പാസ്റ്റേഴ്സിനെ വിളിച്ചറിയിച്ചു. എങ്കിലും മൂന്നുറിലധികം ശുശ്രൂഷകന്മാർ സീയോൻ കുന്നിൽ വന്നിരുന്നു. അവിടുത്തെ രംഗങ്ങൾ കണ്ട് വളരെ വേദനയോടെ ഞങ്ങൾ മടങ്ങിപോന്നു എന്നാണ് ശുശ്രൂഷകന്മാർ പറയുന്നത്. ദൈവസഭയുടെ ചരിത്രത്തിൽ ഇങ്ങനെ ഹൃദയഭേദകമായ ഒരു സംഭവം ഉണ്ടായിട്ടില്ല. കുക്ക് സായ്പിന്റെ രക്തം വീണ സീയോൻ കുന്ന് ശാപഭൂമിയായി മാറി എന്ന് അനേകർ വിലപിച്ചിരുന്നു. ജൂൺ 14ന് നിഷ്കളങ്കനായ ഒരു ദൈവദാസന്റെ കണ്ണുനീർ തുള്ളികൾ സീയോൻ കുന്നിന്റെ മണ്ണിൽ വീഴുന്നത് കണ്ട അനേകർ വീണ്ടും കണ്ണുനീർ പൊഴിച്ചു. മറ്റൊരു ശാപം കൂടി സീയോൻ കുന്ന് ഏറ്റുവാങ്ങി. ഈ വിഷയത്തിൽ ചട്ടുകമായി ഉപയോഗിക്കപ്പെട്ടവരുടെ പേരുകൾ പൊതുവേ ഏവർക്കും അറിയാം. പേരുകൾ ഇപ്പോൾ പരസ്യപ്പെടുത്തുന്നില്ല. സൊസൈറ്റിക്കെതിരെ അവകാശങ്ങൾ ഉന്നയിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്ത വാദികൾക്കെതിരെ സൊസൈറ്റിയുടെ ഭാഗത്ത് നിന്ന് വാദിച്ച് സഭയ്ക്കും, പോളിസിക്കും സംരക്ഷണം നല്കുവാൻ ധൈര്യത്തോടെ നില്ക്കേണ്ട സഭാ നേതൃത്വം സൊസൈറ്റിയുടെ ഭാഗത്ത് അഡ്വക്കേറ്റിനെ വയ്ക്കാതെ വാദികൾക്ക് എക്സ്പാർട്ടി വിധി സമ്പാദിച്ചു കൊടുത്തു എന്നതാണ് പരക്കെയുള്ള ഗുരുതരമായ ആക്ഷേപം. വിശ്വാസികളുടെ ആവശ്യങ്ങൾ നേടികൊടുക്കുന്നതിൽ സഭാനേതൃത്വത്തിന് അനുകൂല മനോഭാവം ഉണ്ടാകുന്നതിൽ തെറ്റില്ല. മറ്റ് പാസ്റ്റേഴ്സിനും അതിൽ വിരോധമില്ല. എന്നാൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്ത് നേതൃത്വത്തിൽ ആക്കപ്പെട്ട വ്യക്തി സൊസൈറ്റിക്കുവേണ്ടിയും ഇപ്പോൾ നിലനില്ക്കുന്ന ഭരണഘടനയ്ക്ക് വേണ്ടിയും വേൾഡ് മിഷനുവേണ്ടിയും എന്ത് ത്യാഗം സഹിച്ചും നിലകൊള്ളേണ്ടതാണ്. കേസിൽ ജയമോ, തോൽവിയോ എന്നതല്ല, ഏല്പിച്ച സ്ഥാനത്ത് നിന്നുകൊണ്ടുള്ള ദൗത്യനിർവ്വഹണത്തിൽ നേതൃത്വത്തിന് പരാജയം ഉണ്ടായി എന്നതാണ് ശുശ്രൂഷകന്മാരുടെ നിലപാട്. ദൈവസഭയോട് വിശ്വസ്തത പുലർത്തിയില്ല എന്ന് ഏവരും വിലയിരുത്തുന്നു.

സഭാ നേതൃത്വം എന്തുകൊണ്ട് പ്രിഫ്രൻസ് ബാലറ്റിനെ ഭയപ്പെടുന്നു. പ്രിഫ്രൻസ് നടത്തുന്നതിന് ഒരു മാസം മാത്രം കാലയളവുള്ളപ്പോൾ "വോട്ടവകാശം" എന്ന പേരിൽ ഉടനെ നടക്കാത്ത കാര്യത്തിന് എന്തിന് വിശ്വാസികളെ ഇളക്കിവിട്ടു. വിശ്വാസികളേക്കാൾ സഭാ പോളിസിയുടെ വിവിധ വശങ്ങൾ നന്നായി അറിയാവുന്നവരല്ലെ നേതൃത്വത്തിലുള്ളത്? സഭാ നേതൃത്വം എന്തുകൊണ്ട് വിശ്വാസികളെ പറഞ്ഞ് ബോധവല്ക്കരിച്ചില്ല? അതുകൊണ്ട് അദ്ധ്യക്ഷസ്ഥാനം നിർത്തുവാൻ കഴിയുമോ? ദൈവസഭയ്ക്കുണ്ടായ ഈ അപമാനത്തിന്റെ ഉത്തരവാദികളെ ശിക്ഷിക്കുവാൻ ആര് തയ്യാറാകും? സൊസൈറ്റിയ്ക്കെതിരെ കേസ് കൊടുക്കുന്നവരുടെ സഭാംഗത്വം നഷ്ടപ്പെടും എന്ന് പോളിസിയിൽ എടുത്തു പറയുന്നു അവർക്കെതിരെ കൗൺസിൽ വിളിച്ചുകൂട്ടി നേതൃത്വം നടപടി സ്വീകരിച്ചുവോ? റീജിയൻ ഓവർസിയറും കേരളാ സ്റ്റേറ്റ് ഓവർസീയറും കൂടി ഒത്തുകൂടിയാണ് സൊസൈറ്റിക്കെതിരെ കേസ് കൊടുപ്പിച്ചത് എന്ന് പൊതുവേ സംസാരമുണ്ട്. നേതൃത്വത്തിന്റെ മറുപടി എന്താണ്? ക്രിഡൻഷ്യൽ ഉള്ള പാസ്റ്റേഴ്സിന് മാത്രമേ വോട്ടവകാശമുള്ളു എന്ന് സൂപ്രണ്ട് അറിയിച്ചപ്പോൾ ശാന്തമായി പ്രിഫ്രൻസ് നടത്തിയിട്ട് തുടർന്ന് ഇങ്ങനെയാകരുത് അടുത്ത പ്രിഫ്രൻസിന് മുൻപ് ഞങ്ങൾക്കും വോട്ടവകാശം തരണം എന്ന് ദൈവസ്നേഹത്തിൽ ക്രിസ്തീയ മര്യാദയിൽ സൂപ്രണ്ടിനോടു പറഞ്ഞിരുന്നു എങ്കിൽ എത്ര മാന്യമായിരുന്നു. കേരളാ സ്റ്റേറ്റിന് എത്രമാത്രം അഭിമാനമായിരുന്നു. ചിലരുടെ വ്യക്തി താല്പര്യവും വിധേയത്വമില്ലാത്ത എടുത്തുചാട്ടവും അല്ലേ ഈ പ്രശ്നത്തിന് കാരണമെന്ന് ദൈവദാസന്മാർ ചോദിക്കുന്നു. 2016 ജൂൺ 14 എന്ന കറുത്തദിനം ദൈവസഭയുടെ ചരിത്രതാളുകളിൽ ഇടം പിടിച്ചതിൽ ഏവരും ദുഃഖിക്കുന്നു. ശുശ്രൂഷകന്മാരിലും വിശ്വാസികളിലും ഉയർന്നിരിക്കുന്ന ആശങ്കകളും ചോദ്യങ്ങളുമാണ് മുകളിൽ പ്രസ്താവിച്ചതെല്ലാം. തന്നെ അനുസരിക്കണമെന്ന് അവകാശപ്പെടുന്ന ഓവർസീയർ അദ്ദേഹത്തിന്റെ സൂപ്രണ്ടിനെ ധിക്കരിക്കുകയും പോലീസ് പടയെ വരുത്തി അദ്ദേഹത്തെ സീയോൻ കുന്നിൽ നിന്ന് ഓടിക്കുകയും ചെയ്ത സാഹചര്യത്തിൽ ഞങ്ങൾ ഇനി എന്തിന് ഓവർസീയറെ അനുസരിക്കണമെന്ന് ശുശ്രൂഷകന്മാർ ചോദിക്കുന്നു. സ്റ്റാറ്റസ്ക്കോ നിലനിർത്തുവാൻ കോടതി വിധിച്ചു എന്നും ഇലക്ഷൻ സ്റ്റേ ചെയ്തു, നടക്കത്തില്ല എന്ന് പരസ്യം ചെയ്തു. അപ്പോൾത്തന്നെ റീജിയനിൽ പ്രഫ്രൻസ് നടന്നു. വ്യാജങ്ങൾ പരത്തുന്നത് മതിയാക്കുക. ഞങ്ങൾക്ക് തുടർന്ന് നേതൃത്വം നല്കേണ്ടത് ആരാണ് ആ വ്യക്തിയെ തെരഞ്ഞെടുക്കുവാനുള്ള ഞങ്ങളുടെ അവകാശം നിക്ഷേധിച്ച നേതൃത്വവും, കൂടെ നില്ക്കുന്നവരും ഗുരുതരമായ കുറ്റമാണ് ചെയ്തത് എന്ന് ശുശ്രൂഷകന്മാർ അഭിപ്രായപ്പെടുന്നു. അവരോട് പൊറുക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല എന്ന സംസാരമാണ് ശുശ്രൂഷകന്മാരുടെ ഇടയിൽ ഉയർന്നു കേൾക്കുന്നത്. വേൾഡ് മിഷൻ തുടർന്ന് പുതിയതായി ആരെ നിയമിക്കുന്നുവോ അത് ആരായിരുന്നാലും ഞങ്ങൾ തള്ളി കളയുകയില്ല ഞങ്ങൾ ഏകമനസ്സോടെ സ്വീകരിക്കും എന്ന് ശുശ്രൂഷക അഭിപ്രായ സർവ്വേയിൽ നിന്ന് വ്യക്തമായിരിക്കുകയാണ്. തിരുഹിതപ്രകാരം ഉള്ളവർ നിയമനം ഏറ്റു വാങ്ങട്ടെ എന്ന് ഏവരും പ്രാർത്ഥിക്കുന്നു.

# സുവിശേഷവും മാർക്കറ്റിങ്ങും




പാസ്റ്റർ എം. കുഞ്ഞപ്പി

സുവിശേഷഗോളം ഇന്ന് എല്ലാവിധത്തിലും തനിമ നഷ്ടപ്പെട്ട അവസ്ഥയിൽ പുകയുകയാണ്. യഥാർത്ഥ അഗ്നിപ്രവാഹമല്ല ഇന്ന് കാണുന്നത് അന്യാഗ്നി പ്രവാഹമാണ് (Un Authorised Fire) ദൈവീക അംഗീകാരമില്ലാത്ത “തീ കത്തിയ്ക്കൽ” കാഴ്ചയിൽ നിൽക്കുന്നു, പക്ഷേ ഈ തീ കത്തിയത് കർത്താവ് അറിഞ്ഞില്ല. ഇന്ന് അനേകരുടെ ശുശ്രൂഷയും, കത്തിക്കലും, കൃപാവര ജ്വലനവും കർത്താവ് അറിയുന്നില്ല. പ്രസിദ്ധ സുവിശേഷകനായ ബെന്നിഹിന്നും അടുത്ത സമയത്ത് ഒരു മേജർ സർജറിക്ക് വിധേയനായി. ബോധം കെടുത്തി ഓപ്പറേഷൻ നടന്നുകൊണ്ടിരിക്കുമ്പോൾ പൂർണ്ണമയക്കത്തിൽ തന്റെ ആത്മാവ് സ്വർഗ്ഗസ്ഥലങ്ങളിലേക്ക് പോയി സ്വർഗ്ഗ കവാടത്തിൽ ഒരു ദൂതൻ സംഗീത ഉപകരണവുമായി പാട്ടുപാടിക്കൊണ്ടിരിക്കുന്ന കാഴ്ച. ബെന്നിഹിന്നിനെ കണ്ടപ്പോൾ ദൂതൻ എഴുന്നേറ്റുപോയി. വളരെ ആശങ്കയുള്ളവനായി ബെന്നിഹിൻ. ദൂതനോടു ചോദിച്ചു. ഞാൻ വന്നപ്പോൾ എന്താണ് നീ പാട്ടുനിർത്തി എഴുന്നേറ്റു പോയത്. മറുപടി പറഞ്ഞത് കർത്താവാണ് നിന്റെ പേര് ജീവ പുസ്തകത്തിൽ ഇല്ല. ഞാൻ നിന്നെ അറിയുന്നില്ല. നീ ഭൂതങ്ങളെ പുറത്താക്കി അത്ഭുതങ്ങൾ ചെയ്തു. അന്യഭാഷയിൽ സംസാരിച്ചു. രോഗികളെ സൗഖ്യമാക്കി അധർമ്മം പ്രവർത്തിച്ചവനെ നീ ഭൂമിയിലേക്ക് പോയി മാനസാന്തരപ്പെട്ട് വചനത്താൽ വീണ്ടും ജനിക്കുക അതിന് ഒരു അവസരം കൂടി തരുന്നു വേഗം പൊയ്ക്കൊള്ളുക. അപ്പോഴേക്കും ഓപ്പറേഷൻ കഴിഞ്ഞു ബോധം തെളിഞ്ഞപ്പോൾ ഈ കാഴ്ച ബെന്നിഹിന്നിനെ വല്ലാത്ത ഭാരത്തിലാക്കി. അയ്യോ! ദൈവമെ ഇത്രയും നാൾ ശുശ്രൂഷകൾ ചെയ്ത എന്റെ പേര് ജീവ പുസ്തകത്തിൽ ഇല്ലയോ? അദ്ദേഹം പൊട്ടിക്കരഞ്ഞു. റെയ്നാർഡ് ബോങ്കെയെയും ജോയിസ് മെയറേയും വിളിച്ച് ഈ അനുഭവം പറഞ്ഞു. ഇങ്ങനെ പോയാൽ നാം സ്വർഗ്ഗത്തിൽ കാണുകയില്ല. മാനസാന്തരപ്പെടണം. ഈ സംഭവം മൂലം ഒരു വലിയ മാറ്റം ബെന്നിഹിന്നിന് ഉണ്ടായി. ഇത് ഭാവനയല്ല അദ്ദേഹം തന്നെ ഈ സാക്ഷ്യത്തിന്റെ വീഡിയോ ക്ലിപ്പ് പരസ്യം ചെയ്തിരിക്കയാണ്. ലോകം മുഴുവൻ ആയിരങ്ങൾ ഇത് കണ്ടു കഴിഞ്ഞു. സുവിശേഷത്തെ കച്ചവട ചരക്കാക്കി ഇന്ന് ജനത്തെ വഞ്ചിക്കുന്നവർക്ക് ഈ സംഭവം ഒരു വലിയ മടങ്ങിവരവിന് ഇടയാകട്ടെ.

അടുത്ത സമയത്ത് അടൂരിൽ നടന്ന ഒരു ഉണർവ് യോഗം ഒരു വിദേശ മിഷണറി പ്രസംഗിക്കുന്നു. റ്റിജോ തോമസ് എന്ന പേരിൽ അറിയപ്പെടുന്ന വ്യക്തിയുടെ യോഗമാണ്. വിദേശ മിഷണറി ആത്മാവിൽ പ്രസ്താവിക്കുന്നു. കൃപാവരം വേണ്ടവർ നിങ്ങളുടെ കയ്യിലുള്ള പണം റ്റിജോ തോമസിന്റെ കാല്ക്കൽ വയ്ക്കുക. കൂടുതൽ പണം വച്ചാൽ കൂടുതൽ കൃപാവരം കിട്ടും. മീറ്റിംഗിൽ സംബന്ധിച്ചവർ അനേകർ കഴുതകളെപ്പോലെ തങ്ങളുടെ കൈവശം ഉള്ള പണം മുഴുവൻ റ്റിജോ തോമസിന്റെ കാല്ക്കൽ കുമ്പിട്ട് അർപ്പിച്ചു. പണം കാല്ക്കൽ കൂടുതൽ വീഴുന്നതനുസരിച്ച് റ്റിജോ തോമസ് എന്ന വിരുതൻ അന്യാഗ്നികത്തിക്കുന്നു. ഈ സംഭവത്തിന്റെ വീഡിയോ ക്ലിപ്പ് ഇന്ന് സോഷ്യൽ മീഡിയായിലും, യൂറ്റൂബിലും കാണാം. അപ്പോസ്തല പ്രവർത്തി 8:14-24 വരെ ശ്രദ്ധിക്കുക. ദൈവത്തിന്റെ ദാനങ്ങളെ പണം കൊടുത്ത് വാങ്ങുവാൻ ശ്രമിച്ച ‘ശിമോൻ” എന്ന് പേരുള്ളവന് സംഭവിച്ചത് എന്താണ് ദൈവത്തിന്റെ ന്യായവിധി അവന്റെ മേൽ വരുകയായിരുന്നു. ‘നിന്റെ പണം നിന്നോടു കൂടെ നശിച്ചു പോകട്ടെ. പണം ലക്ഷ്യമാക്കി ദൈവീക ശുശ്രൂഷ ചെയ്യുന്ന ഏവർക്കും ഈ ഭാഗം ഒരു ഉപദേശമായിരിക്കട്ടെ. ജനത്തിന്റെ മാനസാന്തരത്തിനും വീണ്ടും ജനനത്തിനും പ്രാധാന്യം കൊടുക്കാതെ, പണം മാത്രം ലക്ഷ്യമാക്കി സുവിശേഷത്തെ കച്ചവട ചരക്കാക്കി, രാജ്യങ്ങൾ സന്ദർശിച്ച് അനേക നിഷ്ക്കളങ്കരായവരെ ചൂഷണം ചെയ്യുന്ന ന്യൂജനറേഷൻ വ്യാജന്മാർക്ക് ലഭിക്കുന്ന ന്യായവിധി എത്രവലുതായിരിക്കും. ദൈവസഭയുടെ പഴയ ഉപദേശവും, ശുശ്രൂഷയും പഴയ ട്രാൻസ്പോർട്ട് ആണെന്നും ഇപ്പോൾ ആധുനിക സജ്ജികരണങ്ങളുള്ള ബസാണെന്നും പഴയത് ഊടുവഴികളിൽ കൂടി മാത്രമേ പോകുന്നുള്ളൂ എന്നും വലിയ ഹൈവേയിൽ യാത്ര ചെയ്യുവാൻ ആധുനിക സജ്ജീകരണങ്ങളുള്ള പുത്തൻ ബസിൽ കയറണമെന്നും ഒക്കെയുള്ള പ്രസംഗം നടത്തുന്ന വ്യാജസുവിശേഷകരോട് പറയട്ടെ ഉപദേശത്തിന് പഴക്കമില്ല ആകാശവും ഭൂമിയും മാറിയാലും എന്റെ വചനത്തിന് മാറ്റമില്ല. പണ സമ്പാദനത്തിന് വേണ്ടി വിലകുറഞ്ഞ ഉദാഹരണങ്ങൾ പറഞ്ഞ് നിഷ്ക്കളങ്കരായ ജനത്തെ വഞ്ചിക്കുന്നവർ ഓർത്തുകൊള്ളുക നിങ്ങളുടെ പേര് ജീവപുസ്തകത്തിൽ കാണുകയില്ല ബെന്നിഹിൺ എന്ന ലോക സുവിശേഷകൻ കണ്ട കാഴ്ച എത്ര അർത്ഥവത്താണ് എന്നോർക്കുക. മുന്തിയ വില കൂടിയ കാറിലെ യാത്രകൾ ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസം, ഫ്ളൈറ്റിൽ ഫസ്റ്റ് ക്ലാസ്സിലെ യാത്ര. നാല്പതും അമ്പതും വർഷം സുവിശേഷവേലയിൽ കഷ്ടപ്പെട്ട് നൂറുകണക്കിന് സഭകൾ സ്ഥാപിച്ച്, അനേക ആത്മാക്കളെ നിത്യതയ്ക്ക് കാഴ്ചവച്ച ദൈവദാസന്മാരോടു ഈ വ്യാജന്മാർ ചോദിക്കുന്നു അൻപത് വർഷം വേല ചെയ്തിട്ട് എന്തുനേടി? ഞങ്ങളെ കണ്ട് പഠിക്കുക അല്പ നാളുകളെ ആയുള്ളൂ. ഞങ്ങളുടെ സുഖസൗകര്യങ്ങൾ കണ്ടില്ലെ. ഞങ്ങളുടെ കാറുകൾ, വീടുകൾ, ഞങ്ങളുടെ ഭക്ഷണം, ഞങ്ങളുടെ ഫ്ളൈറ്റ് യാത്ര, സുവിശേഷത്തിന്റെ മറവിൽ പിശാചിനെ ഉരുവേറ്റി പേരുകൾ വിളിച്ചു പറഞ്ഞും അന്യാഗ്നി കത്തിച്ചും പരമാർത്ഥികളെ കബളിപ്പിച്ച് സുവിശേഷത്തെ മാർക്കറ്റിംഗ് നടത്തുന്ന വ്യാജന്മാരെ ദൈവമക്കൾ ഒന്നിച്ചുനിന്ന് ഒഴിവാക്കണം. ഒരു ക്രൂസേഡ് വിദഗ്ദ്ധൻ പേര് വിളിച്ചുപറഞ്ഞ രീതി അദ്ദേഹത്തിന്റെ മരണശേഷം തന്റെ ഓഫീസ് സ്റ്റാഫ് പുറത്തുവിട്ടു. മാസികയിൽ കൂടി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നവരുടെ ലിസ്റ്റ് എടുത്തു ക്രൂസേഡു നടക്കുന്ന ഓരോരോ സ്ഥലത്ത് ഈ പേരുകൾ വിളിച്ച് പറഞ്ഞ് ജനത്തെ അത്ഭുതപ്പെടുത്തി കുറെ ഏറെ കാലം ശുശ്രൂഷയുടെ പേരിൽ പണം സമ്പാദിച്ചു ഒരു യൂണിവേഴ്സിറ്റിവരെ തന്റെ നേട്ടത്തിൽ ഇന്നുണ്ട്. സുവിശേഷം അത് പഴക്കം ഉള്ളതാണ്. വചനം എന്നും പുതുതാണ്. ആളുകൾക്കും, അവസ്ഥകൾക്കും, കാഴ്ച്ചപ്പാടിനും മാറ്റം ഉണ്ടാകും വചനത്തിന് മാറ്റമില്ല.

ദൈവം എന്നും യഥാവാനായിരിക്കുന്നതുപോലെ ഉപദേശത്തിനും, പ്രമാണങ്ങൾക്കും ഒരിക്കലും മാറ്റമില്ല. പണസമ്പാദനത്തിന് വേണ്ടി ഓരോ ഓരോ കുത്സിത മാർഗ്ഗങ്ങൾ പിശാചിനാൽ ഉരുവേറ്റി തിളങ്ങുകയും വിളങ്ങുകയും ചെയ്യുന്നവർ ഓർത്തുകൊള്ളുക, ദൈവം നിങ്ങൾക്ക് എതിരാണ്. വേർപാടും, വിശുദ്ധിയും ദൈവവചന വ്യവസ്ഥയിൽ പാലിക്കുകയും പ്രസംഗിക്കുകയും ആത്മാക്കളെ ക്രിസ്തുവിന് വേണ്ടി നേടുകയും ഭൗതിക നന്മകൾക്ക് ഉപരി ആത്മാവിന്റെ വില വലുതായി കാണുന്നവനാണ് യഥാർത്ഥ സുവിശേഷകൻ, അങ്ങനെയുള്ളവരെ ദൈവം അറിയുന്നു. അവർക്ക് പ്രതിഫലം നിശ്ചയം ദൈവം അനുഗ്രഹിക്കട്ടെ.




# ഐ.പി.സി ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ ഡോ.കെ.സി.ജോൺ



ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും സ്തുത്യർഹമായ സേവനം ചെയ്ത പാസ്റ്റർ ഡോ.കെ.സി.ജോൺ സഭയുടെ അടുത്ത ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയായി നിൽക്കുന്നു. പവർവിഷൻ ചാനൽ ചെയർമാനും സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനും തിരുവല്ല സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ കെ.സി ജോണിന്റെ സേവനങ്ങൾ സഭയുടെ ആത്മീയ ഭൗതീക വളർച്ചയ്ക്കും പുരോഗമന ചിന്തകൾക്കും വഴി തുറക്കുമെന്ന് വിശ്വാസ സമൂഹത്തിൽ വിലയിരുത്തപ്പെടുന്നു.

പെന്തക്കോസ്തു യുവജന സംഘടനയെ (P.Y.P.A) സഭയുടെ യുവജന പ്രസ്ഥാനമായി വളർത്തിയെടുക്കുന്നതിലും യുവജനങ്ങൾക്ക് ആത്മീയ ഉത്തേജനം നൽകി അടുത്ത തലമുറയെ വാർത്തെടുക്കുന്നതിലും പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റ് എന്ന നിലയിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.

ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ വളർച്ചയിൽ നിർണ്ണായകമായ കാലഘട്ടമാണ് പാസ്റ്റർ കെ.സി.ജോൺ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന സമയം. 1990 കളിൽ മൂന്ന് ടേമായി 10 വർഷത്തിലധികം സ്റ്റേറ്റ് സെക്രട്ടറിയായിരിക്കുമ്പോൾ അനേകം സഭകളാണ് ഐ.പി.സിയ്ക്ക് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത്.

വടവാതൂർ ശാലേം ബൈബിൾ സ്കൂൾ, കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജ് എന്നിവിടങ്ങളിലും അമേരിക്കയിലും വേദപഠനം നടത്തിയ ശേഷം 1972 മുതൽ സഭാ ശുശ്രൂഷകൻ, പ്രസംഗകൻ, എഴുത്തുകാരൻ, സഭാ നേതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ കോൺഫറൻസുകളിൽ പ്രസംഗകനും വിവിധ തിയോളജിക്കൽ കോളേജുകളിൽ വിസിറ്റിംഗ് പ്രൊഫസറുമാണ്. ഐ.പി.സി. സംസ്ഥാന സെക്രട്ടറിയായി പത്തുവർഷത്തോളം സഭാസേവനം നടത്തി. ഐ.പി.സി.ജനറൽ പ്രസിഡന്റായി രണ്ട് ടേം പ്രവർത്തിച്ചു. കേരളത്തിലെ വലിയസഭകളിലൊന്നായ നെടുമ്പ്രം ഐ.പി.സി ഗോസ്പൽ സെന്ററിന്റെ സ്ഥാപകനാണ്. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവും, അനുഗ്രഹീത ടെലിവിഷൻ പ്രഭാഷകനുമാണ്. തലവടി ഇടയത്ര കുടുംബാംഗമാണ്.

ഭാര്യ : പ്രെയ്സ് ജോൺ. മക്കൾ: പാസ്റ്റർ ജെയിം ജോൺ (ഐ.പി.സി കാനഡ),ജയിൻ ജോൺ, ഡോ. ജെയിസ് ജോൺ.

# ഐ.പി.സി ജനറൽ ഇലക്ഷൻ പാസ്റ്റർ വിത്സൻ ജോസഫ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക്



**തിരുവല്ല:** ഐ.പി.സി ജനറൽ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പിൽ ജനറൽ വൈസ് പ്രസിഡന്റായി പാസ്റ്റർ വിത്സൻ ജോസഫ് മത്സരിക്കുന്നു.

പത്തനംതിട്ട സെന്റർ ശുശ്രൂഷകനായി പ്രവർത്തിച്ചു വരുന്ന ഇദ്ദേഹം ദീർഘവർഷങ്ങളായി ജനറൽ കൗൺസിൽ മെമ്പറാണ്. യു.എ.ഇ യിലെ ഏറ്റവും വലിയ ഐ.പി.സി സഭയായ ഐ.പി.സി വർഷിപ്പ് സെന്റർ സഭയുടെ സ്ഥാപകനും സീനിയർ ശുശ്രൂഷകനുമാണ്. ഐ.പി.സി. യു.എ.ഇ റീജിയന്റെ പ്രസിഡന്റ് പദവിയുൾപ്പെടെ വിവിധ സ്ഥാനങ്ങൾ വഹിച്ചു. ഗൾഫിലെ ഏക ഐ.പി.സി അംഗീകൃത ബൈബിൾ കോളേജായ വർഷിപ്പ് സെന്റർ തിയോളജിക്കൽ സെമിനാരി ഷാർജയുടെ ഡയറക്ടറാണ്. ഐ.പി.സി കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായി പ്രവർത്തിച്ചുരുന്നു. ഇപ്പോൾ സ്റ്റേറ്റ് കൗൺസിൽ അംഗമായും പ്രവർത്തിച്ചു വരുന്നു.

യു.എ.ഇ.യിൽ സന്ദർശനാർത്ഥം എത്തുന്ന നൂറ് കണക്കിന് കർതൃദാസന്മാരെ സഭാവ്യത്യാസം കൂടാതെ ശുശ്രൂഷയ്ക്ക് അവസരം കൊടുക്കുകയും സഹായിക്കുകയും ചെയ്യുന്നു.

നിത്യതയിൽ വിശ്രമിക്കുന്ന അനുഗ്രഹീതനായ പാസ്റ്റർ വി.റ്റി. ജോസഫിന്റെ മകനായ പാസ്റ്റർ വിത്സൻ ജോസഫ് തന്റെ പിതാവിനെപ്പോലെ വിനീതനും പക്വമതിയും, മാതൃകാപരവുമായ ശുശ്രൂഷാജീവിതം നയിക്കുന്നു. പാസ്റ്റർ വിത്സൻ ജോസഫ് ഐ.പി.സി യുടെ ജനറൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നത് സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും കാരണമാകുമെന്നത് ഉറപ്പാണ്.

# യാതൊരുവിധ ബന്ധവും ഇല്ല

**ബാംഗ്ലൂർ:** ജസ്റ്റിൻ കോശി എന്ന വ്യക്തി ആർ.റ്റി നഗറിൽ നടത്തി വരുന്നു എന്ന് കേൾക്കുന്ന ഗിൽഗാൽ ഗ്ലോബൽ വർഷിപ്പുമായി ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയ്ക്ക് യാതൊരുവിധ ബന്ധവും ഇല്ല. ജസ്റ്റിൻകോശി എന്ന വ്യക്തി മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നതു കൊണ്ടാണ് ഈ വിവരം പരസ്യം ചെയ്യുന്നത്. ആർ.റ്റി. നഗറിൽ ദൈവസഭയ്ക്ക് ഒരു കൂടിവരവ് മാത്രമേ ഉള്ളൂ. പ്രസ്തുത സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ ഇ.ജെ ജോൺസൺ ആണ്. 150 -ൽ അധികം വിശ്വാസികൾ കൂടി വരുന്നതും അനുദിനം വളർന്നു കൊണ്ടിരിക്കുന്നതുമായ ഒരു കൂടിവരവാണിത്. 17 വർഷമായി നടന്നു വരുന്നതും കർണ്ണാടകയിലെ ദൈവസഭാ പ്രവർത്തനത്തിന് വളരെ കൈത്താങ്ങൽ നല്കുന്നതുമായ പ്രധാന സഭകളിൽ ഒന്നാണിത്. പാസ്റ്റർ ഇ.ജെ. ജോൺസൺ, ഫോൺ : 9886156224


**അഡ്മിനിസ്ട്രേറ്റർ**

# ചർച്ച് ഓഫ് ഗോഡ് റീജിയൻ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**ബാംഗ്ലൂർ:** ദൈവസഭാ കർണ്ണാടക റീജിയന്റെ കൺവൻഷൻ 2016 ഒക്ടോബർ 28 മുതൽ നവംബർ 1 വരെയുള്ള തീയതികളിൽ ബാംഗ്ലൂർ കോത്തന്നൂർ എബനേസർ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മറ്റികളുടെ കൺവീനേഴ്സിനെ തെരഞ്ഞെടുത്തു.

പാസ്റ്റേഴ്സ് എം. കുഞ്ഞപ്പി, തോമസ് പോൾ എന്നിവർ ജനറൽ കൺവീനേഴ്സ് ആയി പ്രവർത്തിക്കും. പാസ്റ്റേഴ്സ് ഇ.ജെ. ജോൺസൺ, ജയ്മോൻ കെ. ബാബു, കുഞ്ഞുമോൻ കെ. ഡാനിയേൽ, എ. എസ്. വർഗീസ്, വർഗീസ്, ബോബി സി. സണ്ണി, ചാണ്ടി പി. ചെറിയാൻ, ജോസഫ് ജോൺ, വിൽസൺ ചാക്കോ, വിനു ജി., ബ്രദേഴ്സ് സോണി സി. ജോർജ്, ജോർജ്ജ് മാമ്മൻ, ബിനോയ് വർഗീസ്, എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം കൊടുക്കും. വിദേശത്തും സ്വദേശത്തുമുള്ള അനുഗ്രഹീത ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു. വൈകിട്ട് പൊതുസമ്മേളനവും പകൽ സമയങ്ങളിൽ യുവജനമീറ്റിംഗ്, സഹോദരീ സമ്മേളനം, ശുശ്രൂഷക കോൺഫറൻസ്, വിശുദ്ധസഭായോഗം, ബൈബിൾ ക്ലാസ്സ് എന്നിവ നടക്കുന്നതാണ്.

# ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസ്



**പാസ്റ്റർ സജി മാത്യു**
(അസി. ഓവർസീയർ)



**പാസ്റ്റർ വർഗീസ് തോമസ്**
(ജനറൽ സെക്രട്ടറി)



**പാസ്റ്റർ തോമസ് ജോർജ്ജ്**
(കൺവീനർ)



**ഇവ. ഡോണി തോമസ്**
(സെക്രട്ടറി)

**(1-ാം പേജ് തുടർച്ച)**

കോർഡിനേറ്റേഴ്സ്). ഇവരെക്കൂടാതെ ബ്രദർ സി.കെ. ബേബിക്കുട്ടി, ബ്രദർ ജേക്കബ് ജോൺ, ബ്രദർ പ്രദീപ് ജോൺ എന്നിവർ വിവിധ ചുമതലകൾ ഏറ്റെടുത്ത് കോൺഫറൻസിന്റെ വിജയകമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

പാസ്റ്റർ തോമസ് ജോർജ്ജ് -07943866456

ഇവാ. ഡോണി തോമസ്-07828723468

ഇവാ. ജോസ്മോൻ പൗലോസ്-07886606721

Address
Tolworth Recreation Centre
FullerswayNorth, Tolworth,
KT67LQ




# ഐപിസി നോർത്തമേരിക്കൻ റീജിയൻ സമ്മേളനം

**ഡാളസ്:** നോർത്ത് അമേരിക്കയിലുള്ള ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭകളിലെ ശുശ്രൂഷകരുടെയും നേതൃരംഗത്തുള്ളവരുടെയും അടുത്ത കോൺഫ്രൻസ് 2017 ലെ ഐപിസി ഫാമിലി കോൺഫ്രൻസിനോടനുബന്ധിച്ച് (ജൂലൈ 26, 27) നടത്താൻ ഡാളസിൽ നടന്ന ഐപിസി പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് കോൺഫ്രൻസിൽ തീരുമാനമായി. കോൺഫ്രൻസ് കോർഡിനേറ്ററായി ഐപിസി ഈസ്റ്റേൺ റീജിയൺ പ്രസിഡണ്ടായ പാസ്റ്റർ ഇട്ടി ഏബ്രഹാമിനെ തെരെഞ്ഞെടുത്തു.

സമ്മേളത്തിനു മുന്നോടിയായി ഈ വർഷത്തെ ഫാമിലി കോൺഫ്രൻസിനോടനുബന്ധിച്ച് ജൂലൈ 29 നു നോർത്ത് അമേരിക്കയിലുള്ള ഐപിസിയുടെ അഞ്ചു റീജിയനുകളിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും കൌൺസിൽ അംഗങ്ങളുടെയും ഒരു സംയുക്ത മീറ്റിംഗ് സൌത്ത് ഫ്ളോറിഡയിൽ നടക്കും. വടക്കേ അമേരിക്കയിലെ ഐപിസി അംഗങ്ങളുടെയും ശുശ്രൂഷകന്മാരുടെയും ചിരകാലാഭിലാഷമാണ് ഐപിസി നോർത്തമേരിക്കൻ കൌൺസിൽ എന്നത്. അതു യാഥാർത്ഥ്യമായാൽ അമേരിക്കയിൽ ഐപിസിക്കു ശക്തമായ മുന്നേറ്റം നടത്താൻ കഴിയുമെന്നാണു ശുശ്രൂഷകന്മാരുടെ പ്രതീക്ഷ. അതിന് ഉതകുന്നചർച്ചകൾക്ക് ഈ സമ്മേളനത്തിൽ ഊന്നൽ നൽകും. കൂടാതെ അടിയന്തരമായി ശ്രദ്ധപതിപ്പിക്കേണ്ട കാര്യങ്ങളും ചർച്ചചെയ്യും. എല്ലാ റീജിയൻ ഭാരവാഹികളും കൗൺസിൽ അംഗങ്ങളും ഇത് ഒരു അറിയിപ്പായി കണക്കിലെടുത്ത് യോഗത്തിൽ സംബന്ധിക്കണമെന്ന് കോർഡിനേറ്റർ അറിയിച്ചു.

## പാസ്റ്റർ റ്റി.ഡി തോമസ് പ്രസിഡന്റ്



**ബംഗളൂരു:** കർണാടകയിലെ ക്രൈസ്തവ പെന്തെക്കോസ്ത് സഭാ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ആത്മീയ കൂട്ടായ്മയായ കർണാടക യുണൈറ്റഡ്പെന്തക്കോസ്ത് ഫെലോഷിപ്പ് കെ.യു പി.എഫ്) സംസ്ഥാന പ്രസിഡന്റായ് പാസ്റ്റർ റ്റി.ഡി തോമസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സിജി.ബാബൂസ് (വൈസ്പ്രസിഡന്റ് )പാസ്റ്റർ കെ.വി.ജോസ് (ജോയിന്റ് സെക്രട്ടറി), സാജൻ കെ. ജോർജ് (ട്രഷറർ), ജോയ് പാപ്പച്ചൻ (ജോയിന്റ് ട്രഷറർ) എന്നിവരും 21 അംഗകമ്മിറ്റി ഭാരവാഹികളെയും തെരഞ്ഞെടുത്തു. ഹെണ്ണൂർ ന്യൂ ലൈഫ് ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ ഡോ.ജോൺതാന്നിക്കൽ, പാസ്റ്റർ റ്റി.ഡി തോമസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു കെ.യു.പി.എഫിന്റെ 12-ാമത് വാർഷിക ജനറൽ ബോഡിയും തെരഞ്ഞെടുപ്പും നടത്തിയത്.

## കേരളാ പെന്തക്കോസ്തു റൈറ്റേഴ്സ് ഫോറം നോർത്തമേരിക്ക ഈ വർഷത്തെ എഴുത്തുകാർക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു

നോർത്തമേരിക്കയിലും, കാനഡായിലുമുള്ള മലയാളി പെന്തക്കോസ്ത് എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന കെ.പി.ഡബ്ലി.എഫ് ഓഫ് നോർത്തമേരിക്ക 2016-ലെ അവാർഡുകൾ പ്രഖ്യാപിച്ചു. 2015-ൽ വിവിധ മാധ്യമങ്ങളിൽ എഴുതി പ്രസിദ്ധീകരിച്ചു വന്നിട്ടുള്ള കൃതികളും, അതേ വർഷം തന്നെ പുറത്തിറക്കിയിട്ടുള്ള പാട്ടുകളുമാണ് പരിഗണനക്കെടുത്തത്. വിവിധ നിലവാരത്തിലുള്ള കൃതികളെ തരം തിരിച്ചാണ് അവാർഡിനായി പരിഗണിക്കപ്പെട്ടത്. അവാർഡിനർഹമായ കൃതികളുടേയും എഴുത്തുകാരുടെയും വിവരങ്ങൾ താഴെ പ്രസ്ഥാവിക്കും വിധമാണ്. നൈനാൻ മാത്തുള്ള എഴുതിയ “ഒരു നിരീശ്വരവാദിയുടെ രൂപാന്തരം” എന്ന പുസ്തകമാണ് പുസ്തകവിഭാഗത്തിൽ പുരസ്കാരം നേടിയത്. ലേഖനങ്ങളുടെ എണ്ണം വളരെ അധികമായിരുന്നതിനാൽ അവയെ പ്രത്യേകം തരംതിരിച്ച് യോഗ്യമായിട്ടുള്ള പട്ടികയിൽ പെടുത്തിയതിൽ പുരസ്കാരം നേടിയത് ഇവകളാണ്. പാസ്റ്റർ രാജൻ പരുത്തിമൂട്ടിലിന്റെ “വിവാഹം ഏവർക്കും മാന്യം” കുടുംബ ജീവിത വിഷയം സംബന്ധമായും, ബ്രദർ ഉമ്മൻ എബനേസർ എഴുതിയ “പ്രസംഗകരുടെ പ്രവൃത്തിചെയ്യുക” ക്രിസ്തീയ നീതിശാസ്ത്രപരമായ വിഭാഗത്തിലും പുരസ്കാരം നേടിയപ്പോൾ, പാസ്റ്റർ വി.പി.ജോസ് എഴുതിയ “ചിന്താകുലങ്ങളെ വിട” ആത്മപ്രചോദന വിഭാഗത്തിലാണ് പുരസ്കാരം നേടിയത്. സിസ്റ്റർ മേരി ജോസഫിന്റെ “ വീപ്പിംഗ് വില്ലോ” ചെറുകഥാവിഭാഗത്തിലും, സിസ്റ്റർ മറിയാമ്മ ജോർജ്ജിന്റെ “കോളാമ്പി” എന്ന കവിതയും, ബ്രദർ സാമുവേൽ ഗീവർഗ്ഗീസിന്റെ “എ ഹൗസ് ഡിവൈഡഡ്” എന്ന ഇംഗ്ലീഷ് കവിതയും, സിസ്റ്റർ സൂസൻ ബി. ജോണിന്റെ “എൻ നാഥാ നിന്നെ കാണുവാനായ്” എന്നു തുടങ്ങുന്ന ഗാനം സംഗീത വിഭാഗത്തിനുള്ള പുരസ്കാരം നേടി. മൂല്യനിർണ്ണയം നടത്തുവാനായി പ്രവർത്തിച്ച റവ. ഡോ. ഇട്ടി ഏബ്രഹാം, റവ. തോമസ് മത്തായി, റവ. ഡോ. ജോമോൻ ജോർജ്ജ്, ഡോ. ഓമന റസ്സൽ, കെ.എൻ. റസ്സൽ, റവ. സാബു ജോർജ്ജ്, ബ്രദർ ജോയി തുമ്പമൺ, ബ്രദർ നിബു വെള്ളവന്താനം, ബ്രദർ ജോർജ്ജ് ഏബ്രഹാം, ബ്രദർ ഉമ്മൻ ഏബനേസർ, റവ. തോമസ് കുര്യൻ എന്നിവരോട് റൈറ്റേഴ്സ് ഫോറം കടപ്പെട്ടിരിക്കുന്നു. അവാർഡു ജേതാക്കൾക്ക് 2016 ജൂൺ 30-മുതൽ ജൂലൈ 3 വരെ ഡാളസ്സിൽ ഇന്റർകോണ്ടിനെന്റൽ ഹോട്ടലിൽ വച്ചു നടത്തപ്പെടുന്ന പി.സി.എൻ.എകെ കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്തമേരിക്കയുടെ പ്രസിഡന്റായി ഡോ. ബാബു തോമസ് (ന്യൂയോർക്ക്), പാസ്റ്റർ തോമസ്സ് കിടങ്ങാലി (വൈസ് പ്രസിഡന്റ്, ന്യൂയോർക്ക്), ബ്രദർ രാജൻ ആര്യപ്പള്ളിൽ (സെക്രട്ടറി, അറ്റ്ലാന്റ), പാസ്റ്റർ ജോൺ തോമസ്സ് (ജോ.സെക്രട്ടറി, ഹ്യൂസ്റ്റൺ), ബ്രദർ ജോയിസ് പി. മാത്യൂസ് (ട്രഷറർ, ടെന്നസ്സി), സിസ്റ്റർ ഷേർളി ചാക്കോ (ലേഡീസ് കോർഡിനേറ്റർ, സിയാറ്റിൽ) എന്നിവർ പ്രവർത്തിച്ചു വരുന്നു. വാർത്ത: രാജൻ ആര്യപ്പള്ളിൽ



VIDYARATHNA COLLEGE OF NURSING
(CITY HOSPITAL, UDUPI)
B.Sc. Nuring @ 3.10 lkhs
UDUPI DHANVANTHARI COLLEGE OF NURSING
(HI-TECH HOSPITAL, UDUPI)
B.Sc. Nuring @ 2.96 lkhs
UDUPI COLLEGE OF NURSING
(ADARSHA HOSPITAL, UDUPI)
B.Sc. Nuring @ 2.85 lkhs
MASOOD COLLEGE OF NURSING
(INDIANA HOSPITAL, MANGALORE)
B.Sc. Nuring @ 3.35 lkhs
YENEPOYA COLLEGE OF NURSING
(YENEPOYA MEDICAL COLLEGE HOSPITAL, MANGALORE)
B.Sc. Nuring @ 3.62 lkhs
മംഗലാപുരത്തെ പ്രശസ്തമായ ഹോസ്പിറ്റലോടുകൂടിയ നേഴ്സിങ്ങ് കോളജുകളിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.
Pc. B.Sc. Nursing 50,000 / yr. only
M.Sc. Nursing 75,000 / yr. only
● ലോൺ സൗകര്യം ● കേരളീയ ഭക്ഷണം.
● പെൺകുട്ടികൾക്ക് മാത്രം പ്രവേശനം
● സ്കോളർഷിപ്പോടുകൂടി അഡ്മിഷൻ
എല്ലാ ചിലവുകളും ഉൾപ്പെടെ
CAREER EDUCATION TRUST
WHERE EDUCATION HAS A NEW DIMENSION
REGD. BY GOVT. OF KERALA
AMPRAYIL BLDGS, YMCA JN., THIRUVALLA PH 0469-2606002
LOGOS CENTER, LOGOS JUNCTION, KOTTAYAM PH 0481-2566005
Ph: 9847170530
9947963438

## സത്യാന്വേഷി

(പേജ് 11-ൽ നിന്നും)

തിൽ ഉണ്ട്. അപ്പോസ്തോല പ്രവർത്തിയിലും പിശാച് ബാധിച്ച സ്ത്രീ പറഞ്ഞില്ലേ ‘ഇവർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ രക്ഷാമാർഗ്ഗം ഉപദേശിക്കുന്നവർ” അഭിഷിക്തന്മാർ ചെയ്തത് എന്താണ്. അവളിലുള്ള പിശാചിനെ ശാസിച്ച് അവൾക്ക് സൗഖ്യം നൽകി. ഇന്നാണെങ്കിൽ ഇങ്ങനെ ഒരു സ്ത്രീയെ കിട്ടിയാൽ സ്റ്റേജുകൾ തരപ്പെടുത്തി സാക്ഷി പറയാൻ വരെ അവസരം കൊടുക്കുമായിരുന്നു. സുവിശേഷഗോളം വളരെ വികൃതമായിരിക്കുന്നു. അധർമ്മത്തിന്റെ മർമ്മം അല്ല അധർമ്മം തന്നെ പെരുകിയിരിക്കുന്നു. വിശുദ്ധസഭ സാത്താന്റെ പിടിയിൽ അമരുന്നതിന് മുൻപ് യേശുവേ മണവാളാ നീ വന്നിരുന്നെങ്കിൽ എന്നാശിക്കുന്നു. വിശുദ്ധിക്കും വേർപാടിനും വേണ്ടി കണ്ഠക്ഷോഭം നടത്തിയവരും സാത്താന്റെ പിടിയിൽ അമരുന്നു. “വചനം” വേണ്ട ഉണർവ്വ് മതി എന്ന അവസ്ഥയിൽ വന്നിരിക്കുന്നു. ദുഖഃകരമായ അവസ്ഥ. ഉപദേശം പറയുന്നവർക്ക് വേദികളില്ല. ഓരോരുത്തരുടെയും ശുശ്രൂഷ ദൈവാത്മാവിൽ ആണോ? സാത്താന്റെ ആത്മാവിലാണോ എന്ന് വിവേചിക്കട്ടെ.

നിത്യതയോട് അടുപ്പിക്കാത്ത ഏതൊരു ശുശ്രൂഷയും സാത്താന്റെ വകയാണ് എന്ന് മറക്കരുത്. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിച്ച് മിറക്കിൾ ചെയ്യും. സത്യഉപദേശം കൊണ്ട് അത് വിലയിരുത്തണം.

## ബൈബിൾ ക്വിസ്




1) നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക എന്ന് യിസ്രയേലിനെ ആഹ്വാനം ചെയ്ത പ്രവാചകൻ ?
2) മനുഷ്യരുടെയും മൃഗങ്ങളുടെയും ബഹുത്വം നിമിത്തം മതിലില്ലാതെ തുറന്നു കിടക്കും എന്ന പറഞ്ഞ പട്ടണം?
3) വിതയ്ക്കുന്നത് ഒരുത്തൻ, കൊയ്യുന്നത് മറ്റൊരുത്തൻ എന്നുള്ള പഴഞ്ചൊല്ല് പറഞ്ഞത് ആര്?
4) എപ്രകാരമുള്ള ദുഖമാണ് അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നത്?
5) നിന്നെ തടുപ്പാൻ കുരുടരും, മുടന്തരും മതി എന്ന് യെബുസ്യർ പറഞ്ഞത് ആരോട്?
6) ആരാണ് കേഫാവിൽ കുറ്റം കണ്ടെത്തിയത്?
7) ജ്ഞാനം ബലത്തേക്കാൾ നല്ലതു തന്നെ എങ്കിലും ആരുടെ ജ്ഞാനം ആണ് തുച്ഛീകരിക്കപ്പെടുന്നത്?
8) മാനുഷകല്പന അനുസരിച്ച് നടപ്പാൻ ഇഷ്ടം തോന്നിയത് കൊണ്ട് അവൻ പീഡിതനും വ്യവഹാരത്തിൽ തോറ്റവനും ആയിരിക്കുന്നു. ആർ?
9) ആർക്കാണ് ഏല്യാശിബ് ദൈവാലയത്തിന്റെ പ്രകാരങ്ങളിൽ ഒരു അറ ഒരുക്കികൊടുത്ത് ദോഷം ചെയ്തത്?
10) ആരുടെ മേധാവികളെയാണ് ദൈവം വിറകിൻരെ ഇടയിൽ തീച്ചട്ടിപ്പോലെയും കറ്റയുടെ ഇടയിൽ തീപ്പന്തം പോലെയും ആക്കുന്നത്?

### കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരം അയച്ചവർ

1) എലിസബത്ത് ജെസ്വിൻ തിരുവല്ല, 2) രൂത്തമ്മ സന്തോഷ്, പന്തളം, 3) അന്നമ്മ ജേക്കബ് പുത്തനങ്ങാടി, 4) ലീലാമ്മ ജോസഫ് കവിയൂർ, 5) അന്നമ്മ കെ. വികുരിയച്ചിറ, 6) ജെയ്സൺ തോമസ് പുലമൺ, 7) ആലിസ് ജോയി ഐരാണിക്കുടി, 8) ഷീബാ സത്യപാൽ കോവളം, 9) ജൂബി. പി. പോൾ പൂമാല, 10) ഷീജാ മണി നല്ലില, 11) സുജ മോൻസി ആറന്മുള, 12) സാറാമ്മ കുടപ്പനക്കുന്ന്.



സൂസൻ ആൻഡ്രൂസ്
ഫോൺ: 66159209

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം അയച്ചവർ

13) ജോളി കോശി, പന്തളം
14) പിങ്കി സ്റ്റാൻലി, ഐതോട്ടുകുളം,
15) എം.ജെ.ചെറിയാൻ, സുവിശേഷ ആലയം

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം

1. ക്രിസ്തുവിനുള്ളവർ (ഗലാ.3:29), 2. ദാവീദ് (റോമ.4:6), 3. കോപത്തിന്റെ മക്കൾ (എഫെ.2:3), 4. യിസ്രയേലിൽ (യെഹ.18:2), 5. ദരിദ്രരെ ഓർത്തു കൊള്ളണം (ഗലാ.2:10), 6. ചില യവനന്മാർ (യോഹ.12:20), 7. ക്രിസ്തു (എഫെ.1:3), 8. കൽപ്പന (റോമ.7:12), 9. അശുദ്ധിക്കല്ല (തെസ്സ.4:7), 10. ഇരട്ടി മാനത്തിന് (1തിമോ.5:17)

**ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക. വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും. അയക്കേണ്ട വിലാസം**

**YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1**

## യുഗവീക്ഷണം

# ജീവിത യാത്രയിലെ ദൈവിക സുരക്ഷിതത്വം



**സാം. ടി. മൈക്കിൾ ഇളമ്പൽ**

നമ്മുടെ സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരമേറ്റിട്ട് അധികനാളുകളായിട്ടില്ല. ഏതൊരു സമൂഹത്തിലും, സംഘടനയിലും ഭരണമാറ്റം ഉണ്ടാകുന്നതോടെ അടിമുടി പരിഷ്കാരങ്ങളും മാറ്റങ്ങളുമൊക്കെ വരുത്താറുണ്ട്. സർക്കാർ തലത്തിലും സ്ഥിതി വിഭിന്നമല്ല. ഇത്തരം തീരുമാനങ്ങൾ പലപ്പോഴും വലിയ വാദപ്രതിവാദങ്ങൾക്ക് കാരണമായിത്തീരാറുണ്ട്. കഴിഞ്ഞ ദിനങ്ങളിൽ പൊതു സമൂഹത്തിൽ ചർച്ചയായ ഒരു സർക്കാർ തീരുമാനമായിരുന്നു, മന്ത്രിമാർക്കും മറ്റുപ്രധാനപ്പെട്ടയാൾക്കാർക്കുമുള്ള പോലിസ് അകമ്പടിയും മറ്റും പിൻവലിയ്ക്കണമെന്നുള്ളത്. ഇതിനായി നിയോഗിച്ചിരുന്ന അഞ്ഞൂറിലധികം പോലിസുദ്യോഗസ്ഥരെ തിരികെ സേനയിലെത്തിയ്ക്കുന്നതോടെ പൊതുജനങ്ങൾക്കുള്ള സേവനം ഊർജ്ജിതപ്പെടുത്താമെന്നും കണക്കു കൂട്ടുന്നു.

കേന്ദ്ര സർക്കാരും, സംസ്ഥാന ഭരണകൂടങ്ങളുമൊക്കെ പ്രധാന വ്യക്തികൾക്ക് പ്രത്യേക സുരക്ഷ സംവിധാനങ്ങളേർപ്പെടുത്താറുണ്ട്. വിഐ.പി, വി.വി.ഐ. പി തുടങ്ങി വിവിധ ശ്രേണികളിൽപ്പെടുന്നവർക്ക് പ്രത്യേക നിലകളിലും മാനദണ്ഡങ്ങളിലുമുള്ള പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് അനുവദിയ്ക്കുന്നത്. എന്നാൽ ഇത്തരം യാതൊരു ക്രമീകരണങ്ങളും വേണ്ടെന്നു വച്ച് ജനങ്ങളുമായി അടുത്തിടപഴകിയിരുന്ന നേതാക്കളും ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് വസ്തുത. നേതാക്കളും മന്ത്രിമാരും സാധാരണ പൗരന്മാരുമൊക്കെ തുല്യരാണ് എന്ന് വാദിയ്ക്കുന്നവർക്ക് ഏറെ സന്തഷം നൽകിയ സംസ്ഥാന സർക്കാർ തീരുമാനമായിരുന്നു അത്.

ഞാനിത് കുറിച്ചത് ഒരു വാർത്ത ശ്രദ്ധയിൽപ്പെടുത്തുവാനല്ല, മറിച്ച് ഒരു ആത്മീയ ഉൾക്കാഴ്ച പങ്കു വെയ്ക്കാനാണ്. നാമുൾപ്പെടുന്ന ഒരോ ദൈവപൈതലിനും സ്വർഗ്ഗത്തിലെ ദൈവം, ഈ ലോകത്തിന്റെ ഭരണകൂടങ്ങൾക്ക് തരാൻ കഴിയുന്നതിലും ഏറ്റവും മെച്ചമായ സുരക്ഷിതത്വം നൽകാൻ കഴിയുമെന്നതാണ്. ഏത് ദുർഘട മേടുകളിലൂടെയാണ് യാത്രയെങ്കിലും, ഒരു ദൈവപൈതലിനെ തന്റെ തൂവലുകൾ കൊണ്ട് മറയ്ക്കുന്ന ദൈവത്തെ ആർക്കെങ്കിലും മറക്കാനാകുമോ. 91-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്.

ജീവിത യാത്രയിൽ അത്യുന്നതനായ ദൈവത്തിന്റെ മറവിൽ വസിയ്ക്കണമെന്ന് മാത്രം. അങ്ങനെ ചുവടുവെയ്ക്കുന്നവരുടെ മുമ്പും പിമ്പും, വശങ്ങളിലുമൊക്കെ ദിവ്യമായ സുരക്ഷയുടെ കവചങ്ങൾ ഉണ്ടെന്ന് മറക്കരുത്.

# നല്ലത് നേടുവാൻ സ്വീകരിക്കുന്ന മാർഗ്ഗവും നല്ലതായിരിക്കണം

## (തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ച രണ്ടു സംഭവങ്ങൾ വ്യക്തമാക്കുന്നു)



**ജോസഫ് മറ്റത്തുകാല**

*(ലേഖകൻ ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡ് മുൻ ജനറൽ സെക്രട്ടറിയാണ്. ചർച്ച് ഓഫ് ഗോഡ് അന്തർദ്ദേശിയ നേതൃത്വം വിശ്വാസികൾക്ക് നൽകുന്ന പരമോന്നത ബഹുമതിയായ ഹോൾ ഓഫ് എക്സലൻസി അവാർഡ് ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.)*

**ആ**ത്മീയ ഗോളത്തെ മാത്രം വിശകലനം ചെയ്യട്ടെ. പെട്ടകം യരുശലേമിൽ എത്തണം എല്ലാവരും ആഗ്രഹിക്കുന്നു. പക്ഷേ പെട്ടകം എത്തിക്കുന്നതിന് ചില വ്യവസ്ഥകൾ ഉണ്ട്. പുരോഹിതന്മാരുടെ തോളിൽ വേണം പെട്ടകം യരുശലേമിൽ എത്തുവാൻ അതാണ് ദൈവീക വ്യവസ്ഥ. കന്നുകാലികളെക്കൊണ്ട് പെട്ടകം വലിപ്പിച്ച് യരുശലേമിൽ എത്തിച്ചു. അതിൽ ബന്ധപ്പെട്ടവർക്ക് ഉണ്ടായ ശിക്ഷ എത്ര കഠിനമായിരുന്നു. ഒരു ആത്മീകൻ തന്റെ ലക്ഷ്യം നേടിയെടുക്കുവാൻ സ്വീകരിക്കുന്ന മാർഗ്ഗവും ആത്മീയം കലർന്നതായിരിക്കണം. രാഷ്ട്രീയപാർട്ടികൾ തങ്ങളുടെ ലക്ഷ്യം സാധിച്ചെടുക്കുവാൻ കൊല്ലും, കൊലയും, വടിവാളും, വെട്ടുകത്തിയും ഉപയോഗിക്കുന്നു. ആത്മീയ ഗോളത്തിൽ അത് ഭൂഷണമല്ല. സമാധാനപരമായി നീതിന്യായകോടതിയെ സമീപിക്കുന്നതിൽ കുറ്റപ്പെടുത്തുന്നില്ല. അവിടേയും, സത്യവിരുദ്ധമായ നിലപാടുകളും, മൊഴികളും അരുത്. മനസാക്ഷിക്ക് കളങ്കം വരുത്തുന്ന ഒന്നും ഉണ്ടാകരുത് എന്ന് സാരം, സ്വന്തം താല്പര്യങ്ങൾ നേടിയെടുക്കുവാൻ സഭയുടെ ഉയർന്നനിലവാരത്തിൽ ഇരിക്കുന്ന ഒരു ദൈവദാസനെ പോലീസ് സേനയെ വരുത്തി ഭയപ്പെടുത്തി കാര്യം സാധിക്കുവാൻ ശ്രമിച്ചതിന്റെ പിന്നിലെ ക്രൂരത ആർക്കും ക്ഷമിക്കുവാൻ കഴിയുന്നതല്ല. നേതൃത്വത്തിന് പറയാമായിരുന്നു ഇപ്പോൾ പ്രിഫ്രൻസ് ബാലറ്റ് നടത്തത്തക്ക സാഹചര്യമല്ല ദയവായി അങ്ങ് അതിന് തയ്യാറാകരുത്. നൂറുവട്ടം ആത്മീയ പക്വതയുള്ള അദ്ദേഹം അനുസരിക്കുമായിരുന്നു. ഒരു വിദേശമിഷനറി തന്റെ ദൗത്യ നിർവഹണത്തിന് സ്വന്തദേശവും കുടുംബവും വിട്ട് ഒറ്റയ്ക്ക് ദൈവദാസന്മാരായ നമ്മെ മാത്രം ആശ്രയിച്ച് സഭയുടെ കേന്ദ്ര ഓഫീസിൽ അവരുടെ പണം കൂടി മുടക്കി പണിത ക്യാമ്പസിൽ വിശ്വാസത്തോടുകൂടി കയറിവന്ന സാഹചര്യത്തിൽ സ്റ്റേറ്റ് കൗൺസിൽ പോലും കൂടുവാൻ അനുവദിക്കാതെ നിർദാക്ഷ്യണ്യം പോലീസ് സേനയെക്കൊണ്ട് ഭയപ്പെടുത്തി കരയിപ്പിച്ച് വിട്ടതിൽ സീയോൻകുന്ന് വീണ്ടും ശാപഭൂമിയായി മാറുകയായിരുന്നു. മറ്റ് പലതും ദൈവമക്കൾ ക്ഷമിക്കും. പക്ഷേ വിദേശസഹായം പറ്റി ഉപജീവനം നടത്തുന്ന വേൾഡ് മിഷന്റെ നിയമനം ലഭിച്ച ആരു തന്നെ ആകട്ടെ സുപ്രണ്ടിനോടു കാണിച്ചത് ദൈവം ക്ഷമിക്കാത്ത ക്രൂരതയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരിൽ ചിലരെങ്കിലും ശുശ്രൂഷയുടെ പേർ പറഞ്ഞ് സായിപ്പിന്റെ നാട്ടിൽ അഭയം നേടി പിരിവു നടത്തുന്നവരാണ് എന്നത് മറക്കരുത്. അവിടെ വച്ച് അമേരിക്കൻ പോലീസ് ചോദ്യം ചെയ്ത് ഭയപ്പെടുത്തി മടക്കി അയച്ചാൽ ഉള്ള സ്ഥിതി ഒന്ന് ഓർക്കുന്നത് നന്നായിരിക്കും. ഇവിടുത്തെ വലിയ നേതാക്കളൊക്കെ അവിടെ ചെല്ലുന്നതും സായിപ്പ് ഇവിടെ വന്ന നിലയിൽ തന്നെയാണ്. തിരിച്ചടി ലഭിക്കാതെ ഇരിക്കുവാൻ സൂക്ഷിക്കുക. ദൈവം ആർക്കും കടക്കാരനല്ല. കുക്ക് സായ്പ്പിന്റെ കാലത്തെ ശാപം അദ്ദേഹത്തിന്റെ തലമുറയോടു ക്ഷമ ചോദിച്ച് പരിഹരിച്ചു എന്ന് ചിലർ അവകാശപ്പെടുന്നു. സഭയുടെ ഉയർന്ന അദ്ധ്യക്ഷനെ ഹൃദയഭേദകമായ നിലയിൽ ഒരു കരുണയും കാണിക്കാതെ പോലീസ് പടയെ വരുത്തി ഭയപ്പെടുത്തി ഓടിച്ച് വിജയാഘോഷം നടത്തിയതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ കുടുംബങ്ങളിൽ വരാൻ പോകുന്ന ശാപത്തിനും, സീയോൻ കുന്നിൽ പെയ്തിറങ്ങിയ ശാപത്തിനും ആര് പരിഹാരം വരുത്തും. ചില വിശ്വാസി സഹോദരങ്ങൾക്ക് ചിലപ്പോൾ അതിൽ വേദന ഇല്ലായിരിക്കാം. പക്ഷെ തങ്ങളുടെ സുപ്രണ്ടിനോടു ചെയ്ത ക്രൂരത ദൈവമക്കൾ ക്ഷമിക്കുകയില്ല. അത്രയ്ക്ക് കഠിനമായിരുന്നു ആ രംഗം. വിശ്വാസികളുടെ ആവശ്യം നേടിയെടുക്കുന്നതിൽ നമുക്ക് വിരോധമില്ല, അതിന് മാർഗ്ഗങ്ങൾ ഉണ്ട്. അതിനുള്ള ശുപാർശവരെ കൗൺസിൽ ചെയ്തിരിക്കെ ആ മാർഗ്ഗങ്ങൾ സഫലമാകുന്നില്ല എങ്കിൽ ഈ രാജ്യത്ത് നീതിന്യായ കോടതി ഉണ്ട് അവിടെ സമീപിക്കാം. തെറ്റായ മാർഗ്ഗം സ്വീകരിക്കരുത്. ദൈവം പൊറുക്കുകയില്ല. അങ്ങനെ ഒരു അദ്ധ്യക്ഷസ്ഥാനത്ത് തുടരുവാൻ ഒരു ദൈവദാസനും ആഗ്രഹിക്കരുത്. ദൈവഹിതത്തിന് സമർപ്പിക്കണം, പ്രാർത്ഥിക്കണം. 2012-ൽ നടന്ന പ്രിഫ്രൻസ് ബാലറ്റ് നടത്താതിരിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ അന്നത്തെ നേതൃത്വത്തിന് സ്വീകരിക്കാമായിരുന്നു. ഇലക്ഷൻ സ്റ്റേ ചെയ്യത്തക്ക അനവധി കാര്യങ്ങൾ ഉണ്ടായിരുന്നു. ശക്തമായ നിർബന്ധവും, പ്രലോഭനങ്ങളും നേതൃത്വത്തിന്റെ മേൽ ഉണ്ടായിരുന്നു. അവരെയൊക്കെ ശാസിച്ച് നേതൃത്വം പിൻതിരിയിക്കുകയായിരുന്നു. ആ മാതൃക ഇന്നും തുടരാമായിരുന്നു എന്നതാണ് വിശ്വാസികളുടെയും പാസ്റ്റേഴ്സിന്റെയും അഭിപ്രായം.

ഒരു കൂട്ടുസഹോദരൻ തെറ്റ് കാണിച്ചു എന്ന് ഡോ. ഏഴംകുളം സാംകുട്ടിക്ക് ഉത്തമബോധ്യവും, തെളിവുകളും ഉണ്ടെങ്കിൽ നേരിൽ അദ്ദേഹത്തെ പോയിക്കണ്ട് അത് ബോധ്യപ്പെടുത്തണം, മുന്നറിയിപ്പ് കൊടുക്കണം. വീണ്ടും ആവർത്തിക്കുന്നു എങ്കിൽ ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ മേലധികാരികൾക്ക് തെളിവുകൾ ഹാജരാക്കി പരാതിപ്പെടണം അല്പം ദീർഘക്ഷമയോടെ കാത്തിരിക്കണം നടപടി ഉണ്ടാകുന്നില്ല എങ്കിൽ വീണ്ടും മേലധികാരികളെ ഓർപ്പിച്ചുണർത്തണം എന്നിട്ടും അനങ്ങാപ്പാറ നയമാണെങ്കിൽ പരാതി പരസ്യപ്പെടുത്താം, അതിൽ തെറ്റില്ല. എവിടെ നിന്നോ, ആരൊക്കെയോ വിളിച്ചു പറഞ്ഞു. പ്രാഥമികമായ ഒരന്വേഷണം നടത്താതെ, അതിനകത്തെ സാഹചര്യം എന്താണ് എന്ന് ശാന്തമായി വിലയിരുത്താതെ വിളിച്ചു പറഞ്ഞവരെക്കുറിച്ച് പോലും വ്യക്തമായ അറിവില്ലാതെ കൂട്ടുപ്രവർത്തകനെ ഒരിക്കനശിപ്പിക്കരുത്. ഇതോടുകൂടി അവൻ തകരണം എന്ന ദുഷ്ടലാക്കോടുകൂടി എടുത്തുചാട്ടം നടത്തി പുലിവാല്പിടിച്ച സ്ഥിതിയിൽ കാര്യങ്ങൾ എത്താതെ സൂക്ഷിക്കേണ്ടത് വിവരമുള്ളവരുടെ കടമയാണ്. ആരോടൊക്കെയോ വിളിച്ചു പറഞ്ഞപ്പോൾ അവരും പറഞ്ഞു ധൈര്യത്തോടെ പോരാടുവാൻ. അവരും കൈ മലർത്തുന്നു. ഞങ്ങൾക്ക് ഒന്നും അറിവില്ല. ഭാഷാസാഹിത്യത്തിൽ ഒരിക്കലും കേൾക്കാത്ത വിവരണങ്ങളും വർണ്ണനകളും കേട്ട് തല പെരുത്തു പോയതാണ്. സത്യാവസ്ഥ അറിയില്ല. വിദ്യഭ്യാസം കൊണ്ട് വിവരം ഉണ്ടാകണമെന്നില്ല. നല്ല വിവേകവും പരിജ്ഞാനവും ഉള്ള വ്യക്തിക്ക് ചിലപ്പോൾ പി.എച്ച്.ഡി ഇല്ലായിരിക്കും. അടിസ്ഥാനപരമായി തെളിയിക്കുവാൻ കഴിയാത്ത വ്യാജആരോപണം ഉന്നയിച്ചവർ വെളിച്ചത്ത് വരാതെ മറഞ്ഞ് നിന്ന് ചില ലോലഹൃദയമുള്ളവരെ ചട്ടുകങ്ങളാക്കി ഉപയോഗിച്ചിട്ട് മറഞ്ഞ് നിന്ന് ചിരിക്കുന്ന വ്യക്തികൾ ഓർത്തുകൊള്ളുക. അനാവശ്യമായ കാര്യങ്ങൾ പറഞ്ഞുപരത്തിയതിനും ചില പരമാർത്ഥികളുടെ ഹൃദയത്തിന് മുറിവ് ഏല്പിച്ചതിനും ദൈവസന്നിധിയിൽ കണക്ക് കൊടുക്കേണ്ടിവരും അത് ഈ ലോകത്തിൽ വച്ചു തന്നെയായി കൂടെന്നില്ല ഒരുവനെ ഉയർത്തുവാൻ കഴിയാത്തവൻ ഒരുവനെ തകർക്കാനും ശ്രമിക്കരുത്. തെറ്റിന് കൂട്ടുനിൽണമെന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. ഒരു തെറ്റ് ആരോപിക്കുമ്പോൾ അതിലെ ബഹുവിധമായ വശങ്ങൾ ചിന്തിക്കണം. ആരോപണം എവിടെ നിന്നുണ്ടായി, ഇത് എന്ന് നടന്നതാണ്. ആരോപിക്കുന്നവരുടെ പശ്ചാത്തലം എന്താണ് എത്ര വർഷം കഴിഞ്ഞ ആരോപണമാണിത്, നാളതുവരെ മൗനം പാലിച്ചത് എന്താണ്. ആരോപണം ഉന്നയിക്കുന്നവർക്ക് സ്വാർത്ഥതാല്പര്യം ഉണ്ടോ? ഇപ്പോൾ ഈ ആരോപണം ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഉദ്ദേശം ശുദ്ധമാണോ? പ്രായവും, പക്വതയും ദീർഘവീക്ഷണവും ഉള്ള സീനിയർ അഭിഷ്ക്തന്മാർ ഏറ്റെടുക്കാത്ത ഈ പോരാട്ടം ഞാൻ ഏറ്റെടുത്താൽ എന്റെ സമനില തെറ്റുമോ? എന്നെ ധൈര്യപ്പെടുത്തുവാൻ അനേകർ എന്റെ പിന്നിൽ ഉണ്ടോ? പരാതിപ്പെടേണ്ട ഇടങ്ങളിൽ ആരോപണം ഉന്നയിച്ചവർ പരാതിപ്പെട്ടിട്ടുണ്ടോ? ലോക്കൽ സഭാ കമ്മറ്റിക്ക് എന്തെങ്കിലും അറിവുണ്ടോ? അവരുടെ നിലപാട് എന്താണ്? ഇങ്ങനെ അനേക കാര്യങ്ങൾ വിശകലനം ചെയ്തു എതിർപ്പുകളുടെ മുന ഒടിക്കത്തക്ക തെളിവുകളും ആരോപിക്കുന്ന വ്യക്തികളേയും മുന്നിൽ നിർത്തി വിശുദ്ധിയുടെ പ്രമാണം പറഞ്ഞ് യുദ്ധം ചെയ്യുവാൻ തയ്യാറായാൽ ആയിരങ്ങൾ കൂടെ ഉണ്ടാകും. ഒരു ചെറുപ്പക്കാരൻ ആരുമാകട്ടെ വ്യക്തി വിരോധം തീർക്കുവാനും, അവന്റെ കുടുംബത്തെ തകർക്കുവാനും, അസൂയ മൂത്ത് വ്യാജ സന്ദേശങ്ങൾ പറഞ്ഞു പരത്തിയിട്ട് വിറയലും, ഭയവും വേട്ടയാടിയപ്പോൾ ഓർത്തു പ്രാർത്ഥിക്കണം ഞങ്ങൾ തകരുവാൻ പോകുന്നു. എന്ന വാർത്ത പരത്തി സഹതാപ തരംഗം സൃഷ്ടിക്കുവാൻ ആര് ശ്രമിച്ചാലും കേൾക്കുന്നവരും വായിക്കുന്നവരും പുച്ഛിച്ച് പരിഹസിച്ച് തള്ളിക്കളയും, ആരും ഓർത്തു പ്രാർത്ഥിക്കുമെന്ന് ധരിക്കരുത്. കടന്നൽ കൂടിന് കല്ലെറിഞ്ഞിട്ട് രക്ഷിക്കണേ ഞാൻ കുത്തു കൊണ്ട് ചാകാൻ പോകുന്നു എന്ന് നിലവിളിച്ചാൽ നിലവിളി കേൾക്കുന്നവർക്ക് ഒരു ചോദ്യം ഉണ്ട് "എന്റെ പൊന്നുമോൻ എന്തിനാടാ" ഈ ആവേശം കാണിച്ചത്. ഈ ചോദ്യത്തിനുകൂടി മറുപടി കൊടുക്കേണ്ടിവരും. ഒരുവൻ ആരുമാകട്ടെ ഒരു സ്ഥാനത്ത് വരരുത് എങ്കിൽ അത് തടയുവാൻ മറ്റ് അനേക മാർഗ്ഗങ്ങൾ ഇല്ലേ? സ്വപ്നത്തിൽ കണ്ട ചില അപശബ്ദങ്ങൾ ആരോപണമാക്കി നോവൽ കഥയുടെ രചനപോലെ തിരക്കഥയാക്കി ഒരു ചെറുപ്പക്കാരനേയും കുടുംബത്തേയും തകർക്കുവാൻ ശ്രമം നടത്തിയവർ എത്ര ഉയർന്ന നിലവാരം പുലർത്തുന്നവരായാലും ദൈവകോടതി അവരോടു ക്ഷമിക്കയില്ല. പ്രോത്സാഹനം നല്കിയവരാരും രംഗത്തില്ലല്ലോ. അവരും മാറി നിന്ന് ചിരിക്കുകയാണ്. അവരുടെ മറുചോദ്യം ഇങ്ങനെയാണ് "അദ്ദേഹത്തിന് ഇതിന്റെ വല്ല ആവശ്യവും ഉണ്ടോ? ഈ ചോദ്യം ഇവിടെ അനേകരുടെ വായിൽ നിന്ന് ഉയർന്നുകഴിഞ്ഞു. സാഹിത്യം കൊണ്ടും അലങ്കാരം കൊണ്ടും, പ്രാസം കൊണ്ടും വ്യാജവാർത്തകൾക്ക് പുത്തൻ പൊടിപ്പും, തൊങ്ങലും ഒക്കെ കൊടുക്കാം. വ്യഭിചാരം ചെയ്തു. പരസംഗം ചെയ്തു. ഏഴാം കല്പന ലംഘിച്ചു. ദുർന്നടപ്പ് ആചരിച്ചു. പീഡിപ്പിച്ചു. ഇതൊക്കെ തെറ്റുകൾക്ക് കൊടുക്കാവുന്ന വിശേഷണ പ്രയോഗങ്ങളാണ്. ഇതിൽ ഏറ്റവും യോഗ്യമായ പ്രയോഗമേ വിവരമുള്ളവർ ഉപയോഗിക്കയുള്ളു. ആർക്കിട്ട് കൊടുത്തുവോ അവർ വേദനിക്കുമ്പോൾ പ്രതീക്ഷിക്കാത്ത മേഖലയിൽ നിന്ന് തിരിച്ച് അതിലും ശക്തമായ അമ്പുകൾ വരും അത് കൊണ്ട് വിറങ്ങലിച്ച് എന്റെ മാനം പോകുന്നു. ഞാൻ മരിക്കും എന്നൊക്കെ വിലപിക്കുന്ന ലോലഹൃദയമുള്ള ഭയവും, ഭീരുത്വവും ഉള്ളവർ അടങ്ങിയിരുന്ന് ദൈവം തന്ന കുടുംബത്തെപോറ്റി കിട്ടിയ ജോലിയും വിശ്വസ്തതയോടെ ചെയ്ത് ദൈവം ഏല്പിച്ച ശുശ്രൂഷയും ചെയ്ത് സ്വന്തം കുടുംബത്തെ നന്നായി ഭരിച്ച് തലമുറയൊക്കെ വഴിതെറ്റി പോയിട്ടുണ്ടെങ്കിൽ അവർ മറുതലിച്ചും, അനുസരണക്കേടുമായി അകന്ന് പോകുന്നെങ്കിൽ അതിനെ ഒക്കെ ഓർത്ത് ഉപവസിച്ച് പ്രാർത്ഥിച്ച് നേരെയാക്കി ഇതാ ഞാനും നീ എനിക്ക് തന്ന കുടുംബവും എന്ന് പറഞ്ഞ് ധൈര്യത്തോടുകൂടി ദൈവസന്നിധിയിൽ നില്ക്കുവാനും ഇതുവരെ ചെയ്തതിനെല്ലാം പ്രതിഫലം ഏറ്റുവാങ്ങുവാനും നാഥന്റെ മുമ്പിൽ നില്ക്കുവാൻ ഏവരും തയ്യാറാകട്ടെ. സഹോദരനെ നിസ്സാരനെന്ന് ചൊല്ലിയാൽ പോലും അഗ്നി നരകമാണ് കിട്ടുന്നതെങ്കിൽ വ്യാജ പ്രചരണങ്ങളും ഊമകത്തുകളും, ഒക്കെ ആത്മീയ ഗോളത്തിൽ ഇന്ന് അധികമായിരിക്കുന്നു. ഇതിന്റെ ഒക്കെ ഉറവിടം എവിടെനിന്ന് എന്നതിൽ വായനക്കാർക്ക് ആശങ്കയുണ്ട്. വാക് പോരും സാഹിത്യരചനാ യുദ്ധങ്ങളും വെല്ലുവിളികളും മതിയാക്കുക എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കുവാൻ ഉത്സാഹിക്കുക. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല. കൂട്ടു സഹോദരനെ ശുദ്ധീകരിക്കുവാൻ സ്വീകരിക്കുന്ന മാർഗ്ഗവും ശുദ്ധമായിരിക്കട്ടെ. തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ച് ശുദ്ധീകരിക്കുവാൻ ആവേശം കാണിക്കുന്നവർ വലിയ കുടുക്കിലും കെണിയിലും അകപ്പെടും. നല്ല താല്പര്യങ്ങൾ നേടുവാൻ തെറ്റായ മാർഗ്ഗം ഒരു ക്രിസ്തുഭക്തൻ ഒരിക്കലും സ്വീകരിക്കരുത്. പൊതുജനം കഴുതകളല്ല. അവർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കൊടുക്കണം. സാധിക്കുന്നില്ല എങ്കിൽ അടങ്ങിയിരിക്കുക. ഉള്ള മാനം കളയരുത്.

**വസ്തു വില്പനയ്ക്ക്**

**തിരുവല്ല:** കറ്റോട് ഭാഗത്ത് 3 bedroom സംവിധാനമുള്ള വീടും 9 സെന്റ് സ്ഥലവും വില്പനയ്ക്ക്. തിരുമൂലപുരത്ത് 14½ സെന്റ് വസ്തു വില്പനയ്ക്ക്.

**Ph: 8281044437**

**അടൂർ:** മണക്കാല ജംഗ്ഷനടുത്ത് 41 സെന്റ് വസ്തു വില്പനയ്ക്ക്.

**Ph: 8281044437**

Visit / Tourist Visas to:
OMAN, UAE, SAUDI
QATAR, BAHRAIN
Tour Packages, Hotel Bookings, Air Tickets...

crystal
Travel & Tourism
Kumbanad, Thiruvalla
Tel : 9447168080, 0469 2668485
Email : crystaltrips@gmail.com



ജോൺസൺ കണ്ണൂർ,
9847518230



# കുഞ്ഞാട്

വേദപുസ്തകത്തിൽ പല ഭാഗങ്ങളിലായി നിറഞ്ഞുനില്ക്കുന്ന ഒരു ജീവിയാണ് ആട്.

മനുഷ്യജീവിതവുമായി അഭിവാജ്യമായ ഒരു ബന്ധം ആടിനുണ്ട്. ആടിന്റെ ചില പ്രത്യേകതകളും ബൈബിളിൽ ആടിനെപ്പറ്റിയുള്ള ചില പരാമർശങ്ങളും ചുവടേ ചേർക്കുന്നു.

* ഇടയന്റെ സ്വരം തിരിച്ചറിയുന്ന മൃഗമാണ് ആട്. അതിന്റെ യജമാനൻ അവയ്ക്കിട്ടിരിക്കുന്ന പേര് വിളിക്കുന്ന മാത്രയിൽ വിളി കേട്ടെന്ന് അറിയിക്കാൻ ശബ്ദമുണ്ടാക്കും. ഭാഷ അറിയില്ല. സംസാരിക്കാൻ അറിയില്ല. എന്നാൽ മേ.......... എന്നുള്ള ശബ്ദത്തിൽ യജമാനന് കാര്യം മനസ്സിലായി. ആ ശബ്ദം കേൾക്കുമ്പോൾ യജമാനന് വലിയ സന്തോഷമാണ്. കർത്താവ് പറയുന്നു: "ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ച് പുറത്ത് കൊണ്ടുപോകുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു (യോഹ. 10:3). നമ്മുടെ കർത്താവ് പേർ ചൊല്ലി വിളിക്കുന്ന ഇടയനാണ്. എന്നാൽ ദൈവശബ്ദം നാം തിരിച്ചറിയണം. പലർക്കും അത് കഴിയുന്നില്ല. പലരേയും വിളിച്ചിട്ട് ചെവി സ്വിച്ച് ഓഫ് ആയിപ്പോയ മട്ടാണ്. ചെവി ഉള്ളവൻ കേൾക്കട്ടെ എന്നാണ് കർത്താവ് പറയുന്നത്.

ദൈവശബ്ദത്തിനായി കേട്ടു അനുസരിച്ചു. ദൈവശബ്ദം കേട്ടു കഴിഞ്ഞാൽ തമ്പുരാൻ പറഞ്ഞിട്ടുള്ളത് നടപ്പിൽ വരുത്തുവാൻ മറ്റാരുടേയും അനുവാദം ചോദിക്കരുത്. നോഹ ദൈവിക ആലോചനയുടെ മുമ്പിൽ ചെറിയ കുട്ടിയെപ്പോലെ അനുസരിച്ചു. യഹോവയുടെ ന്യായപ്രമാണം രാപ്പകൽ ധ്യാനിക്കുന്നവന് മാത്രമേ ദൈവശബ്ദം കേൾക്കുവാൻ കഴിയൂ. ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നവർക്കേ അവന്റെ ശബ്ദം കേൾക്കാൻ സാധിക്കൂ. ഇടയന്റെ ശബ്ദം പോലെ അനുകരിച്ച് ചിലർ വരും. അവരെ തിരിച്ചറിയണം.

"ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ച് കൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തു വരും; അവരെ അനുഗമിക്കരുത്." (ലൂക്കോ. 21:8).

യഹോവ മോശയോട്: നീ എന്റെ അടുക്കൽ പർവ്വതത്തിൽ കയറി വന്ന് അവിടെ ഇരിക്ക. മേഘം ആറു ദിവസം അതിനെ മൂടിയിരുന്നു. അവൻ ഏഴാം ദിവസം മേഘത്തിന്റെ നടുവിൽ നിന്നു മോശയെ വിളിച്ചു.... (പുറ. 24:16). ദൈവശബ്ദത്തിനായി കാത്തിരിക്കണം. മടത്തുപോകരുത്. ദൈവപ്രവർത്തിക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ച് പോകുകയില്ല.

* വൃത്തിയും വെടിപ്പുമുള്ളതാണ് ആട്. പന്നി ചെളി കാണുമ്പോൾ അതിൽ കിടന്ന് ഉരുളും. അതേസമയം ആട് അല്പം ചെളി പറ്റിയാൽ ഏതെങ്കിലും പുല്ലിലോ മരത്തിലെ ഉരുമ്മി അത് കളയുവാൻ പരിശ്രമിക്കും. അഴുക്കിലോ ചതുപ്പിലോ വീണാൽ കരയും. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" ഇതാണ് വചനം പറയുന്നത്.

അശുദ്ധിയിൽ തുടരാനായിരുന്നെങ്കിൽ വിശുദ്ധിയിലേക്ക് കൊണ്ടുവരണ്ടായിരുന്നല്ലോ. വിശുദ്ധൻ തന്നെ തന്നെ വിശുദ്ധീകരിക്കട്ടെ. അഴുക്കുള്ളവൻ അഴുക്കാടട്ടെ. ഇന്ന് ലോകത്തിന്റെ മാലിന്യം ഇഷ്ടപ്പെടുന്നവർ വിശ്വാസികൾ എന്ന് പറയപ്പെടുന്നവരിൽ പെരുകി. കറ, ചുളുക്കം, മാലിന്യം എന്നിവയില്ലാത്ത നിഷ്കളങ്കയായ മണവാട്ടിയെ ചേർക്കുവാനാണ് കർത്താവ് വരുന്നത്. വിശുദ്ധ ജീവിതത്തിന് പ്രാധാന്യം കൊടുക്കാത്ത ക്രിസ്തീയ ജീവിതം അർത്ഥശൂന്യമാണ്. ബാഹ്യമായ വിശുദ്ധിയല്ല, അകമേയുള്ള വിശുദ്ധിയാണ് ആവശ്യം. "ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം" എന്നാണ് (1 പത്രോ. 1:19). ഹൃദയത്തിന്റെ നിഷ്കളങ്കതയാണ് ദൈവം നോക്കുന്നത്. ജീവിതവിശുദ്ധിയും ഉപദേശവിശുദ്ധിയും ഒരുപോലെ കൊണ്ടുപോകുന്നതാണ് വിശുദ്ധി. "പണ്ട് നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രോ. 1:15).

"നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിയിരിക്കട്ടെ (സഭാ. പ്ര. 9:8).

* വഴിതെറ്റിപ്പോകുന്ന സ്വഭാവം ഈ ജീവിക്കുണ്ട്.

പട്ടിയെ വളരെ ദൂരെ കൊണ്ടുവിട്ടാലും മണത്തറിഞ്ഞ് വീട്ടിലെത്തും. എന്നാൽ ആട് വഴിതെറ്റിപോയാൽ അലച്ചുകൊണ്ട് നടക്കുകയേയുള്ളൂ. ഒരാൾ നിയന്ത്രിച്ചില്ലെങ്കിൽ തോന്നിയിടത്തോട്ട് പോകും. "നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു." നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു (യെശ. 53:6). ഇടയനില്ലാത്ത ആടുകളെപ്പോലെ യേശു ജനത്തെ കണ്ടു. വഴിയറിയാതെ വലഞ്ഞ മാനവജാതിക്ക് സാക്ഷാൽ വഴിയായവൻ ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്ന് ഉറക്കെ പ്രഖ്യാപിച്ചു. ഇവിടെ ജനിച്ച മഹാന്മാരും ഗുരുക്കന്മാരും അവതാരങ്ങളും മതങ്ങളും വഴി പറഞ്ഞുകൊടുത്തു. എന്നാൽ യേശു സാക്ഷാൽ വഴിയായി വെളിപ്പെട്ടു. നിത്യജീവങ്കലേക്കുള്ള വഴി. വെളിച്ചത്തിന്റെ വഴി, തികവുള്ള വഴി, യേശു മാത്രം. വഴി പറഞ്ഞുകൊടുത്തതുകൊണ്ട് പ്രയോജനമില്ല. വഴിയായവൻ കൂടെ വരണം. ദൈവത്തിന്റെ വഴിയിൽ നിന്ന് ട്രാക്ക് വിട്ട് യാത്ര ചെയ്യുന്ന ആടിനെ ഇടയൻ വടികൊണ്ട് യഥാർത്ഥ വഴിയിലേക്ക് എത്തിക്കും. ചിലരൊക്കെ വഴിവിട്ട് യാത്ര ചെയ്യുമ്പോൾ ചെറിയ ശിക്ഷകൾ നല്കി നേർവഴിയിൽ മടക്കികൊണ്ടുവരും.

* ഇടയന്റെ ഒപ്പം നടക്കുകയും അനുഗമിക്കുകയും ചെയ്യുന്ന സ്വഭാവം ഇതിനുണ്ട്. പശുവിനും എരുമയ്ക്കും പോത്തിനും ഒന്നുമില്ലാത്ത ഒരു പ്രത്യേക സ്വഭാവം. ഇടയൻ നടത്തുന്ന ഏതു വഴികളിലൂടെയും മടിപറയാതെ നടക്കുന്നതാണ് ആടിന്റെ രീതി. ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും (യെശ. 40:11).

നമ്മുടെ ഇടയൻ പല സന്ദർഭങ്ങളിലും തോളിൽ വഹിക്കുകയായിരുന്നു. ഇല്ലെങ്കിൽ പണ്ടേ നമ്മൾ ചരിത്രത്തിൽ നിന്ന് തുടച്ച് നീക്കപ്പെടുമായിരുന്നു. ഇടയൻ, ഒപ്പം നടന്നാൽ തന്റെ സ്വരം കേൾക്കാം. തലോടൽ അനുഭവിക്കാം. ഇടയന്റെ സാന്നിധ്യവും സമീപ്യവും ആടിന് ആശ്വാസം പകരുന്നതാണ്. ഒരു സുരക്ഷിതാ ബോധം ഉണ്ടാവും. ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു; മോശ, നോഹ, അബ്രഹാം, യോസേഫ് തുടങ്ങി നിരവധി പേർ ദൈവത്തോടുകൂടെ നടന്ന ചരിത്രം ബൈബിളിൽ കാണാം.

കടുംതൂക്കായ മലഞ്ചെരുവിൽക്കൂടെ താഴ്‌വരകളിലേക്കു ആടുകളെ നടത്തിക്കൊണ്ടുപോകുന്ന ഇടയന്റെ ചിത്രമാണ് 23-ാം സങ്കീർത്തനത്തിൽ കാണുന്നത്. ഈ പാതയുടെ ഒരുവശത്ത് കടുംതൂക്കായ മലഞ്ചെരിവും മറുവശത്ത് ചാഞ്ഞു നില്ക്കുന്ന വലിയ പാറക്കെട്ടുകളുമാണ് ഉള്ളത്. മദ്ധ്യാഹ്നത്തിൽ പോലും ഈ പാതയിൽ വലിയ അന്ധകാരമാണ്. ഒരു ചുവടു തെറ്റിയാൽ വളരെ അഗാധത്തിലേക്കു വീണുപോകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിലൂടെ ഇടയനെ അനുഗമിക്കുന്നവർക്ക് പച്ചയായ പുൽപുറങ്ങളിൽ എത്തുവാൻ കഴിയും.

* രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതിരുന്ന ആട്

പാലസ്തീനിൽ ആടിന്റെ രോമം കത്രിക്കുന്ന ദിവസം വലിയ ഉത്സവമാണ്. ഇന്നത്തെ പോലെ ആധുനികമായ ഉപകരണങ്ങൾ ഇല്ലാതിരുന്ന കാലത്ത് കത്തി കൊണ്ടാണ് രോമം കത്രിച്ച് എടുത്തിരുന്നത്. രോമം എടുക്കുമ്പോൾ ശരീരത്തിൽ ചെറിയ പോറൽ ഉണ്ടാകും. രക്തം പൊടിഞ്ഞു വരും. നീറ്റലും വേദനയും ശരീരത്തിൽ ഉണ്ടാകും. ഇവ സഹിച്ച് മിണ്ടാതിരിക്കും. കഴുത്തിന് കത്തി വയ്ക്കുമ്പോഴും രോമം കത്രിക്കുമ്പോഴും ഉടമസ്ഥനെ നക്കുന്ന കുഞ്ഞാട് യേശുവിന്റെ പ്രതീകം ആയിരുന്നു. 1 പത്രോസ് 1:18-ൽ ക്രിസ്തു എന്ന നിഷ്കളങ്കവും നിർദ്ദോഷവുമായ കുഞ്ഞാടിനെ കുറിച്ച് പറയുന്നു. 36 പ്രാവശ്യം വേദപുസ്തകത്തിൽ യേശുക്രിസ്തുവിനെ കുഞ്ഞാട് എന്നു പറഞ്ഞിട്ടുണ്ട്. വെളിപ്പാട് പുസ്തകത്തിൽ മാത്രം 28 പ്രാവശ്യം കുഞ്ഞാടിനെ കാണുന്നു. യോഹന്നാൻ (വെളി. 5:6). കഴുത്ത് അറുക്കപ്പെട്ട കുഞ്ഞാട് നിൽക്കുന്നതായി കാണുന്നു. എല്ലാ മതസ്ഥാപകന്മാരും മരിച്ചു. എന്നാൽ ഈ അറുക്കപ്പെട്ട കുഞ്ഞാട് ഇന്നും ജീവിക്കുന്നു. ജീവിതത്തിലെ പരിശോധനകളിൽ പതറാതെ പിറുപിറുക്കാതെ, ദൈവത്തെ ചോദ്യം ചെയ്യാതെ മൗനമായിരിക്കാൻ നമുക്ക് കഴിയാറുണ്ടോ? യേശുവിന്റെ പുറം ഉഴവുചാലുപോലെ ഉഴുതു മറിക്കുമ്പോഴും മുഖത്തടിക്കുമ്പോഴും, തുപ്പുമ്പോഴും മിണ്ടാതിരിക്കുന്ന കർത്താവിനെ കാണാം. നമ്മളും ഇപ്രകാരം ആയിരിക്കണമെന്ന് സ്വർഗ്ഗം ആഗ്രഹിക്കുന്നു. ക്രിസ്തു നിമിത്തം എല്ലാം സഹിക്കുന്നവരെ ഇന്നും ആവശ്യമുണ്ട്. കഷ്ടതയുടെ കടും ശോധനയിൽ ദൈവത്തെ മുറുകെ പിടിക്കുന്നവരാകുക. വിലപിടിപ്പുള്ള കമ്പിളി വസ്ത്രങ്ങൾ ഈ രോമത്തിൽ നിന്ന് ഉണ്ടാകുന്നു. അത് അനേകരെ തണുപ്പിൽ നിന്ന് രക്ഷിക്കുന്നു. അനേകരുടെ ഉദ്ധാരണത്തിനും, വിടുതലിനുമായ് നമ്മെ ഉപയോഗിക്കേണ്ടതിന് ദൈവം ഒരുക്കുകയാണ്. ആയതുകൊണ്ട് മൗനമായിരുന്ന് ദൈവസന്നിധിയിൽ സമർപ്പിക്കാം.

* ആടിന് ഓടി രക്ഷപ്പെടുവാൻ അറിയില്ല. ജീവരക്ഷാർത്ഥം കരയാൻ മാത്രം അറിയാം. ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആട് എത്ര ഓടിയാലും ശത്രു കീഴ്പ്പെടുത്തും. ഇടയന്റെ സംരക്ഷണം കൂടിയേ തീരൂ.

ശത്രുവിനെ കണ്ട് തിരിഞ്ഞ് ഓടുന്നവരല്ല, അഭിഷേകത്തിന്റെ ശക്തിയോടെ നേരിടുകയാണ്. നമ്മെ അയച്ചവൻ വിശ്വസ്തനാണ്. നമ്മുടെ ജീവൻ അവന്റെ ഭണ്ഡാരത്തിൽ കെട്ടപ്പെട്ടിരിക്കുകയാണ്. കാൽവറിയിലെ സ്നേഹത്തിന്റെ മുമ്പിൽ പലരും പത്തിമടക്കിയിട്ടുണ്ട്. ചെന്നായുടെ മുമ്പിലേക്ക് അയച്ചിട്ട് കർത്താവ് മാറി നില്ക്കുകയല്ല. കാനം അച്ചന്റെ ഭാഷയിൽ "ആത്മീക ജീവിതത്തിൽ സാത്താൻ അവന്റെ വിഷപ്പല്ലുകൾ മുഴുവൻ കാട്ടിയെന്നുവരാം. ചില സമയങ്ങളിൽ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നത് കാണാറുണ്ട്. നാം സങ്കല്പിക്കുന്ന ഭീകരരൂപങ്ങൾ അവയിൽ നമുക്ക് കാണാൻ കഴിഞ്ഞേക്കാം. എന്നാൽ ഒരു കാറ്റ് അന്തരീക്ഷത്തിൽ വീശി അടിക്കുമ്പോൾ ആ ഭീകര രൂപങ്ങളെല്ലാം മാഞ്ഞുപോകുന്നു. ദൈവകൃപയുടെ തുണയുണ്ടെങ്കിൽ ഏത് പ്രതിബന്ധ വൈതരണികളെയും നമുക്ക് നിഷ്പ്രഭമാക്കാൻ കഴിയും.

* വെള്ളം കൊടുത്താൽ അപ്പുറം ഇപ്പുറം നോക്കാതെ കണ്ണടച്ച് തല പാത്രത്തിൽ താഴ്ത്തി ഒറ്റ കുടിയാണ്. ഇഷ്ടപ്പെട്ട പിണ്ണാക്കും കാടിയുമാണെങ്കിൽ പറയുകയും വേണ്ട. എന്നാൽ പട്ടി ശത്രു ഉണ്ടോ എന്ന് മൊത്തത്തിൽ നോക്കിയിട്ടേ കുടിക്കൂ. അതുകൊണ്ടാണ് യുദ്ധത്തിന് പട്ടി നക്കിക്കുടിക്കുന്നതുപോലെ കുടിക്കുന്നവരെ മതിയെന്ന് ദൈവം ഗിദയോനോട് പറയുന്നത്. ഈ ലോകസുഖങ്ങളുടെ, സമ്പത്തിന്റെ, ആർഭാടങ്ങളുടെ വെള്ളത്തിൽ തല താഴ്ത്തരുത്. ചിലർക്ക് ഇതൊക്കെ കണ്ടാൽ പിന്നെ കണ്ണ് കാണത്തില്ല. നമ്മുടെ കാഴ്ചപ്പാട് മങ്ങിപ്പോകരുത്. നമ്മൾ യുദ്ധക്കളത്തിലാണ്. ജഗരൂകരായിരിക്കണം. കോട്ടകാക്കണം, സർവ്വായുധവർഗ്ഗം ധരിക്കണം. ഇവിടുത്തെ ഒന്നിലും മനസ്സ് ഇറങ്ങിപ്പോകരുത്. നോട്ടം നിത്യതയിലേക്കായിരിക്കണം.

* യാഗമാകുന്ന ആട്

പഴയനിയമ കാലത്ത് കാളയോ ആടോ യാഗത്തിന് ഉപയോഗിക്കുമായിരുന്നത് ഊനമില്ലാത്തതായിരിക്കണം. ആണായിരിക്കണം. ആദ്യം ഒരു കൂട്ടം പുരോഹിതന്മാർ ഈ മൃഗത്തെ പരിശോധിക്കും. കിടത്തി നോക്കി നടത്തി നോക്കി കാതും കണ്ണും മൂക്കും നാക്കും കാലും കയ്യും എല്ലാം പരിശോധിച്ച് ഇത്ര കിലോ മാംസം ഉണ്ടെന്ന് കണക്കാക്കി. യാഗത്തിന് പൂർണ്ണമായും യോഗ്യനാണെന്ന് സർട്ടിഫിക്കറ്റ് നൽകും. അതിനു ശേഷം അടുത്ത സെക്ഷൻ പുരോഹിതന്മാർക്ക് കൈമാറും. പെട്ടെന്നു തന്നെ യാഗമൃഗത്തെ അവർ പാകപ്പെടുത്തി യാഗപീഠത്തിൽ കയറ്റും. ദൈവസന്നിധിയിൽ നമ്മെത്തന്നെ യാഗമാക്കുന്നതാണ് ആരാധന. യാഗമൃഗത്തെ ഖണ്ഡം ഖണ്ഡമായി നുറുക്കണം. അകത്തെന്തെങ്കിലും കുഴപ്പമുണ്ടോയെന്ന് നുറുക്കിനോക്കിയാലേ അറിയാൻ കഴിയൂ. പ്രതിസന്ധികൾ, രോഗങ്ങൾ എന്നിവയിലൂടെ നമ്മെ ചിലപ്പോഴൊക്കെ നുറുക്കിനോക്കും. അപ്പോൾ ഊനം കാണരുത്. ലോകസ്ഥാപനത്തിനുമുമ്പേ അറുക്കപ്പെട്ട കുഞ്ഞാടാണ് ക്രിസ്തു. ലോകസ്ഥാനപത്തിന് മുമ്പേ അവൻ നമ്മെ തെരഞ്ഞെടുത്തു. ഒരിക്കൽ സാധു സുന്ദർസിംഗ് ഇപ്രകാരം പറഞ്ഞു "ക്രിസ്തുവിനുവേണ്ടി മരിക്കുന്നത് എളുപ്പവും ജീവിക്കുന്നത് പ്രയാസവുമുള്ള കാര്യമാണ്. ക്രിസ്തുവിനായി മരിക്കാൻ ഒന്നോ രണ്ടോ മണിക്കൂറുകളേ എടുക്കൂ. എന്നാൽ ക്രിസ്തുവിനായി ജീവിക്കുന്നതിന് ദിവസവും മരിക്കുകതന്നെ വേണം." "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിലെപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് ജീവിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശു നിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു." (2 കൊരി. 4:11).

യേശുവും സുവിശേഷവും നിമത്തം സുഖിമാന്മാരായി പേരും പ്രശസ്തിയും പണവും പരിവാരവുമൊക്കെയായി നടക്കുന്നതാണ് പലരും പ്രതീക്ഷിക്കുന്നത്. അവരെക്കൊണ്ട് പൗലോസ് മേൽ പറയുന്ന കാര്യം സാധ്യമല്ല. നിത്യതയുടെ ദർശനം അകത്തു കിട്ടിയവർക്കേ അതിനു കഴിയൂ. തന്റെ ജീവനെ കളയുന്നവൻ അതിനെ നേടും. എന്നുവെച്ചാൽ നിത്യജീവനെ നേടും എന്നാണ്. മാത്രമല്ല നിത്യജീവനെ മുറുകെപിടിച്ചുകൊൾക എന്നാണ് 1 തിമൊ. 6:12. (പി.ഒ.സി. പരിഭാഷ)

ഇന്ന് ഒരു കൈകൊണ്ട് ഇവിടുത്തെ എല്ലാം വട്ടം പിടിക്കുകയും മറുകൈകൊണ്ട് യേശുവിനെ പിടിക്കുകയുമാണ്. അങ്ങനെയുള്ളവർക്ക് യാഗമാകുവാൻ കഴിയില്ല. രണ്ടു കൈയും കൊണ്ട് മുഴുവൻ ആയവും എടുത്ത് പിടിച്ചെങ്കിലേ മുറുകെ പിടിക്കുവാൻ കഴിയൂ. യാഗപീഠത്തിന്റെ കിഴക്ക് ചാരമാണ്. ചാരത്തിന് പ്രത്യേകിച്ച് ഒന്നും അഭിമാനിക്കാനില്ല. കൊമ്പും കുളമ്പും കളറും എടുപ്പുമില്ല. മാത്രമല്ല ചാരം മറ്റുപലതിനും വളമായിട്ട് ഉപയോഗിക്കുന്നതാണ്. മറ്റൊരുവന്റെ ഉയർച്ചയിൽ നമുക്ക് സന്തോഷിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ ഇതുവരെ യാഗമായിട്ടില്ല. ലോകത്തിന്റെ മാലിന്യങ്ങൾ നമ്മിൽ കടന്നുകൂടാതവണ്ണം നമ്മെ യാഗമാക്കണം. യാഗപീഠത്തിൽ വെട്ടിനുറുക്കപ്പെട്ട മൃഗത്തിന് വികാരങ്ങളോ വിചാരങ്ങളോ ഇല്ല. യാഗം കഴിക്കുന്നവന്റെ ഇഷ്ടപ്രകാരം അത് കിടക്കുന്നു. ഇതുപോലെ നാം ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നവരായി യാഗമായിത്തീരുമ്പോൾ നമ്മുടെ ഇഷ്ടങ്ങൾക്കൊന്നും ഒരു പ്രാധാന്യവും ഇല്ല. നമ്മെ ക്രിസ്തുവിനുവേണ്ടി സമർപ്പിച്ചിരിക്കുന്നു എന്ന ചിന്ത ഭരിച്ചാൽ പിശാചിന്റെ അവകാശങ്ങളൊന്നും നമ്മിൽ വിലപ്പോവില്ല.

# സത്യാന്വേഷി

അമേരിക്കൻ യാത്രയിലെ ഒരു വേറിട്ട കാഴ്ച, ദോഹ എയർപോർട്ടിൽ നിന്നും നാലു പാസ്റ്റേഴ്സ് ഖത്തർ എയർവേഴ്സിൽ കയറുവാൻ തയ്യാറെടുക്കുന്നു. ഒരാൾ കുവൈറ്റിൽ നിന്നും മൂന്നു പേർ കേരളത്തിൽ നിന്നും കേരളത്തിൽ നിന്നുള്ള വ്യക്തി ഈ കാലഘട്ടത്തിൽ അറിയപ്പെട്ട ന്യൂ ജനറേഷൻ പ്രസംഗകനാണ്. അദ്ദേഹത്തെ മൂവർ സംഘം ശ്രദ്ധിക്കുന്നുണ്ട്, എങ്കിലും പഴയ ജനറേഷനിൽപ്പെട്ടവരായതുകൊണ്ടായിരിക്കാം അദ്ദേഹം മൂവർ സംഘത്തെ ശ്രദ്ധിക്കുന്നില്ല. പിസിനാക്കിന് പ്രത്യേക ശുശ്രൂഷയ്ക്ക് ക്ഷണിക്കപ്പെട്ട് വന്നതാണ് എന്ന് പിന്നെ അറിയുവാനിടയായി. മൂവർ സംഘത്തിൽ എല്ലാനിലയിലും വീൽ ചെയറിന് അർഹപ്പെട്ട ഒരാൾ ഉണ്ട്. ബാക്കി രണ്ടുപേരും പ്രായം കൊണ്ട് അല്ലെങ്കിലും ശാരീരിക ബലഹീനതകൾ ഉള്ളവരാണ്. ന്യൂ ജനറേഷൻ പാസ്റ്റർ പ്രായം കൊണ്ടും, ആരോഗ്യം കൊണ്ടും വീൽ ചെയറിന്റെ ആവശ്യം ഇല്ലാത്ത ആളാണ്. ഇവിടുത്തെ വേറിട്ട കാഴ്ച അത്ഭുതപ്പെടുത്തിയത് ഇദ്ദേഹം വയ്യാത്ത ഭാവം നടിച്ച് കാലിന് ക്ഷതം ഏറ്റനിലയിൽ ഭാവിക്കുന്നു. വീൽചെയർ അനുവദിക്കുന്നു. സഹായിയായി ഒരാളെ കിട്ടുന്നു. സഹായത്തോടുകൂടി കസേരയിൽ ബുദ്ധിമുട്ടി ഇരിക്കുന്നു. സഹായി ഉന്തിക്കൊണ്ട് പോകുന്നു. രംഗങ്ങൾ മൂവരിൽ ഒരു ദൈവദാസൻ മൊബൈലിൽ പിടിക്കുന്നു. ഇടയ്ക്ക് മൂവർ സംഘത്തെ ഇദ്ദേഹം ക്യൂവിൽ എങ്കിലും കണ്ട ഭാവം നടിക്കുന്നില്ല. പുതിയ ആൾക്കാർക്ക് പഴയ മോഡലുകളെ പൊതുവേ ഇഷ്ടമല്ലല്ലോ. എല്ലാറ്റിനും മുൻഗണന വീൽചെയറിന് ഉണ്ടല്ലോ അതനുസരിച്ച് എല്ലാ നടപടികളും വേഗത്തിൽ നടക്കുന്നു. വീൽചെയറുകൾക്കുള്ള അനൗൺസ്മെന്റ് കേൾക്കുന്നു. സഹായി ഇദ്ദേഹത്തെ ഉന്തി വേഗം പോകുന്നു. ബിസിനസ് ക്ലാസ്സിലാണ് യാത്ര. അതൊക്കെ ഒരു ഭാഗ്യമാണ്. അസൂയപ്പെടുന്നില്ല. മൂവർസംഘവും ആഗ്രഹിച്ചാൽ ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യാം. എന്നാൽ സുവിശേഷപ്രവർത്തനത്തിന് ദൈവമക്കൾ തരുന്നതാകയാൽ പഴയമോഡൽ ദൈവദാസന്മാർക്ക് അങ്ങനെ പണം ചെലവാക്കാൻ ഒരു ഉൾഭീതി. മൂവർസംഘം ഇക്കണോമിയിൽ സാധാരണയാത്ര സീറ്റിലേക്ക് നീങ്ങുന്നു. ഈ പുതിയ മോഡലിന് എന്തു പറ്റി എന്നറിയുവാൻ ജിജ്ഞാസ വളരെ ഉണ്ട് എങ്കിലും മൂവർസംഘത്തിനും, പുതിയ മോഡലിനും മദ്ധ്യേ ഒരു കർട്ടൻ ഉള്ളതുകൊണ്ട് അത് നീക്കി ഉയർന്ന ക്ലാസ്സിലേക്ക് പോയി അന്വേഷണം നടത്തുവാൻ പെട്ടെന്ന് കഴിയുന്നില്ല. പുതിയമോഡൽ ശുശ്രൂഷയുള്ള ആൾ പഴയ മോഡലായ ഞങ്ങളെ ശ്രദ്ധിക്കുന്ന ഭാവം നടിക്കുന്നില്ല. മൂവർസംഘത്തെ ഇദ്ദേഹത്തിന് നന്നായി പരിചയമുള്ളതുമാണ്. ഡാളസ്സിൽ എത്തുമ്പോഴെങ്കിലും വിവരങ്ങൾ ആരായാം എന്ന് കരുതി പോരുമ്പോൾ അത്ഭുതമെന്ന് പറയട്ടെ ഈ പുതിയ മോഡൽ ശുശ്രൂഷകൻ പടക്കുതിരയെപ്പോലെ എല്ലാവർക്കും മുന്നമെ സ്പീഡിൽ നടന്നു പോകുന്നു. ദോഹയിൽ നിന്ന് ഡാളസ്സിലേക്കുള്ള യാത്രാമദ്ധ്യേ ഇദ്ദേഹത്തിന് അത്ഭുത സൗഖ്യം കിട്ടിയതാണോ? അതോ പുതിയ മോഡലുകാർക്ക് ശുശ്രൂഷകളിൽ വളരെ അഭിനയം ഉള്ളതുപോലെ ഇവിടെ വീൽചെയർ കിട്ടാനും എല്ലാറ്റിനും മുൻഗണന കിട്ടുവാനും അഭിനയിച്ചതാണോ? ഏതായാലും പി.സിനാക്കിൽ ദൂരെ കണ്ടപ്പോഴും ആളിന് കുഴപ്പമൊന്നുമില്ല. നല്ല ആരോഗ്യവാനായിരിക്കുന്നു. സുവിശേഷകന്മാർ എന്നറിയപ്പെടുന്നവരുടെ വ്യാജഭാവങ്ങളും ദൈവദാസന്മാർക്ക് ഇഷ്ടപ്പെടുന്നില്ല എന്നതാണ് സാരം. പെന്തെക്കോസ്ത് എങ്കിൽ പെന്തെക്കോസ്ത് അല്ലെങ്കിൽ ലിബറലിസത്തിന്റെ വക്താവ്. ഏതു നിലയിലും അഭിനയിച്ചു വരുന്ന ഈ വ്യക്തി മാസത്തിൽ മൂന്ന് തവണയെങ്കിലും വിദേശനാടുകൾ സന്ദർശിക്കും. ഓസ്ട്രേലിയ, യു.കെ., അമേരിക്ക, ഗൾഫ്, ഇവിടെയൊക്കെ പരമാർത്ഥികളായ ചില പാസ്റ്റർമാർ ക്ഷണിച്ചു കൊണ്ടു പോയി. ഒന്നു രണ്ടു പ്രോഗ്രാം കഴിഞ്ഞപ്പോഴേക്കും ക്ഷണിച്ച ദൈവദാസന്മാർക്ക് സഭയില്ലാതായി. പുതിയ ജനറേഷൻ ശുശ്രൂഷകൻ അവരെയെല്ലാം അടിച്ചു മാറ്റി ഈ സ്ഥലങ്ങളിലെല്ലാം സ്വന്തം സഭകൾ സ്ഥാപിച്ചു. ദൈവദാസന്മാർ പലരും ഇന്ന് വിലപിക്കുകയാണ്. ഇദ്ദേഹത്തിന്റെ ശുശ്രൂഷയുടെ പ്രത്യേകത പണം ഉള്ളവരെ അധികം സ്നേഹിക്കും. അവരുടെ വീടുകളിൽ തുടരെ സന്ദർശകനായിരിക്കും. പ്രാർത്ഥനാ ആവശ്യങ്ങൾക്ക് ചെല്ലുന്നവർ ആരു തന്നെയായാലും പ്രശ്നമില്ല. ആദ്യഭാര്യ ഉപേക്ഷിച്ചു. രണ്ടാമത് കല്യാണം കഴിച്ചവരാണോ ഫിലിം സ്റ്റാർ ആണോ, ധാർമ്മികമായി എത്ര പരാജയപ്പെട്ടവരായാലും പ്രശ്നമില്ല. സുവിശേഷത്തിലെ മാസാന്തരമൊന്നും അവരോടു പറയത്തില്ല. തെറ്റിൽ നിന്ന് മടങ്ങിവരാനുള്ള ആഗ്രഹം ഇല്ല. ഒന്നു മാത്രം യേശു, വിടുതൽ–ഉപദേശപരമായി ഒന്നും ഇല്ല. യേശു സൗഖ്യമാക്കുന്നു, യേശു വിടുവിക്കുന്നു, അത്ഭുതം ചെയ്യുന്നു, മുസ്ലീമായാലും ഹിന്ദു ആയാലും ഏത് ജാതിയിൽ പെട്ടവർക്കും ഏത് അധർമ്മിക്കും വിടുതൽ, രാഷ്ട്രീയ മേഖലയിൽ നില്ക്കുന്നവരാണെങ്കിൽ ആരാധനാമദ്ധ്യേ തന്നെ ആരാധന നിർത്തി അവർക്ക് വേണ്ടി പ്രാർത്ഥിക്കും. വോട്ടിന്റെ കൃത്യമായ കണക്ക് ആത്മാവിന് അറിയില്ല. ഇത്ര ആയിരത്തിൽ കുറയാതെ കിട്ടും എന്ന് മാത്രമേ ആത്മാവിനറികയുള്ളൂ. അതൊക്കെ വിളിച്ചു പറയുകയും ചെയ്യും. 'കടമറ്റത്ത് കത്തനാർ" എന്നറിയപ്പെട്ട ഒരച്ചൻ ഉണ്ടായിരുന്നു. അദ്ദേഹം അത്ഭുതങ്ങൾ കാണിക്കും പറയും, പക്ഷെ അതിനപ്പുറം ഒന്നും ഇല്ല. ഈ പഴയ മോഡൽ ദൈവദാസന്മാർക്ക് ഇതാണ് ദഹിക്കാത്തത്. അവർ ആത്മാക്കളെ നിത്യതയിൽ എത്തിക്കുവാനുള്ള തന്ത്രപ്പാട് കാണിക്കുമ്പോൾ, ആത്മരക്ഷയ്ക്ക് മുൻതൂക്കം കൊടുക്കുമ്പോൾ പിശാചിനെ ഉരുവേറ്റി മിറക്കിൾ നടത്തുന്നവർക്ക് ആത്മരക്ഷയും നിത്യതയും ഒന്നും വിഷയമല്ല. പിശാചിന്റെ ലക്ഷ്യവും അതാണല്ലോ. ഒന്നിനെയും നിത്യതയിൽ കാണരുത്. ഈ ലക്ഷ്യത്തിൽ പിശാചും അത്ഭുതങ്ങൾ നടത്തും. യേശു പറഞ്ഞില്ലേ അങ്ങനെയുള്ള നിങ്ങളെ ഞാൻ അറിയുന്നില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോക. അധർമ്മത്തിന്റെ ആത്മാവിൽ ചെയ്ത അത്ഭുതങ്ങൾ യേശു അറിഞ്ഞില്ല. യേശുവിന്റെ നാമം പറഞ്ഞാണ് മിറക്കിൾ നടത്തിയത് എങ്കിലും യേശുവിന്റെ ആത്മാവല്ല, പിന്നിൽ അധർമ്മത്തിന്റെ ആത്മാവാണ് ഇങ്ങനെയുള്ളവരെ വിട്ടൊഴിയുക. ഉപദേശത്തിൽ നിലനില്ക്കുന്നവന് പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഉണ്ട്. വചനവ്യവസ്ഥ വിട്ട് മിറക്കിൾ നടത്തുന്നവന്റെ കൂടെ പിശാചും അവന്റെ ആത്മാവും ഉണ്ട്. ഇത് തിരിച്ചറിയുവാൻ അനേകർക്ക് കഴിയുന്നില്ല. അറിയപ്പെട്ട ഒരു പെന്തെക്കോസ്ത് പ്രസംഗകനും ഈ ഇടയ്ക്ക് പുതിയ മോഡലിൽ വീണുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു വലിയ കൺവൻഷനിൽ അദ്ദേഹം പരസ്യമായി പറഞ്ഞു. ഞാൻ തയ്യാറാക്കി കൊണ്ടുവന്ന "വചനം" ഇന്ന് മാറ്റി വയ്ക്കുന്നു. നമുക്ക് ഉണർവ്വാണ് ആവശ്യം. തന്റെ സാക്ഷ്യം ആ നാളുകളിൽ ഏതോ ഒരു പുതിയ മോഡൽ തന്റെ സഭയിൽ ചെന്ന് ആരുടേയോ പേര് വിളിച്ചു പറഞ്ഞു എന്നതു മാത്രം. പിശാചിനെ ഉരുവേറ്റിയോന് സാത്താൻ പേര് വെളിപ്പെടുത്തുമെന്ന് ഈ പഴയ മോഡലിന് പിടികിട്ടിയില്ല. മറ്റ് തന്ത്രങ്ങളും പേര് വെളിപ്പെടുത്തുന്ന

(ശേഷം പേജ് 8)

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media
**Wedding Photography & Video Graphy**
www.gracevisualmedia.com

09447255475
09447370979



Direction: HEBORN DAVID (sabu)
Grace Visual Media, Shoranur
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

## വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ



# പാസ്റ്റർ ടി.എം.മാമ്മച്ചൻ

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ**
**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**
**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

**Mob: 9747994276**

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**

## ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജ്ജറി ഒഴിവാക്കാം
പാർശ്വഫലങ്ങളില്ലാത്ത
ആയുർവേദ
ചികിത്സയ്ക്ക്

# നവജ്യോതി
## ആയുർവേദ ഹോസ്പിറ്റൽ

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

### ഹാർട്ട് അറ്റാക്കിന് ഒറ്റമൂലിയുമായി ബിനോയ് വൈദ്യർ തിരുവല്ലയിൽ



**രോഗിക്ക് വൈദ്യനെക്കൊണ്ട് ആവശ്യമുണ്ട് എന്ന ബൈബിൾ വചനം അന്വർത്ഥമാക്കുകയാണ് ബിനോയ് വൈദ്യനും കുടുംബവും.**

പാരമ്പര്യ ഒറ്റമൂലി ചികിത്സകളും നൂതന വൈദ്യശാസ്ത്ര സമീപനങ്ങളും സംയോജിപ്പിച്ച് പാർശ്വഫലങ്ങളില്ലാത്ത തികച്ചും ആയുർവേദവിധിപ്രകാരം പച്ചമരുന്നുകളും ലളിതമായ വ്യായാമങ്ങളും നല്കി എത്ര പഴകിയതും കഠിനമായതുമായ ഹൃദ്രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുന്നത്. ഹൃദയധമനികളിൽ (കൊറോണറി ബ്ലോക്ക്) അടിഞ്ഞകൂടിയ ബ്ലോക്കിനെ പച്ചമരുന്നുകളുപയോഗിച്ച് മാറ്റിയെടുക്കുന്നു. തന്മൂലം രോഗ തീവ്രത ഭേദമാകുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. പ്രമേഹ രോഗികൾക്ക് നിലച്ചുപോയ പാൻക്രിയാസിന്റെ പ്രവർത്തനത്തെ (ഇൻസുലിൻ ഉല്പാദനം) ത്വരിതപ്പെടത്തി മറ്റു മരുന്നുകൾ കൂടാതെതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും ഇദ്ദേഹത്തിന്റെ ആയുർവേദ ചികിത്സയിലൂടെ സാധ്യമാകുന്നു.

യാതൊരു പാർശ്വഫലങ്ങളോ രോഗികൾക്ക് ഭീമമായ പണച്ചിലവോ കൂടാതെ തികച്ചും ഗൃഹാന്തരീക്ഷത്തിൽ സ്വന്തമായി മരുന്നുകൾ തയ്യാറാക്കി വരുന്നു. ഇപ്പോൾ പയ്യന്നൂരിൽ താമസിച്ച് നാച്ചുറോപ്പതിയിലും പാരമ്പര്യ ഒറ്റമൂലി ചികിത്സയിലും പ്രാവിണ്യം നേടിയ ബിനോയി വൈദ്യർ ചികിത്സ നടത്തുന്നു. ഇദ്ദേഹം നിലമ്പൂർ പാലങ്കര സ്വദേശിയും ഏഴിമല അസംബ്ലീസ് ഗോഡ് സഭാ മെമ്പറുമാണ്. തന്റെ വീട്ടിൽ വെച്ചു തന്നെ തികഞ്ഞ പ്രാർത്ഥനയോടെ തയ്യാറാക്കുന്ന മരുന്നുകൾ ഉപയോഗിച്ച് ചിട്ടയായ ക്രമീകരണത്തിലൂടെ ചികിത്സ നടത്തുന്നു. സഹായത്തിനായി ഭാര്യയും മാതാവും പിതാവും. ഇതു കൂടാതെ പഴകിയതും വിട്ടു മാറാത്തതുമായ സോറിയാസിസ്, ഡിസ്ക് തകരാറുകൾ, മൈഗ്രേൻ, പൈൽസ്, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കും അദ്ദേഹം പച്ചമരുന്നുകൾ നല്കി വരുന്നു. അദ്ദേഹത്തിന്റെ ചികിത്സയിലൂടെ സൗഖ്യം ലഭിച്ച അനേകരുടെ സാക്ഷ്യം അത് തെളിവാക്കുന്നു.

**ഡിസ്ക് തകരാറുകൾ**
കാലപ്പഴക്കമേറിയ നടുവേദനമുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട്, രക്തയോട്ടം ഇല്ലായ്മ എന്നിവയ്ക്ക് ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് ചികിത്സിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നു.
ഡിസ്ക് തള്ളൽ നിമത്തം സുഷ്മനാ നാഡിക്ക് ക്ഷതം സംഭവിക്കാനും ഭാവിയിൽ തളർന്നു പോകാനുമുള്ള സാദ്ധ്യത ഏറെയാണ്. രോഗത്താൽ ഭരാപ്പെട്ടവർക്ക് രോഗാവസ്ഥയിൽ പോലും ഞങ്ങളുടെ പ്രത്യേകമായ ബോൺ സെറ്റിംഗ് ചികിത്സയിലൂടെ സുഖമായി മാറി ആശ്വാസം ലഭിക്കുവാനിടയായി എന്നത് സന്തോഷകരമാണ്.

**പ്രമേഹം**
ലോകത്തിലെ അഞ്ച് പേരിൽ ഒരാൾ പ്രമേഹ രോഗിയാണ്.

**ചികിത്സകൾ:**
ഡിസ്ക് തകരാറുകൾക്ക് : ബോൺ സെറ്റിംങ്, ഉഴിച്ചിൽ എന്നീ ചികിത്സകൾ, ര്ക്തധമനികളിലെ കൊഴുപ്പ് (ഹേർട്ട് ബ്ളോക്ക്), കൊളസ്ട്രോൾ, അമിതവണ്ണം, പൈൽസ്, ഷുഗർ, തുടങ്ങിയവയ്ക്കുള്ള സ്പെഷ്യൽ പച്ചമരുന്ന് ചികിത്സകൾ ഇവരുടെ പ്രത്യേകതയാണ്. താരൻ,സോറിയാസിസ്, സ്കിൻ, കൊളസ്ട്രോൾ, ബ്ലെഡ്പ്രഷർ, ആസ്മ, അൾസർ, വെള്ളപോക്ക്, അലർജി, മുടികൊഴിച്ചിൽ, വാതരോഗങ്ങൾ എന്നിവയ്ക്ക് പച്ചമരുന്നുകളും, അംഗീകൃത ഏജൻസിയുടെ മരുന്നുകളും ശ്രീ ബിനോയി വൈദ്യർ നല്കി വരുന്നു.

അത് കേരളീയരുടെ എണ്ണവും ഒട്ടും കുറവല്ല. ജീവിത ശൈലി രോഗത്തിൽ നിന്നും മുക്തി നേടുവാൻ ഏറ്റവും സഹായകരം ആയുവേദ ചികിത്സയാണ്. പാൻക്രീയാസിന്റെ പ്രവർത്തനം നിലച്ചു പോകുന്നതിനാൽ ഇൻസുലീൻ ഉൽപാദനം നിലക്കുന്നതാണ് രോഗത്തിന് കാരണം. അതിനാൽ നിലച്ചു പോകുന്ന പാൻക്രീയാസിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ നല്കുന്നു. നവജ്യോതി ആയുർവേദ ശാലയുടെ ഷുഗർ പൗഡർ വളരെ ശ്രദ്ധേയമാണ്. പാൻക്രീയാസിന്റെ പ്രവർത്തനത്തിനും മറ്റ് ഹോർമ്മോൺതകരാറുകൾക്കും ഉള്ള ചികിത്സകൾ ടൈപ്പ് 1 ടൈപ്പ് 2 പ്രമേഹത്തിനും ഉള്ള ചികിത്സയും ഇവിടെ ലഭ്യമാണ്.

**ബ്ലോക്ക്**
ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ഉണ്ടാക്കുന്ന ബ്ലോക്കുകൾ മാറ്റുവാൻ ലക്ഷങ്ങൾ ചിലവഴിക്കുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുക ആയൂർ വേദത്തിൽ ഇതിന് ഫലപ്രദമായ ചികിത്സയുണ്ട് അത് അധികം പണം മുടക്കില്ലാതെ. ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി ഹൃദയസ്തഭനത്തിനുവരെ കാരണമായേക്കാവുന്ന ബ്ലോക്കുകൾ പച്ചമരുന്നുകൾ ഉപയോഗിച്ച് ലക്ഷങ്ങൾ ചിലവഴിക്കാതെ ഓപ്പറേഷൻ കൂടാതെ പാർശ്യഫലങ്ങളില്ലാതെ പഥ്യത്തോടുകൂടി ചികിത്സിച്ച് സുഖപ്രദമാക്കുന്നു.

**ത്വക്ക് രോഗങ്ങൾ**
സോറിയാസിസ്, തലയിൽ വിട്ടുമാറാത്ത താരൻ, ദേഹമുഴുവൻ വട്ടത്തിലുണ്ടാകുന്ന പാടുകൾ, ചൊറിച്ചിൽ, തൊലിയിളകുക, പരുപരുത്തതാകുക തുടങ്ങിയ ത്വക്ക് രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സകൾ ലഭ്യമാണ്.

**ഹോസ്പിറ്റലിലേക്ക് വിളിക്കേണ്ട നമ്പറുകൾ:**
**09496214000, 09048712570**
**H.O. Payyannoor- Kannur, Br. Thiruvalla**
അമേരിക്കയിൽ ബന്ധപ്പെടേണ്ടുന്ന നമ്പർ :
5168001394

**അവകാശവാദങ്ങളില്ല. അനുഭവങ്ങൾ മാത്രം. ഇതിനോടകം അനേകം ദൈവദാസൻമാരും ദൈവമക്കളും നവജ്യോതി സന്ദർശിച്ച് സൗഖ്യം നേടികഴിഞ്ഞു.**

## നവജ്യോതി ആയുർവേദ ആശുപത്രി, പായിപ്പാട് – തിരുവല്ല

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05-07-2016

2016 JULY

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-07-2016
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18




Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.